02
ആഗസ്റ്റ് 2024
വെള്ളി
1446 മുഹറം 27
1199 കർക്കിടകം 18
പേജ് 10
അബുദാബി

https://gulf-chandrika.com/

ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



## മരണം 290 കവിഞ്ഞു
## 240ലേറെ പേർ കാണാമറയത്ത്

# മനസുടച്ച് മണ്ണ്

കെ.എസ് മുസ്തഫ
മേപ്പാടി

- ദുരന്തഭൂമിയിൽ കരൾ പിളർത്തും കാഴ്ചകൾ
- ഭൂമി നെടുകെ പിളർന്നപോലെ മുണ്ടക്കൈ
- ചാലിയാറിൽ നിന്ന് ഇന്നലെയും നിരവധി മൃതദേഹങ്ങൾ കണ്ടെടുത്തു
- സമാനതകളില്ലാത്ത സഹായ ഹസ്തം
- ബെയ്‌ലി പാലം തുറന്നു, ഇന്ന് മുതൽ തീവ്ര രക്ഷാപ്രവർത്തനം

മരണത്തിന്റെ മരവിപ്പ് മഴയായി പെയ്ത മുണ്ടക്കൈയിലും ചൂരൽമലയിലും മനുഷ്യർക്കായുള്ള തിരച്ചിൽ തുടരുന്നു. ഇന്നലേയും ദുരന്ത മുഖത്ത് നിന്ന് നിരവധി മൃതദേഹങ്ങൾ കണ്ടെടുത്തതോടെ മരണസംഖ്യ ഉയരുമെന്ന ആശങ്ക പെരുകി. പ്രതികൂല കാലാവസ്ഥയായിട്ടും ഇന്നലെയും മുണ്ടക്കൈയിൽ വ്യാപക തിരച്ചിൽ നടത്തി. പുഞ്ചിരിമട്ടം, മുണ്ടക്കൈ മേഖലകളിലായിരുന്നു പ്രധാനമായും തിരച്ചിൽ. ഡോഗ് സ്‌ക്വാഡും വിവിധ കേന്ദ്രസേനാ വിഭാഗങ്ങളും രക്ഷാപ്രവർത്തകരും തിരച്ചിലിൽ പങ്കാളികളായി. ഒടുവിൽ ലഭിക്കുന്ന വിവരം അനുസരിച്ച് 296 പേരുടെ മൃതദേഹങ്ങളാണ് ലഭിച്ചത്. ഔദ്യോഗിക കണക്കനുസരിച്ച് ശരീരഭാഗങ്ങൾ ഉൾപ്പെടെ 252 മൃതദേഹങ്ങളാണ് ഇന്നലെ വരെ പോസ്റ്റുമോർട്ടം നടത്തിയത്. 92 ശരീരഭാഗങ്ങൾ വിവിധയിടങ്ങളിൽ നിന്നായി കണ്ടെത്തി.

ദുരന്തഭൂമിയിൽ നിന്ന് നടുക്കുന്ന കൂടുതൽ ദൃശ്യങ്ങളാണ് ഇന്നലേയും പുറത്തുവന്നത്. മുണ്ടക്കൈയിൽ ഉരുൾപൊട്ടലുണ്ടായപ്രദേശം ഭൂമി നെടുകെ പിളർന്ന പോലെയാണ്. ചാലിയാറിൽ ഇന്നേലേയും നിരവധി മൃതദേഹങ്ങളും ശരീര ഭാഗങ്ങളും ലഭിച്ചു. രാജ്യം ഇതുവരെ കണ്ടതിൽ വച്ച് ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തമായി മാറിയിരിക്കുകയാണ് വയനാട്ടിലേത്.

234 പേരെയാണ് ദുരന്തപ്രദേശത്തുനിന്ന് ഇതുവരെ വിവിധ ആശുപത്രികളിൽ എത്തിച്ചത്. ഇതിൽ 92 പേർ ചികിത്സയിൽ തുടരുന്നു. 142 പേരെ ചികിത്സക്ക് ശേഷം ക്യാമ്പുകളിലേക്ക് മാറ്റി. വയനാട്ടിൽ 87 പേരും മലപ്പുറത്ത് അഞ്ച് പേരുമാണ് ചികിത്സയിലുള്ളത്. 240 പേരെ ഇനിയും കണ്ടെത്താനുണ്ട്. ഇത് നിലവിൽ കാണാനില്ലെന്ന് കാണിച്ച് ലഭിച്ച പരാതികളുടെ കണക്കാണ്. ഇതിനിയും ഉയരാൻ സാധ്യതയുണ്ട്. മരിച്ചവരിൽ 107 പേരെ ബന്ധുക്കൾ തിരിച്ചറിഞ്ഞു. ഔദ്യോഗിക കണക്കുകൾ പ്രകാരം മരിച്ചവരിൽ 81 പുരുഷൻമാരും 70 സ്ത്രീകളും 25 കുട്ടികളും ഉൾപ്പെടുന്നു.

ഇതിനിടെ ചൂരൽമലയേയും മുണ്ടക്കൈയേയും ബന്ധിപ്പിച്ച് സൈന്യം യുദ്ധകാലാടിസ്ഥാനത്തിൽ ഒരുക്കിയ ബെയ്‌ലി പാലം നിർമാണം പൂർത്തിയായി തുറന്നുകൊടുത്തു. ഇതോടെ കൂടുതൽ മണ്ണുമാന്തി യന്ത്രങ്ങൾ എത്തിച്ച് മുണ്ടക്കൈ മേഖലയിൽ ഇന്നുമുതൽ തിരച്ചിൽ കാര്യക്ഷമമാക്കാനാണ് തീരുമാനം.

ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ വയനാട് കലക്ടറേറ്റിൽ സർവ്വകക്ഷി യോഗം ചേർന്നു സ്ഥിതിഗതികൾ വിലയിരുത്തി. യോഗത്തിൽ മുസ്‌ലിംലീഗിനെ പ്രതിനിധീകരിച്ച് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, മുസ്‌ലിംലീഗ് നിയമസഭാ കക്ഷി ഉപനേതാവ് ഡോ. എം.കെ മുനീർ, സി. മമ്മൂട്ടി, കെ.കെ അഹമ്മദ് ഹാജി, ടി. മുഹമ്മദ്, എം. മുഹമ്മദ് ബഷീർ തുടങ്ങിയവർ പങ്കെടുത്തു. ഉച്ചയോടെ ലോക്‌സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പ്രിയങ്കാ ഗാന്ധി, മുസ്‌ലിം ലീഗ് ദേശീയ ഓർഗനൈസിങ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ, കെ.സി വേണുഗോപാൽ, അഡ്വ. എൻ ഷംസുദ്ദീൻ എം.എൽ.എ തുടങ്ങിയവർ ദുരന്തസ്ഥലവും ദുരിതബാധിതരെ പാർപ്പിച്ച മേപ്പാടിയിലെ വിവിധ ക്യാമ്പുകളും സന്ദർശിച്ചു. ഒമ്പതിനായിരത്തിലേറെ പേരെയാണ് ജില്ലയുടെ വിവി ധ ഭാഗങ്ങളിലായി മാറ്റിപ്പാർപ്പിച്ചത്. ഇതിൽ 1700ലധികം പേർ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലാണുള്ളത്.

## ഏഴ് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി

തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ഏഴ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. തൃശൂർ, മലപ്പുറം, കണ്ണൂർ, വയനാട്, കാസർകോട്, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ പ്രഫഷണൽ കോളജുകൾ ഉൾപ്പെടെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമായിരിക്കും.

## ദുരന്ത ഭൂമിയിലെത്തി രാഹുലും പ്രിയങ്കയും

കൽപ്പറ്റ: ഉരുൾപൊട്ടൽ ഉഴുതുമറിച്ച ഭൂമിയിലും ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ടവർ പാർക്കുന്ന ക്യാമ്പുകളിലും ലോക്‌സഭാ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധിയും എ.ഐ.സി.സി ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധിയും സന്ദർശിച്ചു. വ്യാഴാഴ്ച ഉച്ചയോടെയാണ് ഇരുവരും ഉരുൾപ്പൊട്ടൽ ദുരന്തം വിതച്ച ചൂരൽമലയിലെത്തിയത്. ദുരന്തഭൂമിയിലെ സന്ദർശനത്തിന് ശേഷം ഇരുവരും മേപ്പാടിയിലെത്തി. മൃതദേഹങ്ങൾ സൂക്ഷിച്ച മേപ്പാടി കമ്മ്യൂണിറ്റി ഹാളിലെത്തിയ ശേഷം, ഗ്രാമപഞ്ചായത്ത് ഓഫീസിലെത്തി പ്രസിഡന്റും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരോടും സംസാരിച്ചു. തുടർന്ന് ദുരിതാശ്വാസക്യാമ്പുകളിലും, മേപ്പാടി മൂപ്പൻസ് മെഡിക്കൽ കോളജ് ആശുപത്രിയിലും ഇരുവരും സന്ദർശനം നടത്തി. മേപ്പാടി ഗവ. ഹയർസെക്കൻഡറി സ്‌കൂളിലെ ദുരിതാശ്വാസ ക്യാമ്പിലായിരുന്നു ആദ്യമെത്തിയത്. ഇവിടെ കഴിയുന്ന ദുരന്തബാധിതരെ കണ്ട് ആശ്വസിപ്പിച്ചു.

## ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വിപുല സന്നാഹങ്ങളുമായി മുസ്‌ലിംലീഗ്

കൽപറ്റ: വയനാട്ടിലെ രക്ഷാ പ്രവർത്തനത്തിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും വിപുലമായ സജ്ജീകരണങ്ങളുമായി മുസ്‌ലിംലീഗ്. കൺട്രോൾ റൂം തുറന്ന് പ്രത്യേകം ക്യാമ്പ് ചെയ്താണ് മുസ്‌ലിം ലീഗ് നേതാക്കൾ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സംസ്ഥാന കമ്മിറ്റിയുടെയും വയനാട് ജില്ലാ കമ്മിറ്റിയുടെയും മേൽനോട്ടത്തിൽ ദുരന്തമേഖലയിൽ പ്രവർത്തകരും നേതാക്കളും സജീവമാണ്.

യൂത്ത് ലീഗ് വൈറ്റ് ഗാർഡ് വളണ്ടിയർമാർ ആദ്യ ദിവസം മുതൽ രക്ഷാ പ്രവർത്തനത്തിന് കൈ മെയ് മറന്ന് രംഗത്തുണ്ട്. സംസ്ഥാന പ്രസിഡന്റ് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ നിർദേശ പ്രകാരമാണ് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി ഇന്നലെ രാവിലെ പ്രത്യേക യോഗം വിളിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തു.

മുസ്‌ലിംലീഗിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ജീവകാരുണ്യ ആംബുലൻസുകൾ സദാ സജ്ജമായി ദുരന്ത ഭൂമിയിലുണ്ട്. സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആഹ്വാനം ചെയ്ത പുനരധിവാസ പദ്ധതി വിജയിപ്പിക്കുന്നതിന് ശാഖാതലങ്ങളിൽ വരെ പ്രവർത്തകർ സജീവമായി രംഗത്തിറങ്ങിയിട്ടുണ്ട്. പരിശീലനം ലഭിച്ച 70 യൂത്ത് ലീഗ് വൈറ്റ് ഗാർഡ് വളണ്ടിയർമാർ സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെ നിർദേശ പ്രകാരം സർക്കാർ റെസ്‌ക്യൂ ടീമിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. സാധ്യമായ എല്ലാ രീതിയിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മുസ്‌ലിംലീഗ് രംഗത്തുണ്ടാകുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം അറിയിച്ചു.

### ധന സമാഹരണത്തിന് പ്രത്യേക ആപ്ലിക്കേഷൻ

കോഴിക്കോട്: വയനാട് ദുരന്തത്തിൽ അകപ്പെട്ടവരെ സഹായിക്കുന്നതിന് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ആഹ്വാനം ചെയ്ത പുനരധിവാസ പദ്ധതിയിലേക്ക് ഫണ്ട് സമാഹരിക്കുന്നതിന് പ്രത്യേക ആപ്ലിക്കേഷൻ തയ്യാറാക്കും. ഇന്ന് രാവിലെ 10 മണിക്ക് ആപ്പിന്റെ ലോഞ്ചിങ് പാണക്കാട്ട് വെച്ച് സാദിഖലി തങ്ങൾ നിർവഹിക്കും. ധനസമാഹരണം സുതാര്യവും ത്വരിതവുമാക്കുന്നതിന്റെ ഭാഗമായാണ് ആപ്ലിക്കേഷൻ വഴി ഫണ്ട് സ്വരൂപിക്കുന്നത്.

### ഏകോപനത്തിന് പ്രത്യേക സമിതി

കൽപറ്റ: ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും പി.കെ ബഷീർ എം.എൽ.എ കൺവീനറായി മുസ്‌ലിംലീഗ് പ്രത്യേക സമിതിയെ ചുമതലപ്പെടുത്തി. സി. മമ്മൂട്ടി, പി.കെ ഫിറോസ്, ടി.പി ജിഷാൻ, പി. ഇസ്മായിൽ എന്നിവരാണ് സമിതി അംഗങ്ങൾ. ദുരന്ത മേഖലയിൽ ആവശ്യമായ എല്ലാ കാര്യങ്ങളും സജ്ജീകരിക്കുന്നതിനും വൈറ്റ്ഗാർഡ് വളണ്ടിയർമാർക്ക് നിർദേശങ്ങൾ നൽകുന്നതിനും ദുരിതനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായ വിതരണം ക്രോഡീകരിക്കുന്നതിനും സമിതി നേതൃത്വം നൽകും. സമിതി അംഗങ്ങൾ മേപ്പാടിയിൽ ക്യാമ്പ് ചെയ്ത് വയനാട് ജില്ലാ മുസ്‌ലിംലീഗ് കമ്മിറ്റിയുമായി ചേർന്നാണ് ഏകോപനം നടത്തിക്കൊണ്ടിരിക്കുന്നത്.



**തണുത്തുറയാത്ത താങ്ങ്.....**
ജാതിയില്ല, മതമില്ല, രാഷ്ട്രീയമില്ല..., ഉള്ളത് മനുഷ്യത്വം മാത്രം. വയനാട് മുണ്ടക്കൈയിലെ ഉരുൾപൊട്ടൽ ദുരന്തഭൂമിയിൽ നിന്ന് കണ്ടെടുത്ത മൃതദേഹങ്ങളിലൊന്ന് ആംബുലൻസിലേക്ക് മാറ്റുന്ന രക്ഷാ പ്രവർത്തകർ
കെ. ശശി

## സ്വപ്ന വെങ്കലം



50 മീറ്റർ റൈഫിൾ 3 പൊസിഷനിൽ വെങ്കലം വെടിവെച്ചിട്ട് സ്വപ്നിൽ കുശാൽ

08

## ഇത്തിഹാദ് ഓഹരി വിൽപന പരസ്യം വ്യാജം

അബുദാബി: യുഎഇയുടെ ദേശീയ വിമാനക്കമ്പനിയായ ഇത്തിഹാദ് എയർവേയ്സ് ദുബൈ ഫിനാൻഷ്യൽ മാർക്കറ്റിൽ ലിസ്റ്റിങ് നടത്തുന്നതായി പ്രചരിക്കുന്ന സമൂഹ മാധ്യമങ്ങളിലെ പോസ്റ്റുകൾ വ്യാജം. ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇത്തിഹാദിന്റെ ബ്രാൻഡ് മൂല്യം ഉപയോഗിച്ച് നിക്ഷേപകരെ വഞ്ചിക്കുന്നതിനാണ് ഒരു സംഘം നീക്കം നടത്തിയിരിക്കുന്നത്. നിലവിൽ ഇത്തിഹാദ് പ്രാഥമിക ഓഹരി വിൽപന വിപണിയിലേക്ക് എത്തുമെന്ന അനുമാനവും പൂർണ്ണമായി തെറ്റാണ്. ഈ വഞ്ചനാപരമായ പോസ്റ്റുകളെ സംബന്ധിച്ച് അധികൃതർക്ക് പരാതി നൽകിയതായി കമ്പനി അറിയിച്ചു. രാജ്യത്തെ ഫെഡറൽ ഫിനാൻഷ്യൽ ഇന്റലിജൻസ് ഏജൻസിയായ സെക്യൂരിറ്റീസ് ആൻഡ് കമ്മോഡിറ്റീസ് അതോറിറ്റിയും (എസ്‌സിഎ) വ്യാജ നിക്ഷേപ സ്ഥാപനങ്ങളുമായി ഇടപഴകുന്നതിനെതിരെ യുഎഇ നിവാസികൾക്ക് മുന്നറിയിപ്പ് നൽകി.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.80 ₹
1 ഒമാനി റിയാൽ 217.59 ₹
1 സൗദി റിയാൽ 22.31 ₹
1 ഖത്തർ റിയാൽ 22.95 ₹
1 കുവൈത്ത് ദിനാർ 274.01 ₹
1 ബഹ്റൈൻ ദിനാർ 222.19 ₹

### സ്വർണവില

(ഗ്രാമിന് - ദിർഹം)

24 കാരറ്റ് 294.75
22 കാരറ്റ് 272.75
21 കാരറ്റ് 264.25
18 കാരറ്റ് 226.50



ഗൾഫ് വാർത്തകൾ

# രണ്ടു മാസത്തെ പൊതുമാപ്പ് പ്രഖ്യാപിച്ച് യുഎഇ

## വിസ കാലാവധി കഴിഞ്ഞവർക്ക് പിഴയില്ലാതെ രാജ്യം വിടാം

എൻ.എ.എം ജാഫർ
അബുദാബി

രണ്ട് മാസത്തെ പൊതുമാപ്പ് പ്രഖ്യാപിച്ച് യുഎഇ. റസിഡൻസി വിസ കഴിഞ്ഞും ഇവിടെ തങ്ങുന്നവർക്ക് പിഴയില്ലാതെ രാജ്യം വിടാനും വിസ പുതുക്കാനും അവസരം നൽകുന്നതാണ് പുതിയ തീരുമാനം. ഇതിനായി രണ്ട് മാസത്തെ ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. ഫെഡറൽ അതോറിറ്റി ഫോർ ഐഡന്റിറ്റി, സിറ്റിസൺഷിപ്പ്, കസ്റ്റംസ്, പോർട്ട് സെക്യൂരിറ്റി-ഐസിപി യാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയിരിക്കുന്നത്. നിയമലംഘകർക്ക് പിഴയില്ലാതെ നടപടികൾ പൂർത്തിയാക്കുന്നതിന് രണ്ട് മാസത്തെ ഗ്രേസ് പിരീഡ് നൽകാനാണ് തീരുമാനം.

2024 സെപ്തംബർ 1 മുതൽ രണ്ട് മാസം വരെയാണ് പൊതുമാപ്പ് കാലാവധി. പിഴയും നിയമപരമായ പ്രത്യാഘാതങ്ങളും ഒഴിവാക്കുന്നതും നിയമലംഘകരെ ഒന്നുകിൽ അവരുടെ നില ക്രമീകരിക്കാനോ അല്ലെങ്കിൽ രാജ്യം വിടാനോ അനുവദിക്കുന്നത് ഉൾപ്പെടെ ഈ സംരംഭം നടപ്പിലാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും അതോറിറ്റി ഏറ്റെടുക്കും. നിയമലംഘകർക്ക് അവരുടെ സാഹചര്യങ്ങൾ കണക്കിലെടുത്ത് നിയമത്തിന് അനുസൃതമായി അവരുടെ സ്റ്റാറ്റസ് ക്രമപ്പെടുത്തുന്നതിന് ഒരു പുതിയ അവസരം നൽകുക എന്നതാണ് ഈ സംരംഭം ലക്ഷ്യമിടുന്നതെന്നും അതോറിറ്റി വ്യക്തമാക്കി. ഒളിച്ചോടിയ തൊഴിലാളികൾക്കും പൊതുമാപ്പ് പ്രയോജനപ്പെടുത്താം. വ്യക്തികൾക്കും ആശ്രിത വിസയിലുള്ള കുടുംബങ്ങൾക്കും കമ്പനികളിൽ നിന്നോ വീടുകളിൽ നിന്നോ ഒളിച്ചോടിയ തൊഴിലാളികൾക്കും പൊതുമാപ്പ് പ്രയോജനപ്പെടുത്താം.

സെപ്തംബർ 1 മുതൽ തുടങ്ങുന്ന ഇളവ് ഒക്ടോബർ 31നാണ് അവസാനിക്കുക. പൊതുമാപ്പ് ആരംഭിച്ചതിന് ശേഷവും യുഎഇയിൽ നിയമം ലംഘിച്ച് താമസിക്കുന്നവർ പൊതുമാപ്പിന്റെ പരിധിയിൽ വരാനും സാധ്യതയില്ല. മാത്രമല്ല, അതിന് ശേഷം അനധികൃതമായി രാജ്യത്ത് തങ്ങിയവർക്കെതിരെ താമസകുടിയേറ്റ നിയമപ്രകാരം നടപടി സ്വീകരിച്ചേക്കും. നിയമലംഘകരായി യുഎഇയിൽ കഴിയുന്ന ഇന്ത്യക്കാർ സെപ്തംബർ 1 മുതൽ പ്രാബല്യത്തിൽ വരുന്ന പൊതുമാപ്പ് ഉപയോഗപ്പെടുത്താൻ യുഎഇയിലെ ഇന്ത്യൻ അധികൃതർ അഭ്യർഥിച്ചു. താമസ രേഖാ കാലാവധി കഴിഞ്ഞ് രാജ്യത്ത് തുടരുന്നവർക്ക് അത് നിയമവിധേയമാക്കി ഇവിടെ തുടരാനും അല്ലെങ്കിൽ പിഴയോ ശിക്ഷയോ ഇല്ലാതെ നാട്ടിലേയ്ക്ക് മടങ്ങാനുമുള്ള അപൂർവ അവസരമാണ് ലഭിച്ചിരിക്കുന്നതെന്ന് ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് നിസാർ തളങ്കര പറഞ്ഞു. സെപ്റ്റംബർ 1ന് പൊതുമാപ്പ് തുടങ്ങുന്നതിന് മുൻപായി മുൻവർഷങ്ങളിലെ പോലെ ഷാർജ ഇന്ത്യൻ അസോസിയേഷൻ അധികൃതരുടെ നിർദേശപ്രകാരമുള്ള സൗകര്യങ്ങളൊരുക്കുമെന്നും പറഞ്ഞു. ഇതിനായി ആവശ്യമെങ്കിൽ, പ്രവാസികളെ സഹായിക്കാനായി ഷാർജ ഇന്ത്യൻ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഹെൽപ് ഡെസ്ക് സജ്ജീകരിക്കും. നിയമപരമായ കാര്യങ്ങൾക്ക് അസോസിയേഷൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## ആയിരങ്ങൾക്ക് ആശ്വാസമാകും
## സ്വാഗതം ചെയ്ത് പ്രവാസി സംഘടനകൾ

ഗഫൂർ ബേക്കൽ
ഷാർജ

പൊതുമാപ്പ് ആയിരങ്ങൾക്ക് ആശ്വാസമാവും. യുഎഇ ഭരകൂടത്തിന്റെ ഈ പ്രഖ്യാപനത്തെ പ്രവാസി സംഘടനകളും പൊതുസമൂഹവും സ്വാഗതം ചെയ്തു. സെപ്തംബർ ഒന്ന് മുതൽ രണ്ട് മാസത്തെ കാലയളവിലാണ് നിയമ വിരുദ്ധ താമസക്കാർക്ക് യുഎഇ പൊതുമാപ്പ് അനുവദിക്കുക. ഫെഡറൽ അതോറിറ്റി ഫോർ ഐഡന്റിറ്റി സിറ്റിസൺഷിപ്പ്, കസ്റ്റംസ്, ആന്റ് പോർട്ട് സെക്യുരിറ്റിയാണ് പൊതുമാപ്പ് സംബന്ധിച്ച സുപ്രധാന പ്രഖ്യാപനം നടത്തിയത്. ഇന്ത്യക്കാരുൾപ്പെടെ അനേകായിരം പേർ യുഎഇയുടെ വിവിധ ഭാഗങ്ങളിൽ അനധികൃത താമസക്കാരായുണ്ട്. ബംഗ്ലാദേശ്, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ശ്രീലങ്ക തുടങ്ങിയ രാജ്യക്കാർക്കിടയിലും നിയമ വിരുദ്ധ താമസക്കാർ ഏറെ. കുടിയേറ്റ താമസ വകുപ്പ് നിയമം ലംഘിച്ച് കഴിയുന്ന താമസക്കാരെ കണ്ടെത്തുന്നതിന് അധികൃതർ വ്യാപക പരിശോധന ആരംഭിച്ച വാർത്ത കഴിഞ്ഞ ദിവസം 'ഗൾഫ് ചന്ദ്രിക' റിപ്പോർട്ട് ചെയ്തിരുന്നു.

പൊതുമാപ്പ് ആനുകൂല്യം ഉപയോഗപ്പെടുത്തുന്നതിലൂടെ പിഴയോ, ജയിൽ വാസമോ ഇല്ലാതെ നിയമ വിരുദ്ധ താമസക്കാർക്ക് സ്വദേശത്തേക്ക് തിരിക്കാം. വിസ കാലാവധി കഴിഞ്ഞ് യഥാസമയം പുതുക്കാൻ സാധിക്കാത്തതിനാൽ വൻ തുക പിഴയായി കിടക്കുന്ന ആയിരക്കണക്കിന് പേരെ യുഎഇയിൽ കാണാം. പിഴ സംഖ്യ ലക്ഷം ദിർഹമിന് മുകളിലെത്തിയവർവരെയുണ്ട് കൂട്ടത്തിൽ. മറ്റു സാമ്പത്തിക, ഇതര ക്രിമിനൽ കേസുകളിൽ കോടതി നടപടികൾ നേരിടുന്നവർക്ക് പൊതുമാപ്പ് ആനുകൂല്യം ലഭിക്കില്ല. ഇതിന് മുമ്പ് 2013, 2018 വർഷങ്ങളിലാണ് യുഎഇ സമാന രീതിയിൽ പൊതുമാപ്പ് പ്രഖ്യാപിച്ചിരുന്നത്. രണ്ട് മാസം വീതം പ്രഖ്യാപിച്ച പൊതുമാപ്പ് പിന്നീട് ഒരു മാസം കൂടി ദീർഘിപ്പിച്ചു.

ഏതാണ്ട് ഒരു ലക്ഷത്തിലധികം പേർ പൊതുമാപ്പ് ആനുകൂല്യം ഉപയോഗപ്പെടുത്തിയിരുന്നു. കോവിഡ് 19 വ്യാപന പ്രതിസന്ധി കാലത്തും യുഎഇ കാലാവധി കഴിഞ്ഞ വിസ പുതുക്കാനും മറ്റുമായി ഭാഗിക പൊതുമാപ്പും അനുവദിച്ചിരുന്നു. നിയമ ലംഘകർക്ക് സുവർണ്ണാവസരമാണ് പൊതു മാപ്പ്. എന്നാലിതിലൂടെ യുഎഇ ഭരണകൂടം വേണ്ടെന്ന് വെക്കുന്നത് കോടിക്കണക്കിന് ദിർഹമിന്റെ വരുമാനം. കാലാവധി കഴിഞ്ഞിട്ടും വിസ പുതുക്കാതെ രാജ്യത്ത് തങ്ങുന്ന വിദേശികൾ നിയമപ്രകാരം ഓരോ ദിവസത്തിനും പിഴയടക്കണം. ദിവസം കൂടുന്തോറും പിഴ സംഖ്യയും ഉയരും. നാലും അഞ്ചും വർഷമൊക്കെ വിസയില്ലാതെ കഴിയുന്ന അനവധി വിദേശികളുണ്ട് രാജ്യത്ത്. ഇവരിൽ പലരുടെയും പിഴ സംഖ്യ ലക്ഷം ദിർഹമിന് അടുത്ത് വരും. ഇങ്ങിനെയുള്ള അനേകം പേർക്കാണ് പൊതുമാപ്പിലൂടെ പിഴയിളവ് ലഭിക്കുക. കുടുക്കിലായ വിദേശികളോടുള്ള ഉദാര സമീപനമാണ് ഇതിലൂടെ യുഎഇ പ്രഖ്യാപിച്ചിരിക്കുന്നത്. പൊതുമാപ്പ് പൂർണ്ണമായും ഉപയോഗപ്രദമാവുന്നതിന് തൊഴിലാളികൾക്കിടയിൽ വ്യാപക ബോധവത്കരണം അത്യാവശ്യം. തൊഴിലാളി താമസിടങ്ങളിലും തൊഴിലാളികൾ കൂട്ടമായി ഒത്തു കൂടുന്ന മേഖലകളിലുമെല്ലാം വിവിധ ഭാഷകളിൽ പൊതുമാപ്പ് സംബന്ധിച്ച വിവരങ്ങൾ കൈമാറുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാവണം. സന്നദ്ധ സംഘടനകൾക്കും നാട്ടു കൂട്ടങ്ങൾക്കും ഈ രംഗത്ത് ഫലപ്രദമായി ഇടപെടാനും പ്രചരണം നടത്താനും സാധിക്കും. വിവിധ ഭാഷാ പരിജ്ഞാനമുള്ള വളണ്ടിയേഴ്സിനെ ഉപയോഗപ്പെടുത്തി പ്രചരണം നടത്തിലൂടെ നിയമ വിരുദ്ധ താമസക്കാരായ അനേകം പേർക്ക് പൊതുമാപ്പ് ആനുകൂല്യം ഗുണകരമാവും.

### അവസരം ഉപയോഗപ്പെടുത്തുക
### -ഷാർജ ഇന്ത്യൻ അസോസിയേഷൻ


നിസാർ തളങ്കര

ഷാർജ: യുഎഇ പ്രഖ്യാപിച്ച പൊതുമാപ്പ് ആനുകൂല്യം വിസ കാലാവധി കഴിഞ്ഞ് രാജ്യത്ത് അനധികൃത താമസക്കാരായി കഴിയുന്ന മുഴുവൻ ഇന്ത്യക്കാരും ഉപയോഗപ്പെടുത്തണമെന്ന് ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് നിസാർ തളങ്കര പറഞ്ഞു. പലവിധ കാരണങ്ങളാൽ യുഎഇയിൽ അനധികൃത താമസക്കാരായി മാറേണ്ടി വന്നവർക്ക് ഇതൊരു അവസരമാണ്. വിദേശികളോട് യുഎഇ ഭരണകൂടം കാണിക്കുന്ന കാരുണ്യപൂർണ്ണമായ നിലപാടിന്റെ മറ്റൊരു ഉദാഹരമാണ് പൊതുമാപ്പ് പ്രഖ്യാപനമെന്ന് നിസാർ തളങ്കര പറഞ്ഞു. പൊതുമാപ്പ് സംബന്ധിച്ച് ഇന്ത്യൻ തൊഴിലാളികൾക്കിടയിൽ ബോധവത്കരണത്തിന് ഇന്ത്യൻ അസോസിയേഷൻ ഷാർജ വിവിധ സന്നദ്ധ സംഘടനകളുമായി ചേർന്ന് പദ്ധതി തയ്യാറാക്കും. പൊതുമാപ്പ് പ്രയോജനപ്പെടുത്താൻ എത്തുന്നവർക്ക് ഹെൽപ്പ് ഡെസ്ക്ക് സജ്ജീകരിക്കും. ആവശ്യമായ മാർഗ നിർദേശങ്ങളും, നിയമോപദേശങ്ങളും നൽകുന്നതിന് ഈ ഹെൽപ്പ് ഡെസ്ക്കുകളിൽ സംവിധാനമൊരുക്കും. യുഎഇ ഇന്ത്യ സർക്കാർ സംവിധാനങ്ങളുമായി ആലോചിച്ച് ഈ രംഗത്ത് സാധ്യമാവുന്ന എല്ലാവിധ സഹായങ്ങളും ഷാർജ ഇന്ത്യൻ അസോസിയേഷൻ നൽകുമെന്നും നിസാർ തളങ്കര അറിയിച്ചു.

## തുല്യതയില്ലാത്ത അമ്മിഞ്ഞപ്പാൽ വാഗ്ദാനവുമായി ആദ്യമെത്തിയത് കെഎംസിസി അംഗം മൊയ്തു

റസാഖ് ഒരുമനയൂർ
മാനന്തവാടി

കേരളം വിറങ്ങലിച്ചുനിൽക്കെ വയനാട്ടുകാരനായ പ്രവാസിയുടെ ഫേസ്ബുക്ക് പോസ്റ്റ് മലയാളി സമൂഹം ഏറ്റെടുത്തു വൈറലാക്കി. ഇരുനൂറിലേറെ പേരുടെ ജീവൻ കവരുകയും അതിലേറെ പേരെ കാണാതാവുകയും ചെയ്ത വയനാട്ടിലെ പ്രകൃതി ദുരന്തം കേട്ടു വിറങ്ങലിച്ചു നിൽക്കുന്നതിനിടെയാണ് സർവ്വരുടെയും ശ്രദ്ധ നേടിക്കൊണ്ട് മാനന്തവാടി പുളിഞ്ഞാൽ സ്വദേശി കളത്തിൽ മൊയ്തു ഏതെങ്കിലും കുഞ്ഞുങ്ങൾക്ക മുലപ്പാൽ ആവശ്യമുണ്ടെങ്കിൽ തന്റെ ഭാര്യ നൽകാൻ തയാറാണെന്ന ഫേസ് ബുക്കിൽ പോസ്റ്റിട്ടത്. പിന്നീട് പലരും അമ്മിഞ്ഞപ്പാൽ നൽകാനുള്ള സന്മനസ്സുമായി രംഗത്തുവന്നുവെങ്കിലും ആദ്യമായി ഒരു കെഎംസിസി അംഗമാണ് ഏറ്റവും ശ്രദ്ധേയമായ ഈ മഹാദാനവുമായി സോഷ്യൽ മീഡിയയിൽ പോസ്റ്റിട്ടത്. എന്നാൽ അദ്ദേഹം ഒരു മൊബൈൽ നമ്പർ നൽകി എന്നതല്ലാതെ തന്റെ ചിത്രമോ മറ്റു വിവരങ്ങളോ നൽകാൻ തയാറായില്ല.

ഇതിന്റെ പേരിൽ തനിക്കൊരു പബ്ലിസിറ്റിയും ആവശ്യമില്ലെന്നും വാർത്തയൊന്നും നൽകേണ്ടതില്ലെന്നുമാണ് മൊയ്തു 'ഗൾഫ് ചന്ദ്രിക'യോട് പറഞ്ഞത്. നിരവധിപേരാണ് മൊയ്തുവിന്റെ പോസ്റ്റ് ഷെയർ ചെയ്യു


കളത്തിൽ മൊയ്തു

കയും ആ നല്ല മനസ്സിനെ അഭിനന്ദിക്കുകയും ചെയ്തു കൊണ്ട പ്രതികരിച്ചത്. സൗദിഅറേബ്യയിലെ ജിദ്ദയിൽ ഹൗസ് ഡ്രൈവറായി ജോലി ചെയ്യുന്ന മൊയ്തു തന്റെ ജോലിക്കിടിയിലാണ് മാതാവ് നഷ്ടപ്പെട്ട കുഞ്ഞുമക്കളുണ്ടെങ്കിൽ അവർക്ക് അമ്മിഞ്ഞപ്പാൽ നൽകാൻ തന്റെ ഭാര്യ സന്നദ്ധമാണെന്ന മഹത്തായ സന്ദേശം മലയാളിക്ക് നൽകിയത്.

ആവശ്യമുള്ളവർക്ക ബന്ധപ്പെടാമെന്ന അറിയിപ്പുമായി നാട്ടിലെ മൊബൈൽ നമ്പറും നൽകി. മൊയ്തുവിന്റെ ഭാര്യ നുസ്റത്താണ് തന്റെ ഒരുവയസ്സ് പ്രായമുള്ള മകൻ മുഹമ്മദ് റസാന് നൽകുന്ന അമ്മിഞ്ഞപ്പാൽ ദുരന്തത്തിൽ മാതാവ് നഷ്ടപ്പെട്ട ഏതെങ്കിലും കുട്ടികളുണ്ടെങ്കിൽ അവർക്കുകൂടി നൽകാൻ തയാറായിട്ടുള്ളത്. ഇതുസംബന്ധിച്ച പോസ്റ്റ് സോഷ്യൽ മീഡിയ വളരെവലിയ പ്രാധാന്യത്തോടെയാണ് ഏറ്റെടുത്തത്. മൊയ്തുവിന്റെ ഭാര്യാപിതാവ് മാനന്തവാടി പുളിഞ്ഞാൽ സ്വദേശി നാസർ തന്റെ മകളുടെ അറ്റമില്ലാത്ത കരുണ നിറഞ്ഞ മനസ്സിന് കൂട്ടായി ഒപ്പമുണ്ട്. ആരുവിളിച്ചാലും അവർക്കു അമ്മിഞ്ഞപ്പാൽ നൽകാൻ തന്റെ മകളോടൊപ്പം നാസറുണ്ട്. അമ്മിഞ്ഞപ്പാൽ നൽകാൻ മാത്രമല്ല ആവശ്യമെങ്കിൽ ആ കുഞ്ഞുങ്ങളെ ഏറ്റെടുക്കാനും തയാറാണെന്ന നാസറും കുടുംബവും സന്നദ്ധമാണ്. അതേസമയം തന്റെ സാമൂഹിക പ്രതിബദ്ധതയാണ് ഇത്തരം ഒരു പോസ്റ്റിന് പ്രേരിപ്പിച്ചതെന്നും തന്റെ മനസ്സിലുദിച്ച ആശയം ഭാര്യയുമായി പങ്കുവെച്ചപ്പോൾ നിറഞ്ഞ മനസ്സോടെ അവർ തയാറാവുകയായിരുന്നുവെന്നും മൊയ്തു ചന്ദ്രികയോട് പറഞ്ഞു.

## സഹവർത്തിത്വവും പാരസ്പര്യവും




മനുഷ്യർക്കിടയിലെ വൈവിധ്യങ്ങളും വൈജാത്യങ്ങളും സംവിധാനിക്കപ്പെട്ടിരിക്കുന്നത് പരസ്പര തിരിച്ചറിവിനും സുഗമമായ സഹവാസത്തിനുമാണ്. ഒരു ആണിൽ നിന്നും പെണ്ണിൽ നിന്നും മനുഷ്യവംശത്തെ സൃഷ്ടിച്ച് വിവിധ വിഭാഗങ്ങളും ഗോത്രങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയാനാണെന്ന് അല്ലാഹു തന്നെ വിശുദ്ധ ഖുർആനിലെ സൂറത്തുൽ ഹുജറാത്ത് 13ാം സൂക്തത്തിലൂടെ പറയുന്നുണ്ട്. സഹവർത്തിത്വവും പാരസ്പര്യബോധവും മതപരവും സാമൂഹികവുമായ ബാധ്യതയാണ്. സഹവർത്തിത്വത്തിലൂടെ മാത്രമേ നാടിന്റെ സുരക്ഷയും സുസ്ഥിരതയും സാധ്യമാവുകയുള്ളൂ. നാടിന്റെ നിർഭയത്വത്തിനായി ഓരോർത്തരും പ്രത്യക്ഷമായും പരോക്ഷമായും ഇടപെടേണ്ടതുണ്ട്.

പൗരനായാലും താമസ കുടിയേറ്റക്കാരനായാലും ഓരോ വ്യക്തിക്കും വസിക്കുന്ന ദേശത്തിന്റെ ശാന്തി സമാധാനത്തിന്റെ സൂക്ഷിപ്പു ചുമതലയുണ്ട്. ആ നാടിന്റെ ഭരണഘടനയെ ബഹുമാനിക്കണം. നിയമങ്ങളെ മാനിക്കണം. പാരമ്പര്യങ്ങളെയും ആചാര സമ്പ്രദായങ്ങളെയും വിലമതിക്കണം. മാത്രമല്ല തദ്ദേശീയമായ നല്ല ചിട്ടവട്ടങ്ങളെ പകർത്തുകയും ചെയ്യാവുന്നതാണ്. അതാണ് യഥാർത്ഥ സത്യവിശ്വാസിയുടെ ലക്ഷണം. അതുകൊണ്ടാണ് നബി (സ്വ) സത്യവിശ്വാസിയെ തേനീച്ചയോട് ഉപമിച്ചത്. തേനീച്ച അകത്താക്കുന്നതും നല്ലതായിരിക്കും, പുറത്തുവിടുന്നതും നല്ലതായിരിക്കും. എവിടെയിരുന്നാലും ഒന്നിനും ഒരു കേടുപാടോ ദോഷമോ വരുത്തില്ല (ഹദീസ്-അഹ്മദ് 6872).

നാടിന്റെ നന്മക്ക് പ്രഥമ പരിഗണന നൽകണമെന്നാണ് യുഎഇ രാഷ്ട്ര പിതാവ് ശൈഖ് സായിദ് നിർദേശിച്ചിരിക്കുന്നത്. പാരത്രിക ലോകത്തിനായി മതകാര്യവും ഉപജീവനങ്ങൾക്കായി ഭൗതികകാര്യവും നന്മയാർന്നതാക്കണേ എന്ന് നബി (സ്വ) പ്രാർത്ഥിക്കുമായിരുന്നല്ലോ (ഹദീസ്-മുസ്‌ലിം 2720). സത്യവിശ്വാസി നാടിന്റെ സൽപ്പേരിനായി പ്രവർത്തിക്കുകയും നാടിന്റെ ഖ്യാതി നിലനിൽക്കാനാഗ്രഹിക്കുകയും ചെയ്യും. നാമേവരും ഈ നാടിന്റെ പ്രശസ്തിയും കീർത്തിയും ഉയർത്താൻ ഉത്തരവാദിത്വപ്പെട്ടവരെന്നാണ് യുഎഇ രാഷ്ട്രത്തലവൻ ആദരണീയനായ മുഹമ്മദ് ബ്നു സായിദ് പറഞ്ഞിരിക്കുന്നത്. ഇത് പാലിക്കാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. നബി (സ്വ) കുറച്ച് സ്വഹാബികളെ എത്യോപ്യയിലേക്ക് അയക്കുകയുണ്ടായി. രാജ്യപ്രതിനിധികളായി അവർ അവിടെ ചെന്ന് സ്വന്തം നാടുപോലെ മാതൃകാപരമായാണ് പെരുമാറിയത്. സഹവർത്തിത്വത്തോടെയും സഹിഷ്ണുതയോടെയുമാണ് അവർ വർത്തിച്ചത്.

ആരും അധിവസിക്കുന്ന നാട്ടിൽ വെറുപ്പോ വിദ്വേഷമോ വിഭാഗീയതോ ഉണ്ടാക്കരുത്. സ്നേഹത്തോടെയും ബഹുമാനത്തോടെയും ഏവരോടും ഇടപെടണം. നാടിന്റെ സൂക്ഷിപ്പു ബാധ്യത നിർവഹിക്കണം. വിശ്വസിച്ചേൽപിക്കുന്ന കാര്യങ്ങളിൽ ചതി അരുതെന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത് (സൂറത്തുൽ അൻഫാൽ 27).

## അജ്മാനിൽ ഇനി കൂടുതൽ പരിസ്ഥിതി സൗഹൃദ ടാക്സികൾ

അജ്മാൻ: അജ്മാൻ ട്രാൻസ്പോർട്ട് അതോറിറ്റിയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന അജ്മാനിലെ ടാക്സി, ലിമോസിൻ സംവിധാനങ്ങൾ പരിസ്ഥിതി സൗഹൃദ വാഹനങ്ങളുടെ എണ്ണം വർധിപ്പിച്ചു. ഈ വർഷത്തിന്റെ ആദ്യ പകുതിയിൽ 21.4% വർധിച്ചു, 2023ലെ ഇതേ കാലയളവിലെ 1,837ൽ നിന്ന് 2,231 ആയി ഉയർന്നു. 2030 ൽ മുഴുവൻ ടാക്സി വാഹനങ്ങളെയും പരിസ്ഥിതി സൗഹൃദ വാഹനങ്ങളാക്കി മാറ്റാനുള്ള അതോറിറ്റിയുടെ വികസന പദ്ധതിയുടെ ഭാഗമാണ് ഈ നീക്കമെന്ന് അജ്മാൻ ട്രാൻസ്പോർട്ട് അതോറിറ്റിയിലെ പബ്ലിക് ട്രാൻസ്പോർട്ട് ആൻഡ് ലൈസൻസിങ് കോർപ്പറേഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ സമി അലി അൽ ജലാഫ് പറഞ്ഞു. ശുദ്ധ ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഗതാഗത സംവിധാനത്തിന്റെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും സുസ്ഥിര മാർഗങ്ങൾ സ്വീകരിക്കലാണ് പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിന് പ്രകൃതിവാതകം, വൈദ്യുതി, ഹൈഡ്രജൻ, ഹൈബ്രിഡ് വാഹനങ്ങൾ എന്നിവ അജ്മാൻ ടാക്സിയുടെ വാഹന നിരയിൽ ഉൾപ്പെടുത്തി നവീകരിക്കും.

## ദുബൈ എയർപോർട്ട് ടെർമിനൽ രണ്ടിൽ പുതിയ ലഗേജ് സംവിധാനം

ദുബൈ: ദുബൈ ഇന്റർനാഷണലിന്റെ ടെർമിനൽ 2 ൽ യാത്രക്കാരുടെ സൗകര്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ലഗേജ്, ബാഗേജ് സേവനങ്ങൾ മെച്ചപ്പെടുത്താൻ ബാഗേജ് സർവീസ് സെന്റർ ആരംഭിച്ചു. ഈ സൗകര്യം ടെർമിനലുമായി ബന്ധിപ്പിക്കുകയും, യാത്രക്കാർക്ക് അധിക സ്ക്രീനിംഗ് പ്രക്രിയകളില്ലാതെ ലഗേജ് ക്ലെയിം ചെയ്യാൻ കഴിയും. ഈ പുതിയ സംവിധാനം സുരക്ഷ വർദ്ധിപ്പിക്കുകയും യാത്രക്കാർക്കുള്ള കാത്തിരിപ്പ് സമയം കുറയ്ക്കുകയും ചെയ്യുന്നു. മൊത്തത്തിലുള്ള എയർപോർട്ട് അനുഭവം സുഗമവും കൂടുതൽ കാര്യക്ഷമവുമാക്കുന്നു. ഈ സേവനം ദുബൈ എയർപോർട്ടുകളും ദുബൈ പോലീസ്, ദുബൈ കസ്റ്റംസ്, ഡിനാറ്റ എന്നിവയുൾപ്പെടെയുള്ള സംവിധാനം തമ്മിലുള്ള സഹകരണത്തിന്റെ ഭാഗമാണ്.

### ഒളിമ്പിക്സ് ട്രാക്കുണരുന്നു

## മെഡൽ പ്രതീക്ഷയുമായി യുഎഇ സ്പ്രിന്റർ മറിയം അൽഫാർസി

പാരിസ്: പാരീസ് 2024 ഒളിമ്പിക്സിൽ 100 മീറ്റർ ഓട്ടത്തിൽ പങ്കെടുക്കുന്ന യുഎഇ ദേശീയ ടീം സ്പ്രിന്ററായ മറിയം അൽ ഫാർസി ഇന്നത്തെ മത്സരത്തിന്റെ പ്രാഥമിക റൗണ്ടിൽ മത്സരിക്കുന്നതിനുള്ള പരിശീലനം നടത്തി. നാല് റൗണ്ടുകളിലായി 36 സ്പ്രിന്റർമാർ മത്സരത്തിൽ പങ്കെടുക്കും. ഓരോ റൗണ്ടിലും ഒമ്പത് സ്പ്രിന്റർമാർ. ഓരോ റൗണ്ടിലെയും ആദ്യ മൂന്ന് സ്ഥാനക്കാർക്കും അടുത്ത അഞ്ച് ഏറ്റവും വേഗതയേറിയ തവണയും ആദ്യ റൗണ്ടിലേക്ക് മുന്നേറും. 1988ൽ യുഎസിലെ ഇന്ത്യാനാപൊളിസിൽ നടന്ന ലോക ചാമ്പ്യൻഷിപ്പിൽ 10.49 സെക്കൻഡിൽ 100 മീറ്റർ ഓട്ടത്തിൽ അമേരിക്കക്കാരനായ ഗ്രിഫിത്ത് ജോയ്നർ ഫ്ലോറൻസ് ലോക റെക്കോർഡ് സ്വന്തമാക്കി, ജമൈക്കൻ താരം തോംസൺഹെറ എലെയ്ൻ ടോക്കിയോ 2020 ഒളിമ്പിക്സിൽ ഒളിമ്പിക് റെക്കോർഡ് സ്വന്തമാക്കി. സമയം 10.61 സെക്കൻഡ്. പ്രതിഭകളെ കണ്ടെത്തുന്നതിനും ചാമ്പ്യന്മാരെ സൃഷ്ടിക്കുന്നതിനുമായി ഫെഡറേഷൻ ആരംഭിച്ച



സമഗ്ര പദ്ധതി അന്താരാഷ്ട്ര, ഒളിമ്പിക് ചാമ്പ്യൻഷിപ്പുകളിൽ യുഎഇ അത്‌ലറ്റിക്സിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുമെന്ന് യുഎഇ അത്‌ലറ്റിക് ഫെഡറേഷൻ പ്രസിഡന്റ് ബ്രിഗേഡിയർ ജനറൽ ഡോ. മുഹമ്മദ് അൽ മുർ പറഞ്ഞു. മറിയം അൽ ഫാർസി അറബ് റിപ്പബ്ലിക് ഓഫ് ഈജിപ്തിലെ തയ്യാറെടുപ്പ് ക്യാമ്പ് പൂർത്തിയാക്കിയതിന് ശേഷമാണ് പാരീസ് ഒളിമ്പിക്സിൽ 100 മീറ്റർ സ്പ്രിന്റിൽ പങ്കെടുക്കുന്നത്. 100 മീറ്റർ ഓട്ടത്തിൽ ജൂനിയർ, യൂത്ത് സ്റ്റേജുകളിൽ 13.04 സെക്കൻഡിൽ ഓടിയ മറിയം അൽ ഫാർസിയുടെ സംസ്ഥാന റെക്കോർഡ് സ്വന്തമാക്കിയതായി യുഎഇ അത്‌ലറ്റിക് ഫെഡറേഷന്റെ ടെക്നിക്കൽ ഡയറക്ടർ അബ്ദുൾറഹ്മാൻ സുലൈമാൻ പറഞ്ഞു.

## എയർപോർട്ട് കുടിശ്ശിക അടച്ചില്ലെന്ന്
## സ്പൈസ് ജെറ്റ് സർവീസുകൾ മുടങ്ങി

ദുബൈ: ദുബൈയിൽ നിന്ന് ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലേക്ക് സർവീസ് നടത്തുന്ന നിരവധി സ്പൈസ് ജെറ്റ് വിമാനങ്ങൾ ജൂലൈ 31 ന് റദ്ദാക്കി. ദുബൈയിൽ നിന്ന് ഇന്ത്യയിലേക്ക് പ്രതിദിനമുള്ള 11 സർവീസുകളിൽ മിക്കതിനെയും ബാധിച്ചു. പ്രവർത്തന കാരണങ്ങളാൽ സർവീസുകൾ തടസ്സപ്പെട്ടതായി ഇന്നലെ എയർലൈൻ അറിയിച്ചിരുന്നു. ബദൽ സംവിധാനം ഏർപ്പെടുത്തിയതായും അറിയിച്ചു. നിലവിൽ ദുബൈയിൽ നിന്നുള്ള എല്ലാ ഷെഡ്യൂൾ ചെയ്ത വിമാനങ്ങളും പ്രവർത്തിക്കുന്നുവെന്ന് സ്പൈസ് ജെറ്റ് വക്താവ് സ്ഥിരീകരിച്ചു. യാത്രക്കാർക്കുണ്ടായ അസൗകര്യത്തിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. എയർപോർട്ട് കുടിശ്ശിക അടയ്ക്കാത്തതിനാൽ കുറഞ്ഞത് അരഡസൻ വിമാനങ്ങളിലെ യാത്രക്കാരെ സ്പൈസ് ജെറ്റ് വിമാനത്തിൽ കയറാൻ അനുവദിച്ചില്ലെന്ന് ഇന്ത്യൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ഇതേക്കുറിച്ച് വിമാനക്കമ്പനി വിശദ വിവരങ്ങൾ വ്യക്തമാക്കിയിട്ടില്ലെന്ന് ഖലീജ് ടൈംസ് റിപ്പോർട്ട് ചെയ്തു. എയർലൈൻ കുറച്ച് വർഷത്തിലേറെയായി ശമ്പളം, പിഎഫ്, ടിഡിഎസ് പേയ്മെന്റുകൾ വൈകിപ്പിക്കുകയാണ്.

## മലേഷ്യ-കോഴിക്കോട് വിമാന സർവീസ് തുടങ്ങി

കോലാലംപൂർ: മലേഷ്യയിലെ കോലാലംപൂർ എയർപോർട്ടിൽ നിന്നും കോഴിക്കോട് കരിപ്പൂർ എയർപോർട്ടിലേക്ക് നേരിട്ട് വിമാനം പറന്നെത്തി. മലേഷ്യയുടെ ബഡ്ജറ്റ് എയർലൈനായ എയർ ഏഷ്യായാണ് സർവീസ് തുടങ്ങിയത്. സ്വദേശത്തും വിദേശത്തുനിന്നും കെഎംസിസി ഉൾപ്പെടെയുള്ള സംഘടനകളുടെ നിരന്തരമായ രണ്ടു പതിറ്റാണ്ടു കാലത്തെ മുറവിളിക്കൊടുവിലാണ് മലേഷ്യയിൽ നിന്ന് മലബാർ മേഖലയിലേക്കും തിരിച്ചു കോലാലംപൂരിലേക്കും വിമാനസർവീസ് തുടങ്ങുന്നത്. രാത്രി 9:55ന് കോലാലംപൂരിൽ നിന്ന് പുറപ്പെട്ട വിമാനം രാത്രി 11:25നാണ് കരിപ്പൂരിൽ എത്തിയത്. തിരിച്ചു രാത്രി 12:10 പുറപ്പെട്ട് രാവിലെ 7 മണിക്ക് കോലാലാംപൂർ എയർപോർട്ടിൽ എത്തുന്ന രീതിയിലാണ് സർവീസ് ഷെഡ്യൂൾ.


മലേഷ്യയിൽ നിന്നും കോഴിക്കോട്ടേക്ക് നേരിട്ടുള്ള ആദ്യ വിമാനം ലാന്റ്ചെയ്യുന്നു

ആദ്യഘട്ടത്തിൽ ആഴ്ചയിൽ വ്യാഴം,ശനി,ചൊവ്വ ദിവസങ്ങളിലാണ് സർവീസ് തുടങ്ങുന്നത്. ഇതോടെ കേരളത്തിൽ കൊച്ചിലേക്ക് എല്ലാ ദിവസവും ആഴ്ചയിൽ മൂന്നു ദിവസം തിരുവനന്തപുരം, കോഴിക്കോട് എന്നിവടങ്ങളിലേക്ക് നേരിട്ട് വിമാനസർവീസ് നടത്തുന്നത് എയർ ഏഷ്യയാകുമെന്നും കണ്ണൂർ എയർപോർട്ടിലേക്കും സർവീസിന് അനുമതിക്കായി ശ്രമിക്കുന്നുണ്ടെന്നും എയർ ഏഷ്യ വൃത്തങ്ങൾ അറിയിച്ചു.

കഴിഞ്ഞ മാർച്ചിൽ സർവീസിനായി അനുമതി ലഭിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ വൈകിയതായിരുന്നു. മലേഷ്യയിൽ ജോലി ചെയ്യുന്നതും വിവിധ യൂണിവേഴ്സിറ്റികളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളിൽ ഏറെയും മലബാറിൽ നിന്നുള്ളവരായത് കൊണ്ട് കരിപ്പുരിലേക്ക് വിമാനസർവീസിനായി ഇ.ടി മുഹമ്മദ് ബഷീർ എം.പി മുഖേനെ വ്യോമയാന മന്ത്രിക്കും, കുഞ്ഞാലിക്കുട്ടി എം.എൽ. എ മുഖേനെ മുഖ്യമന്ത്രിക്കും മലേഷ്യൻ കെഎംസിസി നിവേദനം നൽകുകയും നിരവധി തവണ ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു.

## കുവൈത്തിൽ രക്തദാന കാമ്പയിൻ ആരംഭിച്ചു

കുവൈത്ത് സിറ്റി: ഇറാഖ്-കുവൈത്ത് അധിനിവേശത്തിന്റെ സ്മരണാർത്ഥം ആരോഗ്യ മന്ത്രാലയത്തിന്റെ രക്ത ദാന സേവന വിഭാഗം സംഘടിപ്പിക്കുന്ന വാർഷിക രക്തദാന കാമ്പയിൻ 'ഒരുമിച്ച് എന്നേക്കും, ജന്മനാടിന്റെ മതിൽ 9' എന്ന ശീർഷകത്തിൽ വ്യാഴാഴ്ച രക്തദാന കാമ്പയിൻ ആരംഭിച്ചു. കാലത്ത് 8 മണി മുതൽ മുതൽ രാത്രി 8 മണി വരെയാണ് രക്ത ശേഖരണ കേന്ദ്രങ്ങളിൽ ദാതാക്കളെത്തിയത്. അധിനിവേശാനന്തര കുവൈത്തിൽ ജീവൻ ബലിയർപ്പിച്ചവരോട് ആദരവ് പ്രകടിപ്പിക്കുന്ന വേദി കൂടിയായി പരിപാടി മാറി. സെൻട്രൽ ബ്ലഡ് ബാങ്ക്, സൈന്യം, പൊലീസ്, നാഷണൽ ഗാർഡ്, അഗ്നിശമന സേനാംഗങ്ങൾ പങ്കെടുത്തു.



## സത്യാവസ്ഥ മറച്ചുവെക്കുന്നു

ന്യൂഡൽഹി: ബി.ജെ.പിയും ആർ.എസ്.എസും ഭരണതലങ്ങളിലെ ദലിത് പിന്നോക്കവിഭാഗ പ്രാതിനിധ്യത്തിന്റെ സത്യാവസ്ഥ മറച്ചുവെക്കാൻ ഗൂഢാലോചന നടത്തുകയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. മനുസ്മൃതിയെ വിശ്വസിക്കുന്ന ബി.ജെ.പിയും ആർ.എസ്.എസും ഈ രാജ്യത്ത് 5,000 വർഷം പഴക്കമുള്ള സാമൂഹിക ചൂഷണം തുടരാനാണ് ആഗ്രഹിക്കുന്നത്. അവർ ബാബാസാഹേബ് അംബേദ്കറുടെ ഭരണഘടനയിൽ ഒരുതരി പോലും വിശ്വസിക്കുന്നില്ല. 'ഗിന്തി കരോ'(എണ്ണുക) എന്നതാണ് ഞങ്ങളുടെ പ്രമേയം. അതിനായി കോൺഗ്രസ് ഏത് ജാതീയമായ അധിക്ഷേപവും കേൾക്കാൻ തയാറാണ്.



## രാജ്യത്തെയാകെ അപമാനിച്ചു

ന്യൂഡൽഹി: ബി.ജെ.പി എം.പി അനുരാഗ് ഠാക്കൂർ ലോക്സഭയിൽ രാഹുൽ ഗാന്ധിയുടെ ജാതി ചോദിച്ചതിലൂടെ ബി.ജെ.പിയുടെ യഥാർത്ഥ മുഖം പുറത്തുവന്നുവെന്ന് കോൺഗ്രസ് വക്താവ് പവൻ ഖേര. രാഹുൽ ഗാന്ധിയുടെ പിതാവ് രക്തസാക്ഷിയാണ്, ഈ കുടുംബത്തിന്റെ ജാതി രക്തസാക്ഷിത്വമാണ്. ഇത് ആർ.എസ്.എസിനും ബി.ജെ.പിക്കും ഠാക്കൂറിനും ഒരിക്കലും മനസ്സിലാക്കാനാവില്ല. വിഷയത്തിൽ പ്രധാനമന്ത്രി നയം വ്യക്തമാക്കണം. സാമൂഹിക, സാമ്പത്തിക സെൻസസ് നടപ്പാക്കണമെന്നത് രാജ്യത്തെ 80 ശതമാനം ആളുകളുടെയും ആവശ്യമാണ്. രാഹുലിനെ മാത്രമല്ല, രാജ്യത്തെ ജനങ്ങളെ ആകെ അനുരാഗ് ഠാക്കൂർ അപമാനിച്ചു.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

## ഷാഹി ഈദ്ഗാഹ് മസ്ജിദ് കേസ് നിലനിൽക്കുമെന്ന് ഹൈക്കോടതി

ലക്നോ: മഥുര ഷാഹി ഈദ്ഗാഹ് മസ്ജിദിന്റെ ഭൂമിയിൽ അവകാശം ഉന്നയിച്ച് ഹിന്ദുപക്ഷം നൽകിയ ഹർജികൾ നിലനിൽക്കുമെന്ന് അലഹാബാദ് ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച്. 1991ലെ ആരാധനാലയ സംരക്ഷണ നിയമ പ്രകാരം ഹർജി നിൽനിൽക്കില്ലെന്ന് ചൂണ്ടിക്കാട്ടി മുസ്‌ലിം പക്ഷം സമർപ്പിചച് ഹർജി തള്ളിക്കൊണ്ടാണ് ജസ്റ്റിസ് മായൻകുമാർ ജെയിൻ അധ്യക്ഷനായ സിംഗിൾ ബെഞ്ച് ഉത്തരവ്. കേസിൽ ഇതുവരെ സമർപ്പിക്കപ്പെട്ട 18 ഹർജികളിൽ ഓഗസ്റ്റ് 12 മുതൽ വാദം തുടങ്ങുമെന്നും ഹൈക്കോടതി വ്യക്തമാക്കി. അതേസമയം ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീംകോടതിയെ സമീപിക്കുമെന്ന് മുസ്‌ലിം പക്ഷം വ്യക്തമാക്കി. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഷാഹി ഈദ് ഗാസ് മസ്ജിദ് കോമ്പൗണ്ടിൽ സർവേ നടത്തുന്നതിന് ഏർപ്പെടുത്തിയ സ്റ്റേ നീക്കുന്നതിനായി സുപ്രീംകോടതിയെ സമീപിക്കുമെന്ന് ഹിന്ദു പക്ഷ അഭിഭാഷകനായ വിഷ്ണു ശങ്കർ ജെയിനും വ്യക്തമാക്കി.ഷാഹി ഇദ്ഗാഹ് മസ്ജിദ് നിലകൊള്ളുന്ന 13.37 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം പൂർണമായും മഥുര ക്ഷേത്ര കമ്മിറ്റിക്കാണെന്നും 1968ൽ ഷാഹി ഈദ് ഗാഹ് മസ്ജിദ് കമ്മിറ്റിയും ശ്രീകൃഷ്ണ ജന്മഭൂമി ട്രസ്റ്റും തമ്മിലുണ്ടാക്കിയ കരാർ നിലനിൽക്കില്ലെന്നുമാണ് ഹിന്ദുപക്ഷത്തിന്റെ വാദം. കഴിഞ്ഞ ഡിസംബറിൽ വിചാരണക്കോടതി മസ്ജിദ് കോമ്പൗണ്ടിൽ കോടതി മേൽനോട്ടത്തിൽ അഭിഭാഷക കമ്മീഷനെ സർവേ നടത്തുന്നതിന് നിയോഗിച്ചിരുന്നെങ്കിലും മസ്ജിദ് കമ്മിറ്റിയുടെ അപ്പീലിൽ തുടർ നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്യുകയായിരുന്നു.

## കരസേനാ മെഡിക്കൽ സർവീസ് തലപ്പത്ത് ആദ്യ വനിത

ന്യൂഡൽഹി: കരസേനയുടെ മെഡിക്കൽ സർവ്വീസ് തലപ്പത്ത് ആദ്യമായി ഒരു വനിത. ലഫ്റ്റനന്റ് ജനറൽ സാധന സക്സേന നായർ ആണ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ ജനറൽ ആയി ഇന്നലെ ചുമതലയേറ്റത്. പൂനെയിലെ ആംഡ് ഫോഴ്സ് മെഡിക്കൽ കോളേജിൽ നിന്നാണ് സാധന സക്സേന നായർ പഠനം പൂർത്തിയാക്കിയത്. 1986ലാണ് ആർമി മെഡിക്കൽ കോറിൽ സേവനം ആരംഭിച്ചത്. ഫ്ളൈറ്റ് ലഫ്റ്റനന്റ് ആയിട്ടായിരുന്നു തുടക്കം. മികച്ച സേവനത്തിനുള്ള വിശിഷ്ട സേവ മെഡൽ നേടിയ സാധന സക്സേന എയർ മാർഷൽ പദവിയിലെത്തുന്ന രണ്ടാമത്തെ വനിത കൂടിയാണ്.

## അഴുക്കുചാലിൽ വീണ് അമ്മയും മകനും മരിച്ചു

ന്യൂഡൽഹി: അഴുക്കുചാലിൽ വീണ് യുവതിയും മകനും മരിച്ചു. 23കാരി തനുജ ബിശ്തും മകൻ മൂന്നുവയസ്സുകാരൻ പ്രിയാൻഷുമാണ് മരിച്ചത്. ഗാസിപൂരിൽ പ്രതിവാര അങ്ങാടി ചന്തയിൽ പോയി വീട്ടിലേക്ക് മടങ്ങുന്നതിനിടെയാണ് അപകടം. വീട്ടുപകരണങ്ങൾ വാങ്ങാനായാണ് തനൂജയും മകനും മാർക്കറ്റിലെത്തിയത്. എന്നാൽ തിരിച്ചുപോകുമ്പോൾ കനത്ത മഴ പെയ്യുകയും വെള്ളക്കെട്ട് രൂപപ്പെടുകയും അഴുക്കുചാലിൽ വീഴുകയുമായിരുന്നു. ഖോഡ കോളനിക്കു സമീപത്തെ റോഡരികിൽ നിർമാണത്തിലിരുന്ന ഓടക്ക് സമീപമായിരുന്നു അപകടം. റോഡ് പൂർണമായും വെള്ളത്തിനടിയിലായതിനാൽ അഴുക്കുചാൽ കാണാനായില്ല. മണിക്കൂറുകളുടെ തിരച്ചിലിനൊടുവിൽ അരകിലോമീറ്റർ അകലെ നിന്ന് മൃതദേഹങ്ങൾ കണ്ടെടുത്തു. മകന്റെ കൈ മുറുക്കെ പിടിച്ച നിലയിലായിരുന്നു. രക്ഷാപ്രവർത്തനം മന്ദഗതിയിലായിരുന്നെന്ന് ബന്ധുക്കൾ കുറ്റപ്പെടുത്തി.

# ഹമാസ് സൈനിക മേധാവിയും കൊല്ലപ്പെട്ടു



*മുഹമ്മദ് ദെയ്ഫ്*

ഗസ്സ: ഇറാനിൽ ഹമാസ് നേതാവ് ഇസ്മാഈൽ ഹനിയ്യയെ കൊലപ്പെടുത്തിയതിനു പിന്നാലെ ഗസ്സയിൽ ഹമാസ് സൈനിക കമാൻഡർ മുഹമ്മദ് ദെയ്ഫിന്റെ മരണവാർത്തയും പുറത്തുവിട്ട് ഇസ്രാഈൽ. ജൂലൈ പതിമൂന്നിന് ഖാൻ യൂനിസിൽ നടത്തിയ വ്യോമാക്രമണത്തിലാണ് ദെയ്ഫ് കൊല്ലപ്പെട്ടതെന്നാണ് അവകാശവാദം.

ഹനിയ്യയും ഹിസ്ബുല്ല കമാൻഡർ ഫുആദ് ഷുക്റും കൊല്ലപ്പെട്ടതിനെത്തുടർന്നുള്ള യുദ്ധഭീതിയിലേക്കാണ് ഹമാസ് സൈനിക മേധാവിയുടെയും മരണവാർത്ത വന്നത്. യു.എൻ രക്ഷാസമിതി അടിയന്തര യോഗം ചേർന്ന് പശ്ചിമേഷ്യൻ സാഹചര്യം വിലയിരുത്തി. ഹമാസിന്റെയും ഹിസ്ബുല്ലയുടെയും ഉന്നത നേതാക്കളെ ലക്ഷ്യമിട്ട് ഇസ്രാഈൽ ആക്രമണം ശക്തമായതോടൊപ്പം ഗസ്സയിൽ കൂട്ടക്കുരുതി തുടരുകയാണ്. ഒക്ടോബർ ഏഴിനു തുടങ്ങിയ കുരുതിയിൽ മരണനിരക്ക് 39,480 ആയി. ഇന്നലെ അൽജസീറ റിപ്പോർട്ടർ ഇസ്മാഈൽ അൽ ഗൗലും കാമറാമാൻ റാമി അൽ റിഫിയും വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടു. വ്യാഴാഴ്ച പുലർച്ചെയുണ്ടായ ആക്രമണങ്ങളിൽ 15 പേർ കൊല്ലപ്പെട്ടു.

നാൽപതിനായിരത്തോളം പേരുടെ ജീവൻ പൊലിഞ്ഞ യുദ്ധത്തിന് എത്രയും വേഗം അന്ത്യം കുറിക്കണമെന്ന് ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമി ആവശ്യപ്പെട്ടു. അടിയന്തരമായി വെടിനിർത്തൽ പ്രഖ്യാപിക്കണമെന്നും ഹമാസ് കസ്റ്റഡിയിലുള്ള ബന്ദികളെ മോചിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം ഹനിയ്യയെ ശാരീരികമായി ഇല്ലാതാക്കിയതുകൊണ്ട് ഹമാസിന്റെ പോരാട്ടം ഇല്ലാതാക്കാൻ സാധിക്കില്ലെന്ന് ഇസ്രാഈലി തിങ്ക് ടാങ്കായ ഇസ്രാഈലി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാഷണൽ സെക്യൂരിറ്റി റിസർച്ച് ഓഫ് ടെൽഅവീവ് യൂണിവേഴ്സിറ്റി ചൂണ്ടിക്കാട്ടി. ഹമാസിന്റെ ആഭ്യന്തര സംഘടനാ കെട്ടുറപ്പും ഫലസ്തീൻ രാഷ്ട്രീയത്തിൽ അതിനുള്ള സ്വാധീനവും ശക്തമാണെന്ന് സംഘടന പറയുന്നു.

## 300 ഭീകര ദിനങ്ങൾ; തകർന്നടിഞ്ഞ് ഗസ്സ

ഗസ്സ: സ്ത്രീകളും കുട്ടികളുമടക്കം പതിനായിരങ്ങളെ കൊന്നുതള്ളി ഇസ്രാഈൽ തുടരുന്ന വംശഹത്യ 300 ദിനം പിന്നിടുമ്പോൾ തിരിച്ചറിയാൻ സാധിക്കാത്ത വിധം തകർന്നു തരിപ്പണമായി ഗസ്സ. 82,000 ടൺ സ്ഫോടക വസ്തുക്കളാണ് ഇസ്രാഈൽ ഗസ്സയിൽ വിതറിയത്.

അടിസ്ഥാനസൗകര്യങ്ങളെല്ലാം തുടച്ചുമാറ്റപ്പെട്ട ആക്രമണത്തിൽ 39,480 പേർ കൊല്ലപ്പെടുകയും പതിനായിരത്തോളം പേരെ കാണാതാവുകയും 91,128 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. കൊല്ലപ്പെട്ടവരിൽ 16,314 പേർ കുട്ടികളും 10,980 പേർ സ്ത്രീകളുമാണ്. 520 പേർ കൂട്ടക്കുഴിമാടങ്ങളിൽ അടക്കപ്പെട്ടു. വെള്ളവും ഭക്ഷണവും കിട്ടാതെ കുട്ടികളടക്കം 35 പേരും മരണപ്പെട്ടു. ഗസ്സയിൽ ഏറെക്കുറെ എല്ലാവരും സ്വന്തം വീടുകളിൽനിന്ന് ആട്ടിയോടിക്കപ്പെട്ടു. ദുരിതപൂർണമായ സാഹചര്യത്തി ൽ പകർച്ചവ്യാധി പടർന്നുപിടിച്ചിരിക്കുകയാണ്. 17 ലക്ഷം ആളുകൾ രോഗബാധിതരായി. 280,000 വീടുകൾ തകർന്നു. 117 സ്കൂളും 198 സർക്കാർ കെട്ടിടവും 610 പള്ളികളും മൂന്ന് ചർച്ചുകളും 206 പുരാവസ്തു കേന്ദ്രങ്ങളും 34 കായിക കേന്ദ്രങ്ങളും 3,030 കിലോമീറ്റർ വൈദ്യുതി നെറ്റ്‌വർക്കുകളും തകർന്നു. 33 ബില്യൺ ഡോളറിന്റെ നഷ്ടം കണക്കാക്കപ്പെടുന്നു.

## ഡോണെസ്കിൽ പിടിമുറുക്കി റഷ്യ

കീവ്: യുക്രെയ്ൻ സൈന്യത്തിന്റെ സപ്ലൈ ലൈനുകൾ തകർത്ത് ഡോണെസ്കിൽ റഷ്യ പിടിമുറുക്കുന്നു. കഴിഞ്ഞ എട്ട് മാസത്തിനിടെ കിഴക്കൻ യുക്രെയ്നിൽ റഷ്യ നടത്തുന്ന ഏറ്റവും വലിയ സൈനിക മുന്നേറ്റമാണിപ്പോൾ നടക്കുന്നത്. റഷ്യൻ മുന്നേറ്റത്തിന്റെ പശ്ചാത്തലത്തിൽ യുക്രെയ്ന് സേന കൂട്ടത്തോടെ പിന്മാറുകയാണ്. അതോടൊപ്പം അധിനിവേശ ക്രൈമിയയിലും റഷ്യയുടെ ഊർജ കേന്ദ്രങ്ങളിലും യുക്രെയ്ൻ വൻ ആക്രമണം അഴിച്ചുവിട്ടതായി റിപ്പോർട്ടുണ്ട്. ഡോണെസ്കിന്റെ മധ്യ, തെക്കൻ മേഖലകളിലാണ് റഷ്യ ആക്രമണം തുടരുന്നത്. കഴിഞ്ഞ വർഷം മെയിൽ ബാഖ്മുത് പിടിച്ചെടുത്തതോടെ ഡോണെസ്കിൽ റഷ്യക്ക് കാര്യങ്ങൾ എളുപ്പമാവുകയായിരുന്നു. 2014 മുതൽ തന്നെ മേഖലയുടെ വലിയൊരു ഭാഗം റഷ്യൻ അനുകൂല പോരാളികൾ പിടിച്ചെടുത്തിട്ടുണ്ട്.



*ഇറാനിൽ കൊല്ലപ്പെട്ട ഹമാസ് രാഷ്ട്രീയകാര്യ സമിതി തലവൻ ഇസ്മായിൽ ഹനിയ്യയുടെയും അംഗരക്ഷകന്റെയും ഭൗതികദേഹം വഹിച്ചുള്ള വാഹനം തെഹ്റാനിലൂടെ കടന്നുപോകുമ്പോൾ അന്ത്യോപചാരമർപ്പിക്കാനെത്തിയ ജനക്കൂട്ടം*

## വിട ഹനിയ്യാ... മറുപടി ഉചിതമായ സമയത്ത്

തെഹ്റാൻ: ഫലസ്തീൻ വിമോചന പോരാട്ടത്തിന്റെ നെടുംതൂണായിരുന്ന ഹമാസ് മേധാവി ഇസ്മാഈൽ ഹനിയ്യക്ക് കണ്ണീരിൽ കുതിർന്ന യാത്രമൊഴിയോകി ഇറാൻ. കനത്ത സുരക്ഷാ സന്നാങ്ങളുണ്ടായിട്ടും തെഹ്റാനിൽ തങ്ങളുടെ മണ്ണിൽ കൊല്ലപ്പെട്ട ഫലസ്തീൻ നേതാവിന്റെ ജനാസ നമസ്കാരത്തിൽ പങ്കെടുക്കാൻ പതിനായിരങ്ങളാണ് ആസാദി സ്ക്വയറിൽ ഒഴുകിയെത്തിയത്. ഇറാൻ പരമോന്നത നേതാവ് അലി ഖാംനഇ നമസ്കാരത്തിന് നേതൃത്വം നൽകി. ഇസ്രാഈൽ ആക്രമണത്തിൽ കൊല്ലപ്പെട്ട ഹനിയ്യയുടെയും അംഗരക്ഷകന്റെയും മൃതദേഹം വഹിച്ചുള്ള വാഹനം ആസാദി സ്ക്വയറിലേക്ക് നീങ്ങുമ്പോൾ റോഡിന്റെ ഇരുവശങ്ങളിലും ആയിരക്കണക്കിന് ആളുകൾ തടിച്ചുകൂടിയിരുന്നു. തെഹ്റാനിലെ അന്ത്യോപചാര ചടങ്ങുകൾക്കുശേഷം മൃതദേഹങ്ങൾ ഖത്തറിലേക്ക് കൊണ്ടുപോയി. ഇന്ന് ദോഹയിലാണ് ഖബറടക്കം. അതേസമയം ഹനിയ്യയുടെ മരണത്തിന് ഇസ്രാഈലിനെ കഠിനമായി ശിക്ഷിക്കുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഉചിതമായ സമയത്ത് ഉചിതമായ സ്ഥലത്തുവെച്ച് തന്നെ അതിന് മറുപടി നൽകുമെന്ന് ഇറാൻ പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബാഖിർ ഖാലിബാഫ് വ്യക്തമാക്കി. ഇസ്രാഈലിനെതിരെയുള്ള പ്രതികാര നടപടി ഏത് രൂപത്തിലായിരിക്കണമെന്നതിനെക്കുറിച്ച് പശ്ചിമേഷ്യയിലെ സഖ്യകക്ഷികളുമായി ഇറാൻ നേതൃത്വം ചർച്ച ചെയ്തതായി റിപ്പോർട്ടുണ്ട്.

## കമലാ ഹാരിസിനെ അധിക്ഷേപിച്ച് ട്രംപ്

ചിക്കാഗോ: യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിലെ തന്റെ എതിരാളി ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമലാ ഹാരിസിനെ വംശീയമായി അധിക്ഷേപിച്ച് ഡൊണാൾഡ് ട്രംപ്. കറുത്തവർഗക്കാരായ മാധ്യമപ്രവർത്തകരുടെ സമ്മേളനത്തിലാണ് കമലയുടെ വ്യക്തിത്വത്തെ ട്രംപ് ചോദ്യം ചെയ്തത്. 'അവർ എല്ലായ്പ്പോഴും ഇന്ത്യൻ പൈതൃകത്തിലായിരുന്നു. ആ പാരമ്പര്യത്തെ പ്രോത്സാഹിപ്പിക്കുക മാത്രമായിരുന്നു ചെയ്തത്. അവർ ഇന്ത്യക്കാരിയാണോ അതോ കറുത്തവൾ ആണോ എന്ന് എനിക്കറിയില്ല- എന്നിങ്ങനെയായിരുന്നു 1000ത്തോളം പേരടങ്ങിയ സദസ്സിനു മുമ്പാകെ ട്രംപിന്റെ പരാമർശം.

## കത്തിയാക്രമണം: പ്രക്ഷുബ്ധമായി ബ്രിട്ടൻ

ലണ്ടൻ: വടക്കുപടിഞ്ഞാറൻ ഇംഗ്ലണ്ടിലെ സൗത്ത്പോർട്ടിൽ മൂന്നു പെൺകുട്ടികൾ കൊല്ലപ്പെടുകയും എട്ടു കുട്ടികളും രണ്ട് മുതർന്നവരുമടക്കം 10 പേർക്ക് പരിക്കേൽക്കുകയും ചെയ്ത കത്തിയാക്രമണത്തെ തുടർന്നുള്ള സാഹചര്യങ്ങൾ ബ്രിട്ടീഷ് പ്രധാനമന്ത്രി കെയിർ സ്റ്റാർമർ പൊലീസ് മേധാവിമാരുമായി ചർച്ച ചെയ്തു.

സമാധാനപരമായി പ്രതിഷേധിക്കാനുള്ള അവകാശം എന്തു വില കൊടുത്തും സംരക്ഷിക്കേണ്ടതുണ്ടെങ്കിലും വിദ്വേഷങ്ങൾ വിതക്കാനും അക്രമങ്ങൾ അഴിച്ചുവിടാനുള്ള സാഹചര്യമായി അതിനെ ചൂഷണം ചെയ്യാൻ അനുവദിക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. തുടർച്ചയായി രണ്ടാം ദിനവും തീവ്ര വലതുപക്ഷ വിഭാഗങ്ങൾ സംഘടിപ്പിച്ച രാത്രികാല പ്രതിഷേധങ്ങൾ അക്രമാസക്തമായിരുന്നു. ടൈലർ സ്വിഫ്റ്റ് ഡാൻസ് ക്ലാസിൽ കത്തിയാക്രമണം നടത്തിയ 17കാരന്റെ പേരു വിവരം പൊലീസ് പുറത്തുവിട്ടിട്ടുണ്ട്.

അക്സൽ റുഡകുബാന യാണ് ആക്രമണം നടത്തിയത്. അക്രമിയുടെ പ്രായം കണക്കിലെടുത്ത് ആദ്യം പേര് വെളിപ്പെടുത്തിയിരുന്നില്ല. അടുത്തയാഴ്ച പതിനെട്ടു തികയുന്ന സാഹചര്യത്തിൽ ലിവർപൂൾ ജഡ്ജ് ആൻഡ്രൂ മെനാരിയാണ് വിവരങ്ങൾ പുറത്തുവിടാൻ അനുമതി നൽകിയത്. അക്രമി ബ്രിട്ടനിൽ ജനിച്ച വ്യക്തിയാണെന്നതിനപ്പുറം മറ്റൊരു വിവരവും ഇല്ലാതിരുന്നിട്ടും തീവ്ര വലതുപക്ഷ വിഭാഗങ്ങൾ മുസ്‌ലിംകൾക്കും കുടിയേറ്റക്കാർക്കുമെതിരെ വിദ്വേഷ പ്രചാരണങ്ങൾ നടത്താൻ സംഭവത്തെ ദുരുപയോഗം ചെയ്തിരുന്നു. കഴിഞ്ഞ ദിവസം പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയായ ഡോണിങ് സ്ട്രീറ്റിനുമുന്നിൽ പ്രതിഷേധിച്ച ജനക്കൂട്ടം സ്റ്റാർമറിനെതിരെ മുദ്രാവാക്യങ്ങൾ മുഴക്കുകയും ബിയർ കാനുകൾ എറിയുകയും ചെയ്തിരുന്നു.

മുൻ പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചലിന്റെ പ്രതിമക്ക് സമീപം തീവെക്കാനും ശ്രമമുണ്ടായി. അക്രമങ്ങളുമായി ബന്ധപ്പെട്ട് നൂറിലേറെ പേരെ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഹാർട്ട്ലെപൂളിൽ പൊലീസ് കാറുകൾക്ക് തീവെച്ചു.

### എസ്.സി–എസ്.ടി സംവരണം

## ഉപസംവരണം ശരിവച്ച് സുപ്രീംകോടതി

ന്യൂഡൽഹി: സർക്കാർ ജോലിക്കും ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും എസ്.സി, എസ്.ടി വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണത്തിനകത്ത് ഉപസംവരണം ഏർപ്പെടുത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടെന്ന് സുപ്രീംകോടതി.

ഇ.വി ചിന്നയ്യ വേഴ്സസ് സ്റ്റേറ്റ് ഓഫ് ആന്ധ്രാപ്രദേശ് കേസിൽ 2004ൽ സുപ്രീംകോടതിയുടെ അഞ്ചംഗ ബെഞ്ച് പുറപ്പെടുവിച്ച വിധിന്യായം റദ്ദാക്കിക്കൊണ്ടാണ് ഏഴംഗ ഭരണഘടനാ ബെഞ്ചിന്റെ സുപ്രധാന വിധിന്യായം. ഏഴംഗ ബെഞ്ചിലെ ആറ് ജഡ്ജിമാരും ഉപസംവരണം അംഗീകരിച്ച് വെവ്വേറെ വിധിന്യായം എഴുതിയപ്പോൾ ജസ്റ്റിസ് ബേല എം ത്രിവേദി ഉപസംവരണത്തെ എതിർത്ത് ഭിന്ന വിധിയാണ് പുറപ്പെടുവിച്ചത്. പട്ടികജാതി എന്നത് ഏകജാതിയല്ലെന്ന് സുപ്രീംകോടതിയുടെ മുൻകാല വിധികൾ ഉൾപ്പെടെ ഉദ്ധരിച്ച് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് ചൂണ്ടിക്കാട്ടി.



ഉപസംവരണം അനുവദിക്കുന്നത് ഭരണഘടനയുടെ അനുഛേദം 14ന്റെ ലംഘനമാകില്ലെന്നും കോടതി നിരീക്ഷിച്ചു. അതേസമയം അതിപിന്നാക്ക വിഭാഗങ്ങൾക്ക് ഉപസംവരണം അനുവദിക്കുമ്പോൾ മുഴുവൻ സംവരണ സീറ്റും ഉപയോഗിക്കരുതെന്ന് കോടതി ചൂണ്ടിക്കാട്ടി. അതിപിന്നാക്ക വിഭാഗങ്ങൾക്ക് ഉപസംവരണം ഏർപ്പെടുത്തുന്നത് കൃത്യമായ ഡാറ്റകളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നും കോടതി പറഞ്ഞു. പിന്നാക്ക വിഭാഗങ്ങളോട് പ്രഫഷണൽ സമീപനം പുലർത്തുക എന്നത് സംസ്ഥാന സർക്കാറുകളുടെ ഉത്തരവാദിത്വമാണെന്ന് ജസ്റ്റിസ് ബി.ആർ ഗവായ് നിരീക്ഷിച്ചു. ഒ.ബി.സി, എസ്.സി, എസ്.ടി സംവരണങ്ങളിലെല്ലാം ക്രീമിലെയർ തത്വം പ്രയോഗിക്കണമെന്ന് ജസ്റ്റിസ് വിക്രംനാഥ് വിധിന്യായത്തിൽ പറഞ്ഞു.അതേസമയം പ്രസിഡണ്ടിന്റെ വിജ്ഞാപനം വഴി മാത്രമേ ഉപസംവരണം ഏർപ്പെടുത്താനാവൂ എന്ന് ഭരണഘടനയുടെ അനുഛേദം 341(2) അനുശാസിക്കുന്നുണ്ടെന്ന് ഭിന്നവിധിയിൽ ജസ്റ്റിസ് ബേല എം ത്രിവേദി ചൂണ്ടിക്കാട്ടി.

മാത്രമല്ല അനുഛേദം 14, 15, 16 എന്നിവ ഉപസംസവരണത്തിന് സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്നില്ലെന്നും വിധിന്യായത്തിൽ പറയുന്നു.

# പ്രളയക്കെടുതിയിൽ ഉത്തരേന്ത്യ

## ഹിമാചലിൽ മേഘവിസ്ഫോടനം; മൂന്നു മരണം

**അമ്പതിലേറെ പേരെ കാണാനില്ല**

ഷിംല: ഹിമാചൽ പ്രദേശിൽ വൻനാശം വിതച്ച് മേഘവിസ്ഫോടനം. അണക്കെട്ട് തകർന്നു. മൂന്നുപേരുടെ മരണം അധികൃതർ സ്ഥിരീകരിച്ചു. 50ലധികം പേരെ കാണാനില്ല. നിരവധി വീടുകളും കെട്ടിടങ്ങളും തകർന്നു. റോഡ്, പാലം എന്നിവയും ഒലിച്ചുപോയി. മൂന്നിടങ്ങളിലാണ് ബുധനാഴ്ച രാത്രി മേഘവിസ്ഫോടനമുണ്ടായത്. ഇതിനു പിന്നാലെയാണ് മലാനയിലെ പൻഡോഹ് അണക്കെട്ട് തകർന്നത്.

സംഭവത്തിന്റെ ഭീതിപ്പെടുത്തുന്ന വീഡിയോ ദൃശ്യങ്ങൾ ഓൺലൈനിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. പാർവതി നദിക്കു കുറുകെ നിർമ്മിച്ച അണക്കെട്ട് തകർന്നതോടെ പരിസര പ്രദേശങ്ങളിലെല്ലാം വെള്ളം കയറി. തീരങ്ങളിൽ താമസിക്കുന്നവർ എത്രയും വേഗം ഒഴിയണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. ഇടതടവില്ലാതെ പെയ്യുന്ന മഴയിൽ ഹിമാചൽ പ്രദേശ് വ്യാപകമായ നാശനഷ്ടങ്ങളാണ് റിപ്പോർട്ട് ചെയ്യുന്നത്. കുളുവിൽ, കെട്ടിടം തകർന്നു. തുടർച്ചയായ മഴയിൽ റോഡുകൾ തകരുകയും നദികളിലെ ജലനിരപ്പ് അപകടകരമാംവിധം ഉയരുകയും ചെയ്തു.

രാംപൂർ സബ്ഡിവിഷനിലെ സമേജ് കുദിലുണ്ടായ മേഘവിസ്ഫോടനവും മലവെള്ളപ്പാച്ചിലും സമീപ പ്രദേശങ്ങളിൽ ഉൾപ്പെടെ വൻ നാശമാണ് വിതച്ചത്. ഇവിടെ രണ്ടുപേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. നിർമ്മന്ദ്, സൈൻജ് എന്നിവിടങ്ങളിലും വൻ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാണ്ടി, രാംപൂർ, ഷിംല ഉൾപ്പെടെയുള്ള ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. പദ്ദാർ സബ്ഡിവിഷനിലെ തരാങിനു സമീപം രാജ്ബൻ വില്ലേജിലാണ് രണ്ടാമത്തെ മേഘവിസ്ഫോടനമുണ്ടായത്. ഇവിടെ ഒരാൾ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. രണ്ടു വീടുകൾ പൂർണമായി തകർന്നു. ഒമ്പതുപേരെക്കുറിച്ച് വിവരമില്ല. കുളുവിലുണ്ടായ മൂന്നാമത്തെ മേഘവിസ്ഫോടനത്തിൽ നിരവധി വീടുകൾ തകർന്നു. പാലം ഒലിച്ചുപോയി. നിരവധി പേരെ കാണാനില്ല. ദേശീയ ദുരന്ത നിവാരണ സേനയും ഇന്തോ തിബറ്റൻ ബോർഡർ പൊലീസും ചേർന്ന് ദുരന്ത മേഖലയിൽ രക്ഷാ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കാണാതായവരെ കണ്ടെത്താനായി ഡ്രോൺ അടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിക്കുമെന്ന് ജില്ലാ ഭരണകൂടം വ്യക്തമാക്കി. ആളുകളെ ഒഴിപ്പിക്കുകയും സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുകയും ചെയ്തു.

## ഡൽഹിയിൽ അതിശക്ത മഴ; 10 മരണം

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് ഒറ്റ ദിവസം പെയ്തത് 10 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന മഴ. താഴ്ന്ന പ്രദേശങ്ങളെല്ലാം വെള്ളക്കെട്ടിലായി. മഴക്കെടുതിയിൽ 10 പേരാണ് മരിച്ചത്. ഡൽഹിയിൽ അഞ്ചുപേരും ഗുരുഗ്രാമിൽ മൂന്നുപേരും ഗ്രേറ്റർ നോയ്ഡയിൽ രണ്ടുപേരുമാണ് മരിച്ചത്. കാറ്റിലും മഴയിലും മരം വീണും മണ്ണിയിട്ടിലുണ്ടായും നിരവധി പേർക്ക് പരിക്കേറ്റു. ഇന്ദിരാഗാന്ധി വിമാനത്താവളത്തിൽ ഇറങ്ങേണ്ട 10 വിമാനങ്ങൾ വഴി തിരിച്ചുവിട്ടു. ജയ്പൂർ, ലക്നോ എന്നിവിടങ്ങളിലേക്കാണ് വിമാനം വഴി തിരിച്ചുവിട്ടത്. നിരവധി വിമാന സർവീസ് റദ്ദാക്കി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. ഓഗസ്റ്റ് അഞ്ച് വരെ മഴ തുടരും.

# ചോർന്നൊലിച്ച് പാർലമെന്റ്

## അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം



*പുതിയ പാർലമെന്റ് മന്ദിരത്തിൽ ചോർച്ചയുണ്ടായ ഭാഗത്ത് വെള്ളം ശേഖരിക്കാൻ ബക്കറ്റ് വെച്ചിരിക്കുന്നു*

ന്യൂഡൽഹി: കനത്ത മഴയിൽ ചോർന്നൊലിച്ച് പുതിയ പാർലമെന്റ് മന്ദിരം. മേൽക്കൂരയിൽ നിന്ന് വെള്ളം ഒഴുകുന്നതിന്റെയും അത് ശേഖരിക്കാൻ വച്ചിരിക്കുന്ന ബക്കറ്റിന്റെയും ദൃശ്യം സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുകയാണ്. പാർലമെന്റ് ലോബിക്ക് അകത്തും രാഷ്ട്രപതി പാർലമെന്റിലേക്ക് വരുന്ന വഴിയിലുമാണ് ചോർച്ചയുണ്ടായത്.

കെട്ടിടത്തിന്റെ പണി പൂർത്തിയായി ഒരു വർഷം പിന്നിടും മുമ്പെയാണ് രാജ്യത്തിനാകെ നാണക്കേടുണ്ടാക്കിയ സംഭവം. വിഷയത്തിൽ മോദി സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി പ്രതിപക്ഷം രംഗത്തെത്തി. 100 വർഷം മുമ്പ് നിർമ്മിച്ച പഴയ പാർലമെന്റ് കെട്ടിടം ഇതുവരെ ചോർന്നിട്ടില്ലെന്നും എന്നാൽ ഒരു വർഷം മുമ്പ് നിർമ്മിച്ച മന്ദിരം ചോർന്നൊലിക്കുകയാണെന്നും നേതാക്കൾ പ്രതികരിച്ചു. പാർലമെന്റ് നിർമാണത്തെക്കുറിച്ച് അന്വേഷണത്തിന് പ്രത്യേക കമ്മിറ്റി രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് എം.പി മണിക്കം ടാഗോർ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകി. 'പുറത്ത് ചോദ്യപേപ്പർ ചോർച്ച, അകത്ത് വെള്ളം ചോർച്ച' പാർലമെന്റ് ചോർന്നൊലിക്കുന്നതിന്റെ വീഡിയോ അദ്ദേഹം പങ്കുവെച്ച് അദ്ദേഹം കുറിച്ചു. നിർമാണം പൂർത്തിയായി ഒരു വർഷത്തിനകം കെട്ടിടത്തിൽ ചോർച്ചയുണ്ടായത് ഗൗരവമായി കാണണം. കെട്ടിടം വിശദമായി പരിശോധിക്കാൻ എല്ലാ പാർട്ടിയുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റി രൂപീകരിക്കണം. ചോർച്ചയുടെ കാരണവും നിർമാണത്തിന് ഉപയോഗിച്ച വസ്തുക്കളും വിശദമായി പരിശോധിച്ച ശേഷം ആവശ്യമായ അറ്റകുറ്റപ്പണികൾ കമ്മിറ്റി നിർദേശിക്കണമെന്നും മണിക്കം ടാഗോർ നോട്ടീസിൽ പറഞ്ഞു.

പുതിയതിനെക്കാൾ നല്ലത് പഴയ പാർലമെന്റ് മന്ദിരമാണെന്ന് സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് പറഞ്ഞു. പുതിയ മന്ദിരത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത് വരെ പഴയ മന്ദിരത്തിലേക്ക് മടങ്ങുന്നത് ആലോചിക്കണം. ബി.ജെ.പി സർക്കാറിന്റെ കാലത്ത് പുതുതായി നിർമിച്ച എല്ലാ കെട്ടിടങ്ങളുടെയും മേൽക്കൂര ചോർന്നൊലിക്കുന്നത് ഏതെങ്കിലും പ്രത്യേക ഡിസൈൻ മൂലമാണോ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണമാണോ എന്ന് ആളുകൾ ചോദിക്കുന്നെന്നും അഖിലേഷ് പരിഹസിച്ചു. ഇത് മോദിയുടെ അഹന്തയ്ക്കുള്ള തിരിച്ചടിയാണെന്ന് തൃണമൂൽ കോൺഗ്രസ് എം.പി മഹുവ മൊയ്ത്രയും പ്രതികരിച്ചു.

മുതിർന്ന മാധ്യമപ്രവർത്തകൻ രാജ്ദീപ് സർദേശായി പാർലമെന്റിനു മുന്നിലെ റോഡിലെ വെള്ളക്കെട്ടിന്റെ വീഡിയോ എക്സിൽ പങ്കുവെച്ചിട്ടുണ്ട്. നമ്മുടെ പുതിയ പാർലമെന്റ് പോലും വെള്ളത്തിൽ മുങ്ങുമ്പോൾ, പൗരൻമാരുടെ അവസ്ഥ പറയേണ്ടതില്ലല്ലോ. ശരിക്കും പറഞ്ഞാൽ നികുതിദായകരുടെ പണം ചോർന്നൊലിച്ചു പോവുകയാണ്- അദ്ദേഹം എക്സിൽ കുറിച്ചു.

20,000 കോടി രൂപ ചെലവിൽ കേന്ദ്ര സർക്കാർ നിർമിക്കുന്ന സെൻട്രൽ വിസ്ത പ്രൊജക്ടിന്റെ ഭാഗമായാണ് പുതിയ പാർലമെന്റ് മന്ദിരം നിർമിച്ചത്. 2023 മെയ് 28നാണ് പുതിയ മന്ദിരം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്.

# നിരീക്ഷണം

തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം.

(വിശുദ്ധ ഖുർആൻ: 09: 128)

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 മുഹറം 27 • 1199 കർക്കിടകം 18

## ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം

മലയാളികളെയാകെ കണ്ണീരിലാഴ്ത്തി പ്രകൃതി നാശം വിതച്ച വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം കൂടുകയാണ്. ഇനിയും ഒട്ടേറെ പേരെ കുറിച്ചുള്ള വിവരങ്ങൾ കിട്ടാനുമുണ്ട്. അതുകൊണ്ടുതന്നെ മരണ സംഖ്യ ഇവിടെയൊന്നും നിൽക്കില്ലെന്ന് വ്യക്തമാണ്. ബന്ധുക്കളും സുഹൃത്തുക്കളും പറയുന്നതനുസരിച്ച് കിട്ടിയ മൃതദേഹങ്ങളേക്കാൾ കൂടുതൽപേരെ കാണാതായിട്ടുണ്ടെന്നാണ്. ഈ സാഹചര്യത്തിൽ കനത്ത നാശം വിതച്ച ഉരുൾപൊട്ടൽ ദുരന്തം ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേരളം ആവശ്യപ്പെട്ടു കഴിഞ്ഞു. ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി വിളിച്ചുചേർത്ത മുസ്‌ലിംലീഗ് നേതാക്കളുടെ പ്രത്യേക അവലോകന യോഗവും സർക്കാരിനോട് ആവശ്യപ്പെട്ടു. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ യോഗം ഇതിനോടകം ചൂരൽമല ദുരന്തം ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടു കഴിഞ്ഞു. വയനാട്ടിലെ ഉരുൾപ്പൊട്ടലിനെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നു കേരളത്തിൽ നിന്നുള്ള എം.പിമാരും ആവശ്യപ്പെട്ടിരുന്നു. 2018 ലും 2019 ലും കേരളം രൂക്ഷമായ പ്രളയക്കെടുതി നേരിട്ടപ്പോഴും, 2015 ൽ ചെന്നൈയിൽ ഉണ്ടായ പ്രളയ സമയത്തും ദേശീയ ദുരന്തങ്ങളായി പ്രഖ്യാപിക്കണമെന്ന് കേരളവും തമിഴ്നാടും ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യങ്ങൾ നിരസിക്കുകയാണുണ്ടായത്. നിയമത്തിൽ അത്തരമൊരു വ്യവസ്ഥയില്ലെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു നടപടി. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക സാമ്പത്തിക സഹായങ്ങൾ നൽകുകയായിരുന്നു കേന്ദ്രം ചെയ്തത്.

2005 ലാണ് കേന്ദ്ര സർക്കാർ ദേശീയ ദുരന്ത നിവാരണ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നത്. എന്നാൽ നിയമത്തിൽ ദേശീയ ദുരന്തമെന്നോ പ്രാദേശിക ദുരന്തമെന്നോ വേർതിരിവില്ലെന്നാണ് വിദഗ്ധർ പറയുന്നത്. ദേശീയ ദുരന്ത നിവാരണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ദേശീയ ദുരന്ത നിവാരണ അതോറിറ്റി നിലവിൽ വരുന്നത്. ദേശീയ തലത്തിൽ പ്രധാനമന്ത്രിയും സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാരുമാണ് ഇതിന്റെ നേതൃത്വം വഹിക്കുക. ഒരു ദുരന്തത്തെ, ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിനുള്ള നിയമപരമോ ഭരണപരമോ ആയ വ്യവസ്ഥകളില്ലെന്നും സംസ്ഥാന ദുരന്ത നിവാരണ സേന (എസ്.ഡി.ആർ.എഫ്), ദേശീയ ദുരന്ത നിവാരണ സേന (എൻ. ഡി.ആർ.എഫ്) എന്നിവയുടെ നിലവിലുള്ള നിയമാവലികളിൽ ഒരു അത്യാപത്തിനെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിനുള്ള ഉപാധികൾ ഉൾപ്പെടുന്നില്ലെന്നും പാർലമെന്റിൽ ചോദ്യത്തിനുത്തരമായി ആഭ്യന്തര സഹമന്ത്രി കിരൺ റിജ്ജു നേരത്തെ വ്യക്തമാക്കിയിരുന്നു. എന്നാൽ 2001 ലെ ഗുജറാത്ത് ഭൂകമ്പത്തെയും 1999ൽ ഒഡീഷയിലുണ്ടായ ചുഴലിക്കൊടുങ്കാറ്റിനെയും 'പൂർവ ദൃഷ്ടാന്തങ്ങളില്ലാത്തത്ര ഭീകരതയാർന്ന ദുരന്തങ്ങളായി' സർക്കാർ പരിഗണിച്ചതായി, അന്നത്തെ കൃഷി സഹമന്ത്രിയായിരുന്ന ശ്രീപദ് നായിക്ക്, 2001 മാർച്ചിൽ പാർലമെന്റിൽ പറഞ്ഞിരുന്നു. ഒരു ദുരന്തത്തെ 'അപൂർവ ഗുരുതരമായ' അഥവാ 'ഗുരുതര സ്വഭാവമുള്ള' എന്നു പ്രഖ്യാപിച്ചു കഴിഞ്ഞാൽ സംസ്ഥാനത്തിനുള്ള പിന്തുണയും സഹായവും ദേശീയ തലത്തിൽ നിന്നാകണം. ദുരന്ത നിവാരണ സേനയുടെ അധിക സഹായവും കേന്ദ്രം പരിഗണിക്കും. ദുരന്തം നേരിടുന്നതിന് 'ദുരിതാശ്വാസ നിധി' (സി.ആർ.എഫ്) രൂപീകരിക്കുകയും അതിലേയ്ക്കുള്ള ധനം 3:1 എന്ന വിഭാഗത്തിൽ കേന്ദ്രവും സംസ്ഥാനവും പങ്കു വയ്ക്കുകയും ചെയ്യും. ഈ ദുരിതാശ്വാസ നിധി (സി.ആർ.എഫ്) യിൽ നിന്നുള്ള ധനം, പര്യാപ്തമല്ലെങ്കിൽ, 100 ശതമാനവും കേന്ദ്രത്തിന്റേതായ ദേശീയ ദുരന്ത നിവാരണ ഫണ്ട് (എൻ.സി.സി.എഫ്, നാഷണൽ കലാമിറ്റി കണ്ടിൻജൻസി ഫണ്ട്) ൽ നിന്നും അധികസഹായം അനുവദിക്കും. ദുരന്തത്തെ അപൂർവ ഗുരുതരമായി പ്രഖ്യാപിച്ച് കഴിഞ്ഞാൽ, ദുരന്തബാധിതരായ ജനങ്ങളുടെ വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ ഇളവനുവദിക്കുക, സഹായ വ്യവസ്ഥകളിൽ പുതുതായി കടങ്ങൾ നൽകുക എന്നിവയും സാധ്യമാകും. അമേരിക്കയിൽ 'ഫെഡറൽ എമർജൻസി മാനേജ്മെന്റ് ഏജൻസി (എഫ്.ഇ.എം.എ) ആണ് സർക്കാരിന്റെ ദുരിത നിവാരണ പരിപാടികളെ ഏകോപിപ്പിക്കുന്നത്. ഒരു സംസ്ഥാനത്തിനോ പ്രാദേശിക ഭരണ സംവിധാനത്തിനോ കൈകാര്യം ചെയ്യാനാവുന്നതിലും വലിയ ദുരന്തവേളയിൽ, പ്രവിശ്യയുടെ ഗവർണ്ണർ/ചീഫ് എക്സിക്യൂട്ടീവ്, സ്റ്റാഫോർഡ് ആക്ട് പ്രകാരം കേന്ദ്ര ഭരണത്തോട് സഹായമാവശ്യപ്പെടാം. ചില പ്രത്യേകാവസരങ്ങളിൽ ഗവർണ്ണറുടെ അപേക്ഷയില്ലാതെയും അമേരിക്കൻ പ്രസിഡന്റ് 'അടിയന്തിരാവസ്ഥ'യായി പ്രഖ്യാപിക്കാറുണ്ട്.

നിയമങ്ങൾ സൃഷ്ടിക്കപ്പെടുന്നതും അവ നടപ്പിലാക്കേണ്ടതും ജനങ്ങളുടെ ക്ഷേമത്തിനും സൗകര്യങ്ങൾക്കുമാണ്. വയനാട്ടിൽ എല്ലാം നഷ്ടപ്പെട്ട ഒരു ജനതയെ സഹായിക്കാനാണ് കേരളം ആവശ്യപ്പെടുന്നത്. നിയമത്തിന്റെ നൂലാമാലകളിൽ കുരുങ്ങി സഹായം നഷ്ടപ്പെടാൻ ഇട വരരുത്. എം.പിമാർക്ക് അവരുടെ ഫണ്ട് അനുവദിക്കാൻ കഴിയുംവിധം 'ഗുരുതര സ്വഭാവമുള്ള' ദുരന്തമായി പ്രഖ്യാപിക്കണമെന്ന ആവശ്യവും ചില എം.പിമാർ ഉന്നയിച്ചിട്ടുണ്ട്. വയനാടിന് എല്ലാനിലക്കും സഹായം ലഭിക്കേണ്ടതുണ്ട്; ദേശീയ ദുരന്തമായാലും ഗുരുതര സ്വഭാവമുള്ള ദുരന്തമായാലും ശരി. കഴിഞ്ഞ പ്രളയത്തിൽ സൈന്യം നടത്തിയ രക്ഷാപ്രവർത്തനത്തിന് 102 കോടി ബില്ലടച്ചവരാണ് കേരള ജനത. ആ ഗതി ഇപ്പോഴുമുണ്ടാകരുത്.

### അടിക്കുറിപ്പ്

ദുരന്തഭൂമിയായി മാറിയ വയനാട്ടിൽ എത്താനുള്ള സാമാന്യബോധം രാജ്യത്തിന്റെ പ്രധാനമന്ത്രി കാട്ടേണ്ടതായിരുന്നു. അത് ഉണ്ടാകാത്തത് നിർഭാഗ്യകരമാണ്. ഉരുൾപൊട്ടലിൽ സർവ്വസ്വവും നഷ്ടപ്പെട്ട നിരാലംബരായ ജനതക്ക് പരമാവധി സഹായം എത്തിക്കുന്നതിനാണ് കേന്ദ്രസംസ്ഥാന സർക്കാരുകൾ മുൻഗണന നൽകേണ്ടത്.

കെ. സുധാകരൻ

### ചരിത്രത്തിൽ ഇന്ന്

1834 ബ്രിട്ടീഷ് സാമ്രാജ്യത്തിൽ അടിമത്തം നിരോധിച്ചു.
1894 പ്രഥമ ചൈന ജപ്പാൻ യുദ്ധം ആരംഭിച്ചു.
1902 പനാമ കനാലിന്റെ നിയന്ത്രണം ഫ്രാൻസിൽ നിന്നും അമേരിക്ക സ്വന്തമാക്കി.
1941 ആദ്യത്തെ ജീപ്പ് നിർമാണം പൂർത്തിയായി.
1944 നാസി അധിനിവേശത്തിനെതിരെ പോളണ്ടിലെ വാഴ്സോയിൽ കലാപം പൊട്ടിപ്പുറപ്പെട്ടു.

# ഞങ്ങളുണ്ട് കൂടെ



പി.കെ കുഞ്ഞാലിക്കുട്ടി

നൂറുകണക്കിന് മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും അതിലുമെത്രയോ അധികം പേർക്ക് ഉറ്റവരും ഉടയവരും ഇല്ലാതാവുകയും ചെയ്ത വൻ ദുരന്തമാണ് വയനാട് മുണ്ടെക്കയിലുണ്ടായ ഉരുൾപൊട്ടൽ. ഇതിനുമുമ്പൊന്നും ഇത്രവലിയൊരു പ്രകൃതിദുരന്തം നമുക്കഭിമുഖീകരിക്കേണ്ടിവന്നിട്ടില്ല. പ്രകൃതി ദുരന്തങ്ങൾ മനുഷ്യർക്ക് തടയാനാവില്ല, പക്ഷേ, നമുക്കത് മറികടക്കാനാവും. ഓരോ ദുരന്തമുഖത്തും മലയാളി തുടർന്ന് പോരുന്ന സ്നേഹാർദ്രമായ ഇടപെടലും കരുതലും കൊണ്ടാണ് നമ്മളോരോ കാലത്തും സർവതും നഷ്ടപ്പെട്ടവരെ ജീവിതത്തിലേക്ക് തിരികെകൊണ്ടുവന്നത്. മുണ്ടക്കൈയിലും അതാവർത്തിക്കുമെന്നുറപ്പാണ്. അത്രയധികം മനുഷ്യരാണ് നേരിട്ടും പ്രാർത്ഥനകളായും ദുരന്തത്തിനിരയായവർക്കൊപ്പം നിലകൊള്ളുന്നത്. ഈ കരുതലിലൂടെ സഹജീവികളെയും നാടിനെയും ചേർത്തുപിടിക്കാൻ കഴിയും.

മുണ്ടക്കൈ ഉരുൾപൊട്ടലിന്റെ കണ്ണീർ നനവുകളിലാണിപ്പോഴും മലയാളികൾ. നാടിതുവരെ അഭിമുഖീകരിക്കാത്ത ദുരന്തമുഖത്ത് ആദ്യദിനം തന്നെ പാണക്കാട് സയ്യിദ് സാദിഖലി തങ്ങൾക്കൊപ്പമെത്താനും ദുരിതബാധിതരെ നേരിട്ട് കണ്ട് ആശ്വസിപ്പിക്കാനും സാധിച്ചിരുന്നു. ഇന്നലെ വയനാട് കലക്ടറേറ്റിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ ചേർന്ന സർവകക്ഷി യോഗത്തിൽ സംബന്ധിക്കുകയും ഇവ്വിഷയത്തിൽ മുസ്‌ലിം ലീഗിനുള്ള പിന്തുണയും അഭിപ്രായങ്ങളും പങ്കുവെക്കുകയും ചെയ്തു.

നമുക്കൂഹിക്കാൻ കഴിയുന്നതിലും വലിയ ദുരന്തമാണ് മുണ്ടക്കൈയിലുണ്ടായത്. വെള്ളരിമല, ചെമ്പമല എന്നിവ ഉൾക്കൊള്ളുന്ന ക്യാമൽ ഹമ്പ് (ഒട്ടകപുഞ്ചി) എന്ന് വിശേഷിപ്പിക്കപ്പെടുന്ന മൗണ്ടൈൻ കോംപ്ലക്സിലെ പുഞ്ചിരിമട്ടം നിശ്ചിന വനഭൂമിയായിരുന്നു ഉരുൾപൊട്ടലിന്റെ പ്രഭവസ്ഥാനം. അതിശക്തമായ ഒന്നിലധികം ഉരുൾപൊട്ടലിൽ മുണ്ടക്കൈ ആകെ ഇല്ലാതായി. പുഞ്ചിരിമട്ടത്തും ചൂരൽമലയിലും വലിയ നാശനഷ്ടങ്ങൾ സംഭവിച്ചു. അർധരാത്രിയിൽ വലിയ ശബ്ദത്തിനൊപ്പം കുത്തിയൊലിച്ച് വന്ന മലവെള്ളപ്പാച്ചിലിൽ നിരവധി ജീവനുകളാണ് ഒഴുകിപോയത്. അതിലധികം പേർക്ക് പരിക്കേറ്റു. പല കുടുംബങ്ങളും പൂർണമായി ഇല്ലാതായി. നൂറുകണക്കിന് വീടുകൾ തറക്കല്ല് പോലും ബാക്കിയാവാതെ തകർന്നടിഞ്ഞു. കനത്തു പെയ്ത മഴയിൽ അത്താഴം കഴിച്ച് കിടന്നവരുടെ മുന്നിൽ ഒറ്റയുറക്കിൽ ഇല്ലാതാവുകയായിരുന്നു മുണ്ടക്കൈ എന്ന തോട്ടം മേഖല. ഒറ്റ രാത്രി കൊണ്ട് ഒരു നാട് തന്നെ ഇല്ലാതായ കാഴ്ച. അറ്റം കാണാത്ത വൻമരങ്ങൾക്കും പാറക്കൂട്ടങ്ങൾക്കുമൊപ്പം കുതിച്ചെത്തിയ ചളിമണ്ണ് മുണ്ടക്കൈയിൽ ജീവിതം തുന്നിയിരുന്നവരെ വാരിയെടുത്ത് ചാലിയാർ പുഴയോളം ഒഴുകി.

മേപ്പാടി പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരം 400ലധികം വീടുകളാണ് ഇവിടെയുണ്ടായിരുന്നത്. എന്നാൽ നിലവിൽ മുണ്ടക്കൈയിൽ അവശേഷിക്കുന്നത് വെറും 30 വീടുകൾ മാത്രമാണെന്ന് പഞ്ചായത്ത് അധികൃതർ സാക്ഷ്യപ്പെടുത്തുന്നു. പുഞ്ചിരിമട്ടത്തെയും വെള്ളരിമലയിലെയും എസ്റ്റേറ്റ് കെട്ടിടങ്ങളും ഒലിച്ചുപോയി. ദിവസങ്ങളായി തുടരുന്ന തിരച്ചിലിലും കാണാതായ പലരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ നമ്മളൊരുമിച്ച് നിൽക്കേണ്ടത് അത്യാവശ്യമാണ്. അവസാനത്തെ ജീവനെയും രക്ഷിക്കാനും മരണത്തിന് കീഴടങ്ങേണ്ടി വന്ന മുഴുവനാളുകളെയും കണ്ടെടുക്കാനും സാധിക്കണം. അതിനാവശ്യമായ മനുഷ്യവിഭവശേഷിയും സാങ്കേതിക വിദ്യകളും നൂതന ഉപകരണങ്ങളും ഭരണകൂടം ഉറപ്പാക്കണം. സേവനസജ്ജരായ വ്യക്തികളെയും സംഘടനകളെയും സഹകരിപ്പിച്ച് സാധ്യമായ എല്ലാ വഴികളും തേടണം. നിലവിൽ നടക്കുന്ന രക്ഷാപ്രവർത്തനങ്ങളും ഏകോപനവും ശ്ലാഘനീയമാണ്. ഇത് തുടരാനാവണം. നമ്മുടെ പരിമിതികൾ മറികടക്കാനും മനുഷ്യസാധ്യമായതെല്ലാം ചെയ്യാനും തോളോട്തോൾ ചേർന്ന് പ്രവർത്തിക്കുന്ന സാഹചര്യമാണ് ഇപ്പോൾ ഈ നാടിനാവശ്യം.

ദുരന്തത്തിനിരയായവരുടെ പുനരധിവാസവും ചികിത്സയുമുൾപ്പെടെയുള്ള കാര്യങ്ങൾ അടിയന്തിര പ്രധാന്യത്തോടെ വേണം കൈകാര്യം ചെയ്യാൻ. മിക്കയിടത്തും സ്കൂളുകൾ കേന്ദ്രീകരിച്ചാണ് ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. അവിടങ്ങളിൽനിന്നും ഇറങ്ങേണ്ടിവരുന്നവർക്ക് സ്വന്തമായി വീടാവുന്നത് വരെ താമസിക്കാൻ സർക്കാർ സൗകര്യമൊരുക്കണം. അതിനായി കെട്ടിടങ്ങളും വാടകയും ഉറപ്പുവരുത്താനും മാനസികമായും ശാരീരികമായും തകർന്നവർക്ക് ഇനിയൊരു പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിവരാത്ത വിധം ഉണർന്നുപ്രവർത്തിക്കാനും ഭരണകൂടം ജാഗ്രത പുലർത്തണം.

ദുരന്തമുഖത്ത് സദാസമയവും ജാഗരൂകരായി മുസ്‌ലിംലീഗിന്റെയും മുഴുവൻ പോഷകഘടകങ്ങളുടെയും പ്രവർത്തകരുണ്ട്. ജീവകാരുണ്യപ്രവർത്തനവും സേവനസന്നദ്ധതയും പോലുള്ള നിർമാണാത്മകതയാണ് മുസ്‌ലിം ലീഗിന്റെ രാഷ്ട്രീയം. ദുരന്തമുഖത്തെത്തിയ മുസ്‌ലിം ലീഗ് നേതാക്കളോട് സി.എച്ച് സെന്ററിന്റെ ആംബുലൻസുകൾ വിട്ടുതരണമെന്ന് വയനാട് ജില്ലാ കലക്ടർ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് സെന്ററിന്റേതുൾപ്പെടെ ആംബുലൻസുകൾ സൗജന്യമായി വിട്ടുനൽകി. രക്ഷാപ്രവർത്തകർക്ക് മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും ലഭ്യമാക്കാനും പ്രാദേശികമായി ആവശ്യമുള്ള മുഴുവൻ കാര്യങ്ങളും ഏകോപിപ്പിക്കാനും മുസ്‌ലിം ലീഗ് പ്രവർത്തകർ സദാസജ്ജരായി ദുരന്തമുഖത്തുണ്ട്. യൂത്ത് ലീഗിന്റെ സേവനവിഭാഗമായ വൈറ്റ് ഗാർഡ് അംഗങ്ങൾ കേന്ദ്ര സേനകളുമായി കൈകോർത്താണ് പ്രവർത്തിക്കുന്നത്.

ഇനിയും കണ്ടെത്താനുള്ളവർക്കും കാണാതായവർക്കും വേണ്ടി രേഖകൾ പുനക്രമീകരിച്ചും വിശദമായ അന്വേഷണം നടത്തിയും ഒരു മനുഷ്യജീവൻ പോലും മണ്ണിലകപ്പെട്ടുപോയില്ലെന്ന് ഉറപ്പുവരുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അതിശക്തമായ മഴയുള്ള ജില്ലയാണ് വയനാട്. ഇവിടത്തെ ഭൂമിയുടെയും മണ്ണിന്റെയും പ്രത്യേകതകൾ കൊണ്ട് തന്നെ ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾക്ക് സാധ്യത കൂടുതലാണ്. ഈ സാഹചര്യത്തിൽ സർക്കാർ കൂടുതൽ ജാഗരൂകമാവണം. കണിശമായ ജാഗ്രതയും മുൻകരുതലും പ്രതിരോധ പ്രവർത്തനങ്ങളുംകൊണ്ട് അപകടത്തിന്റെ വ്യാപ്തി കുറക്കാനാവും. വികസിത രാജ്യങ്ങൾ തുടർന്ന് പോരുന്ന മാതൃകകൾ പഠിക്കാനും അതിന്റെ ഗുണവശങ്ങൾ പ്രയോഗിക്കാനും നമുക്കാവണം. മതിയായ ശാസ്ത്രീയ പഠനങ്ങളും ആവശ്യമാണ്.

ഉറ്റവരുടെ വേർപാടുണ്ടാക്കിയ നഷ്ടങ്ങളും നോവുകളും നമുക്ക് നികത്താനാവില്ല. എന്നാൽ എല്ലാം നഷ്ടപ്പെട്ടവർക്കൊപ്പം ഞങ്ങളുമുണ്ടെന്നും ഒരുമിച്ച് മുന്നേറാമെന്നും ഉറപ്പ് നൽകാനും അതിനായി നടത്തുന്ന ശ്രമങ്ങളുമാണ് ഈ സാഹചര്യത്തിൽ അഭിലഷണീയം. അത് ദുരിതബാധിതർക്ക് നൽകുന്ന ആശ്വാസം വിലമതിക്കാനാവാത്തതാവും. അതിന് ഭരണകൂടം മുന്നിൽ നിൽക്കണം. സർവസജ്ജമായി മുസ്‌ലിം ലീഗ് കൂടെയുണ്ട്.

(തയ്യാറാക്കിയത്:
കെ.എസ് മുസ്തഫ)

# കരളുരുകും കാഴ്ചകൾ



പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ

ഓരോ പ്രകൃതിദുരന്തങ്ങളും മനുഷ്യന്റെ നിസാരതയും നിസ്സഹായാവസ്ഥയുമാണ് വെളിവാക്കുന്നത്. പ്രകൃതിയുടെ കലിയിൽ ഒന്ന് പിന്തിരിഞ്ഞോടാൻ പോലുമാകാതെ കീഴടങ്ങുകയായിരുന്നു മുണ്ടക്കൈയും പരിസരപ്രദേശങ്ങളും. നാടിതുവരെ കണ്ടിട്ടില്ലാത്തത്ര ഭീതിതമായ സാഹചര്യം. തിരിമുറിയാത്ത മഴയിൽ വെള്ളരിമല പൊട്ടിത്തകർന്നൊഴുകിയപ്പോൾ ഇല്ലാതായത് ഒന്നിലധികം ഗ്രാമങ്ങളാണ്. സ്വപ്നവും പ്രതീക്ഷയുമായി രാത്രി കിടന്നുറങ്ങിയ നൂറുകണക്കിന് പേരാണ് കുത്തിയൊലിച്ചെത്തിയ വൻമരങ്ങൾക്കും പാറക്കൂട്ടങ്ങൾക്കും മുന്നിൽ കീഴടങ്ങിയത്. പരിക്കേറ്റവരും സർവതും നഷ്ടപ്പെട്ടവരും അതിലുമെത്രയോ മടങ്ങ് അധികം വരും. നഷ്ടങ്ങളുടെ കണക്ക് ഇനിയും തിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു.

ദുരന്തം നടന്നതിന്റെ പിറ്റേന്ന് ചൂരൽമലയിലെത്തിയ ഞങ്ങൾക്ക് കാണേണ്ടിവന്നത് ജീവനറ്റ മനുഷ്യശരീരങ്ങളുമായി വരിവരിയായി നീങ്ങുന്ന ആംബുലൻസുകളെയാണ്. അവയുടെ സൈറണുകളേക്കാൾ തീവ്രമായിരുന്നു ഉറ്റവരുടെ നെഞ്ചുപൊട്ടിയുള്ള നിലവിളികൾ. മാതാപിതാക്കളെയും മക്കളെയും സഹോദരങ്ങളെയും നഷ്ടപ്പെട്ടവരുടെ വേദനകൾ. കുത്തിയൊലിച്ചുപായുന്ന പുന്നപ്പുഴക്കപ്പുറം കാണാമറയത്തായിപോയ സ്വന്തങ്ങളെ കാത്തിരിക്കുന്നവരുടെ ഹൃദയമിടിപ്പുകൾ...

മൂന്ന് നാളുകൾക്കിപ്പുറം ദുരന്തബാധിതർ താമസിക്കുന്ന കൽപ്പറ്റയിലെ ക്യാമ്പുകളിലെത്തിയപ്പോഴും ആ കണ്ണീരുകൾ അവസാനിച്ചിരുന്നില്ല. ഇന്നലെയും മരിച്ചവരുടെ ശരീരവുമായി ആംബുലൻസുകൾ ആശുപത്രികളിലെത്തിക്കൊണ്ടിരുന്നു. പൊള്ളുന്ന ഓർമകളിൽ നെഞ്ചുരുകുന്നവരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ് ദുരിതാശ്വാസക്യാമ്പുകൾ. ഓരോ ക്യാമ്പുകൾ കാണുമ്പോഴും നെഞ്ചുരുകുകയായിരുന്നു. എല്ലാം നഷ്ടപ്പെട്ട്, ധരിച്ച വസ്ത്രം മാത്രം ബാക്കിയായി ക്യാമ്പിലെത്തിയവർ. ഇനിയെന്നെങ്കിലും പഴയതുപോലെയാവുമെന്ന് ഒരുറപ്പുമില്ലാതെ മരബെഞ്ചുകളിൽ പ്രാർത്ഥനാ നിരതരായവർ. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവർ. മരണത്തെ മുന്നിൽകണ്ട് തിരിച്ചുവന്നവർ. കൂടെയുണ്ടായിരുന്നവർ എവിടെയെന്ന് പോലും അറിയാൻ കഴിയാത്തവർ...

ദുരന്ത മുഖത്ത്നിന്ന് രക്ഷതേടി കരപറ്റുമ്പോൾ പലരുടെയും മുന്നിലൂടെ മനുഷ്യശരീരങ്ങൾ ഒലിച്ചുപോവുന്നുണ്ടായിരുന്നുവത്രെ. പൊട്ടിയടർന്ന വീടുകളും പാറക്കെട്ടുകൾ




*കൽപ്പറ്റ എസ്.എ.എൽ.പി സ്കൂൾ ക്യാമ്പിൽ കഴിയുന്ന മുണ്ടക്കൈ ഉരുൾപൊട്ടലിലെ ദുരിതബാധിതരെ മുനവ്വറലി തങ്ങളും യൂത്ത് ലീഗ് നേതാക്കളും സന്ദർശിക്കുന്നു*

നിറഞ്ഞ മണ്ണുമുപേക്ഷിച്ച് കാമ്പുകളിലേക്ക് വരേണ്ടിവന്നവർക്ക് ഇനി നമ്മളാണ് കൂട്ടിനുണ്ടാവേണ്ടത്. അവർക്കാവശ്യമായ ചികിത്സയും കൗൺസിലിംഗുകളും നമ്മുടെ ഉത്തരവാദിത്വമാണ്. അവർക്കൊപ്പമിരിക്കേണ്ടതും അവരിലൊരാളാവേണ്ടതും നമ്മളാണ്. നഷ്ടപ്പെട്ടതൊന്നും തിരിച്ചുനൽകാനാവില്ലെങ്കിലും കൂടെയുണ്ടെന്ന തോന്നൽ മതിയാവും അവർക്കിതിനെയൊക്കെ അതിജീവിക്കാൻ. അതോടൊപ്പം തന്നെ പ്രധാനമാണ് രക്ഷാപ്രവർത്തകരുടെ സേവനങ്ങളും. വ്യക്തിപരമായ മുഴുവൻ ആവശ്യങ്ങളും ഉപേക്ഷിച്ചാണ് ചളിനിറഞ്ഞ മണ്ണിൽ അവർ, ചളി കലരാത്ത മനസ്സുമായി മനുഷ്യർക്ക് വേണ്ടി തിരച്ചിൽ നടത്തുന്നത്. ദുരന്തത്തിൽ ചത്തുപൊന്തിയ മാനുകളുടെയുൾപ്പെടെ ശരീരങ്ങളിൽ നിന്ന് അവർക്ക് പകർച്ചവ്യാധികൾ പിടിപെട്ടേക്കാം. രക്ഷാപ്രവർത്തകാവശ്യമായ മരുന്നുകളും മറ്റും ഉറപ്പാക്കാനാവണം. മുസ്‌ലിം യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ അടിയന്തിരാവശ്യങ്ങൾക്കുള്ള മെഡിക്കൽ കിറ്റുകൾ എത്തിച്ചിട്ടുണ്ട്. അതിനിയും തുടരും. മുഴുവൻ സമയവും സേവനങ്ങളിൽ മുഴുകിയ വൈറ്റ് ഗാർഡ് അംഗങ്ങളടക്കമുള്ള രക്ഷാപ്രവർത്തകർക്കും സാധ്യമായ മുഴുവൻ സഹായങ്ങളുമായി കൂടെ നിൽക്കുന്നവർക്കും മുസ്‌ലിം യൂത്ത് ലീഗ് അഭിവാദ്യമർപ്പിക്കുന്നു.

ഈ കാലവും കടന്നുപോവും. അന്ന് പ്രകൃതി നൽകിയ കനത്ത ദുരന്തത്തെ സ്നേഹവും കരുതലും കൊണ്ട് മറികടന്ന മലയാളിയുടെ ആത്മസമർപ്പണം വാഴ്ത്തപ്പെടും.

# മനസ്സേ! അടങ്ങുക..



വെള്ളിത്തെളിച്ചം

ടി.എച്ച് ദാരിമി

വേദനിപ്പിക്കുന്നതാണെങ്കിലും മനുഷ്യന്റെ പരിസരത്ത് നടക്കുന്നതെല്ലാം അവനോടുള്ള ദൈവത്തിന്റെ സംസാരങ്ങളാണ് എന്നാണ് വിശ്വാസികളുടെ പക്ഷം. അതിനാൽ അത്തരത്തിൽ കൂടി ഒന്നു ഇറങ്ങി ചിന്തിക്കാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്. അവരെ ചിന്തിപ്പിക്കേണ്ട വിഷയം സംഹാര രൗദ്രവം നടത്തിയിരിക്കുന്നത് വെള്ളമാണ് എന്ന വസ്തുതയാണ്. കുടിക്കുകയും കുളിക്കുകയും കഴുകുകയും നമ്മെ തലോടി ഒഴുകുകയും ചെയ്യുന്ന വെറും പച്ചവെള്ളം. പക്ഷേ, അതും സ്രഷ്ടാവിന്റെ സൃഷ്ടിയാണ്. സ്രഷ്ടാവിന് അതിനെയും എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാം. ഇവിടെ അവൻ ജനജീവിതം രക്ഷിക്കാനുള്ള പ്രധാന ഉപാധിയായ വെള്ളത്തെ അതേ ജന ജീവിതങ്ങളെ പരീക്ഷിക്കാൻ ഉപയോഗിച്ചിരിക്കുന്നു. ഇത് അവന്റെ പരമാധികാരവും തീരുമാനവും ആണ്. അതു വരുമ്പോൾ ആർക്കും ഒന്നിനും തടയാനാവില്ല. അവന്റെ തീരുമാനത്തിന്റെ മുൻപിൽ ശാസ്ത്രവും സാങ്കേതികതയും ഉപയോഗിച്ച് നാം കണ്ടെത്തുന്ന എല്ലാ സംവിധാനങ്ങളും ഏറെ അനിവാര്യമായ സമയത്തെങ്കിലും നിഷ്ഫലമായി പോകുന്നതു നാം കാണുന്നുണ്ടല്ലോ. ഇത്തരത്തിലുള്ള രൗദ്ര സന്ദേശങ്ങൾ അവൻ ജനപദങ്ങൾക്ക് ഇടയ്ക്കിടെ നൽകുന്നത് തന്നെയാണ്. ആദ്യമായിട്ടല്ല ഇതൊന്നും സംഭവിക്കുന്നത്. സ്വവർഗ രതിക്കാരായിരുന്ന സദൂമിയൻ ജനതയെ അല്ലാഹു നശിപ്പിച്ചത് അവരുടെ നാടിനെ കീഴ്മേൽ മറിച്ചിട്ട് ആയിരുന്നു. അത് അല്ലാഹു ഇങ്ങനെ ഓർമിപ്പിക്കുന്നു: 'അങ്ങനെ നമ്മുടെ ഉൻമൂലനോത്തരവ് വന്നപ്പോൾ ആ നാട് നാം കീഴ്മേൽ മറിച്ചിടുകയും, അഗ്നിയിൽ ചുട്ടെടുത്തതും രക്ഷിതാവിങ്കൽ അടയാളപ്പെടുത്തപ്പെട്ടതുമായ നിരനിരയായ കല്ലുകൾ അവർക്കുമീതെ വർഷിക്കുകയുമുണ്ടായി' (ഹൂദ്: 82). അത് കല്ലുമഴ പെയ്യിച്ചു കൊണ്ടായിരുന്നു. ഇവിടെയും ഭൂമി കീഴ്മേൽമറിച്ചിട്ടിരിക്കുക തന്നെയാണല്ലോ. പ്രകൃതിദുരന്തങ്ങളെല്ലാം ദൈവീക ശിക്ഷകളാണ് എന്നു പറയുകയല്ല ചെയ്യുന്നത്. മറിച്ച് അവ ദൈവീക സന്ദേശങ്ങളാണ്. അവൻ അവ വഴി സന്ദേശം നൽകുന്നത് ജനങ്ങളെ കുറ്റപ്പെടുത്താനോ ആക്ഷേപിക്കാനോ അല്ല. മറിച്ച്, അവർക്ക് വഴി തെറ്റിയിട്ടുണ്ടെങ്കിൽ തിരിച്ചുവരാനുള്ള അവസരം ഒരുക്കാൻ വേണ്ടിയാണ്. അവൻ അളവറ്റ ദയാപരനും കരുണാവാരിധിയുമാണ്.

വെള്ളത്തിന്റെ രൗദ്രത ചരിത്രത്തിൽ ഏറെ കാണപ്പെട്ട രംഗം മഹാപ്രളയം തന്നെയാണ്. എല്ലാ വിശ്വാസങ്ങളിലും സ്ഥാനം പിടിച്ച ഒരു മഹാ ചരിത്രമാണ് പ്രളയത്തിന്റേത്. അന്ന് ആ പ്രളയത്തിനു കാരണമായ വെള്ളം കാണിച്ച രൗദ്രത വിശുദ്ധ ഖുർആനിൽ അല്ലാഹു എല്ലാ കാലത്തിനും ചിന്തിക്കാൻ വേണ്ടി കുറിച്ചുവെച്ചിട്ടുണ്ട്. ഖുർആൻ പറയുന്നു: 'തത്സമയമദ്ദേഹം (നൂഹ് നബി) തന്റെ നാഥനെ വിളിച്ച് ഞാൻ കീഴ്പെടുത്തപ്പെട്ടതിനാൽ എന്നെ സഹായിക്കേണമേ എന്നു കേണപേക്ഷിക്കുകയും, കുത്തിച്ചൊരിയുന്ന വെള്ളവുമായി വാനകവാടങ്ങൾ നാം തുറക്കുകയും ഭൂമിയിൽ ഉറവകളൊഴുക്കുകയുമുണ്ടായി. അങ്ങനെ നിശ്ചയിക്കപ്പെട്ട ഒരു ഗുരുതര വിഷയത്തിനായി ആ ജലം സംഗമിക്കുകയും നമ്മുടെ ദൃഷ്ടിപഥത്തിൽ സഞ്ചരിക്കുന്നതും പലകകളും ആണികളുമുള്ളതുമായ ഒരു ജലയാനത്തിൽ അദ്ദേഹത്തെ നാം വഹിക്കുകയും ചെയ്തു. ആ പ്രളയ മഹാസംഭവം ഒരു ദൃഷ്ടാന്തമായി നാമവശേഷിപ്പിച്ചു; എന്നാൽ ചിന്തിച്ചു ഗ്രഹിക്കുന്നവരായി ആരെങ്കിലുമുണ്ടോ? (അൽ ഖമർ:1115). ഈ പ്രളയത്തിനു വേണ്ടി ജലം സംഗമിച്ച രീതി ഇപ്പോൾ നമ്മുടെ ചർച്ചയിലും പ്രസക്തമാണ്. ആകാശത്തിൽ നിന്ന് മഴയായി വെള്ളത്തിന്റെ ഷട്ടറുകൾ അല്ലാഹു തുറന്നിട്ടു. ഭൂമിയിൽ നിന്ന് തിളച്ചു വരുന്ന ഉറവകളുടെ ധാരകളും തുറന്നുവിട്ടു. മുകളിൽ നിന്നും താഴെ നിന്നും ഉള്ള രണ്ടു ജലവും ആ ജനതയെ നശിപ്പിക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി പരസ്പരം സംഗമിച്ചു. ഈ മൂന്ന് കാര്യങ്ങളാണ് മഹാപ്രളയമായി പരിണമിച്ചത്. ഈ വിധം തന്നെയാണ് ഇപ്പോഴും പ്രളയങ്ങൾ ഉണ്ടാകുന്നത്. ആകാശത്തു നിന്നുള്ള മഴ അനിയന്ത്രിതമാകുമ്പോൾ ഭൂമിയിൽ നിന്നുള്ള ഉറവ ഉണരുന്നു. രണ്ടും കൂടി ഒരേ ബിന്ദുവിൽ കണ്ടുമുട്ടുമ്പോൾ അതു പ്രളയമായി ഭവിക്കുന്നു. പിന്നീട് എന്താണ് സംഭവിച്ചത് എന്നും അല്ലാഹു തന്നെ വിശദീകരിക്കുന്നു: 'ഭൂമീ! നിന്റെ വെള്ളം നീ വിഴുങ്ങൂ. ആകാശമേ, മഴ നിർത്തൂ എന്ന് കൽപന നൽകപ്പെട്ടു. വെള്ളം വറ്റുകയും ഉത്തരവ് നിറവേറ്റപ്പെടുകയും ചെയ്തു' (11:44). എല്ലാം സ്രഷ്ടാവിന്റെ പരീക്ഷണ രീതികൾ ആണ് എന്നു പറഞ്ഞു വന്ന നാം, അതിനെ അതിജീവിക്കാനും അതിജയിക്കാനും എന്താണ് മാർഗം എന്നതുകൂടി ഈ സൂക്തത്തിൽനിന്നും മനസ്സിലാക്കുന്നു. അത് അല്ലാഹുവിലേക്ക് തന്നെ ഖേദപൂർവം മടങ്ങുകയും അതു ബോധിച്ചു അവൻ രക്ഷപ്പെടുത്തുകയും ചെയ്യുകയല്ലാതെ ആത്യന്തികമായി മറ്റൊരു മാർഗവുമില്ല. അതിനാൽ ദുരന്തങ്ങൾക്കുമുമ്പിൽ നാം വെറും അടിമകൾ മാത്രമാണ് എന്ന് തിരിച്ചറിയുകയും സ്രഷ്ടാവിന്റെ മുൻപിൽ വിനയപൂർവം അത് ബോധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുകയാണ് ഇത്തരം സാഹചര്യത്തിൽ ചെയ്യേണ്ടത് എന്ന് വിശ്വാസികൾ കരുതുന്നു.

RNI 3018/1957 Vol No. 91. Issue No.201 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



ഉരുൾപൊട്ടൽ ദുരന്തമുണ്ടായ സ്ഥലത്തുനിന്നും രക്ഷാപ്രവർത്തകർ മരിച്ചവരുടെ മൃതദേഹം പുറത്തെത്തിക്കുന്നു. സി.കെ. തൻസീർ

# പുനരധിവാസം സമഗ്രമായി നടപ്പാക്കണം: സർവകക്ഷിയോഗം

കൽപ്പറ്റ: സംസ്ഥാനം കണ്ട ഏറ്റവും വലിയ ദുരന്തത്തെ തുടർന്ന് മികച്ച രക്ഷാപ്രവർത്തനമാണ് അപകടമുനമ്പിൽ കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി നടന്നതെന്ന് വ്യാഴാഴ്ച മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന സർവകക്ഷി യോഗം അഭിപ്രായപ്പെട്ടു. എല്ലാവരും ഒന്നിച്ചു നിന്ന് പ്രതിസന്ധിഘട്ടം തരണം ചെയ്യണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ചൂണ്ടിക്കാട്ടി. സർക്കാരിന് പ്രതിപക്ഷത്തിന്റെ പൂർണ പിന്തുണയുണ്ട്. കാണാതായവരെ കണ്ടെത്തണം.

കാലാവസ്ഥ വിഷയത്തിൽ കുസാറ്റിന്റെ വൈദഗ്ധ്യം കൂടി പ്രയോജനപ്പെടുത്തി ദുരന്തങ്ങൾ തടയേണ്ടതുണ്ട്. സമയബന്ധിതമായി കൃത്യം ലക്ഷ്യത്തോടെ വേണം പുനരധിവാസം നടപ്പാക്കാനെന്ന് പ്രതിപക്ഷ ഉപനേതാവും മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറിയുമായ പി കെ കുഞ്ഞാലിക്കുട്ടി ചൂണ്ടിക്കാട്ടി. സർക്കാറിന്റെ പ്രവർത്തനം ശ്ലാഘനീയമാണെന്ന് പി സന്തോഷ് കുമാർ എംപി പറഞ്ഞു. മരണപ്പെട്ടവരിൽ അന്യസംസ്ഥാനക്കാരുടെ കണക്ക് കൃത്യമായി കണ്ടെത്തണം. പുനരധിവാസത്തിന്റെ എല്ലാ വശങ്ങളും ഒറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരണമെന്ന് ജോസ് കെ മാണി എംപി പറഞ്ഞു. ദുരന്തത്തിൽ നിന്ന് രക്ഷപ്പെട്ടവരുടെ മാനസിക സ്ഥിതി ഭയാനകമാണെന്നും അവർക്ക് കൂടുതൽ കാര്യക്ഷമമായ കൗൺസിലിംഗ് നൽകണമെന്നും സ്ഥലം എംഎൽഎ ടി സിദ്ദിഖ് ആവശ്യപ്പെട്ടു. പുനരധിവാസത്തിനായി വലിയ കൂട്ടായ്മയ്ക്ക് സർക്കാർ നേതൃത്വം കൊടുക്കണം. കാണാതായ ആളുകളെ കണ്ടെത്താൻ പ്രത്യേക ടീമിനെ നിയോഗിക്കണമെന്ന് സുൽത്താൻബത്തേരി എംഎൽഎ ഐ സി ബാലകൃഷ്ണൻ ആവശ്യപ്പെട്ടു. മലപ്പുറത്ത് കണ്ടെടുത്ത മൃതദേഹങ്ങൾ തിരിച്ചറിയാൻ വയനാട്ടിൽ തന്നെ സൗകര്യമൊരുക്കണമെന്ന് പി പി സുനീർ എംപി ആവശ്യപ്പെട്ടു. വെള്ളാർമല സ്കൂളിലെ കുട്ടികളെ മുഴുവൻ വേറെ സ്കൂളിലേക്ക് മാറ്റണമെന്നും കാലാവസ്ഥ നിരീക്ഷിക്കാൻ പ്രത്യേക സൗകര്യം വേണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷംഷാദ് സമരക്കാർ ആവശ്യപ്പെട്ടു.

സർവകക്ഷി യോഗത്തിൽ ഉയർന്ന അഭിപ്രായങ്ങൾ പുനരധിവാസ പ്രക്രിയയെ സഹായിക്കുമെന്ന് യോഗത്തിന് ഒടുവിൽ സംസാരിച്ച മുഖ്യമന്ത്രി പിണറായി വിജയൻ ചൂണ്ടിക്കാട്ടി. ക്യാമ്പുകൾ രണ്ടോ മൂന്നോ ദിവസം കൊണ്ട് അവസാനിപ്പിക്കാൻ പറ്റില്ല. കുറച്ചു ദിവസം കൂടി തുടരേണ്ടി വരും. ക്യാമ്പ് നടത്തിപ്പ് അവിടെയുള്ള സിസ്റ്റത്തിലൂടെ വേണം നടക്കാൻ. അന്യസംസ്ഥാനക്കാരുടെ വിഷയം പ്രത്യേകമായി തന്നെ സർക്കാർ പരിഗണിക്കുന്നതായി മുഖ്യമന്ത്രി വ്യക്തമാക്കി. കളക്ടറേറ്റിലെ എപിജെ ഹാളിൽ നടന്ന യോഗത്തിൽ മന്ത്രിമാരായ കെ രാജൻ, റോഷി അഗസ്റ്റിൻ, പി എ മുഹമ്മദ് റിയാസ്, എ കെ ശശീന്ദ്രൻ, ജെ ചിഞ്ചുറാണി, വീണാ ജോർജ്, പി പ്രസാദ്, കെ കൃഷ്ണൻകുട്ടി, ജി ആർ അനിൽ, രാമചന്ദ്രൻ കടന്നപ്പള്ളി, വി എൻ വാസവൻ, ഒ ആർ കേളു, വി അബ്ദുറഹ്മാൻ, എം എൽഎമാരായ എം കെ മുനീർ, അഹമ്മദ് ദേവർകോവിൽ, മേപ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ ബാബു, ചീഫ് സെക്രട്ടറി ഡോ. വി വേണു, ഡിജിപി ഷേഖ് ദർവാസ് സാഹിബ്, ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ തുടങ്ങിയവർ സംബന്ധിച്ചു.

## ദേശീയ ദുരന്തം: രാഹുൽ ഗാന്ധി

മേപ്പാടി: വയനാട്ടിൽ സംഭവിച്ചതു ദേശീയ ദുരന്തമെന്നു ലോകസഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി. മേപ്പാടി മൂപ്പൻസ് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്നവരെ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രദേശവാസികളുടെ അവസ്ഥ അതീവ വേദനാജനകമാണ്. കുടുംബാംഗങ്ങളെ മുഴുവൻ നഷ്ടപ്പെട്ടവരെ ദുരിതാശ്വാസ കാമ്പുകളിൽ കണ്ടു. തന്റെ ജീവിതത്തിലെ ഏറ്റവും ബുദ്ധിമുട്ടേറിയ ദിവസമാണ് ഇന്ന്. അച്ഛൻ മരിച്ച കുട്ടികളെ കണ്ടു. അവർ അനുഭവിക്കുന്ന വേദന തനിക്കറിയാം. താനും ഒരിക്കൽ ആ വേദനയിലൂടെ കടന്നുപോയ വ്യക്തിയാണ്. ഇപ്പോൾ മേപ്പാടിയിൽ ആയിരക്കണക്കിന് പേരാണ് ആ വേദന അനുഭവിക്കുന്നതെന്നും രാഹുൽ പറഞ്ഞു. ദുരന്തമുഖത്തുള്ള ആരോഗ്യ പ്രവർത്തകരെയും രക്ഷാ പ്രവർത്തകരെയും ഓർത്ത് അഭിമാനമുണ്ട്. മുണ്ടക്കൈ,ചൂരൽമല ഉരുൾപ്പൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നാണ് തന്റെയും ആവശ്യം. അതു കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമെന്നും രാഹുൽ വ്യക്തമാക്കി. സഹോദരന് തോന്നിയ അതേ വേദനയാണ് തനിക്കുമുണ്ടായതെന്ന് എഐ സി സി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധിയും പറഞ്ഞു. അതിദാരുണമായ സംഭവമാണിത്. നമുക്ക് ചിന്തിക്കാവുന്നതേയുള്ളു ജനങ്ങളുടെ വിഷമം. എല്ലാവർക്കും ആവശ്യമായ പിന്തുണ നൽകും. എല്ലാവരും ഒറ്റക്കെട്ടായി സഹായിക്കാൻ എത്തുന്നു. എല്ലാവർക്കും സാധ്യമായ കാര്യങ്ങളെല്ലാം ചെയ്യണം. ഉരുൾപൊട്ടലുണ്ടായ സ്ഥലത്തേക്ക് തിരിച്ചുപോകേണ്ടന്നാണ് പലരും പറയുന്നത്. അവരെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റണമെന്നും ഇക്കാര്യങ്ങളൊക്കെ ആലോചിച്ച് തീരുമാനിക്കേണ്ടതുണ്ടെന്നും പ്രിയങ്ക പറഞ്ഞു.

## ചാലിയാറിൽ നിന്ന് ലഭിച്ചത് 58 മൃതദേഹങ്ങളും 95 ശരീര ഭാഗങ്ങളും

### 146 എണ്ണം വയനാട്ടിലേക്ക് കൊണ്ടു പോയി

നിലമ്പൂർ: വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരിച്ചവരുടേതായി ജില്ലയിൽ ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇതുവരെ ആകെ ലഭിച്ചത് 58 മൃതദേഹങ്ങളും 95 ശരീര ഭാഗങ്ങളും. ആകെ 153 എണ്ണം. 32 പുരുഷന്മാരുടെയും 23 സ്ത്രീകളുടെയും 2 ആൺകുട്ടികളുടെയും ഒരു പെൺകുട്ടിയുടെയും മൃതദേഹങ്ങളാണ് ലഭിച്ചത്. ഇത് കൂടാതെ 95 ശരീര ഭാഗങ്ങളും ലഭിച്ചിട്ടുണ്ട്. പൊലീസ്, ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ്, നാട്ടുകാർ, നൂറുകണക്കിന് വളണ്ടിയർമാർ തുടങ്ങിയവർ ചേർന്ന് മൂന്ന് ദിവസമായി നടത്തിയ തിരച്ചിലിലാണ് ഇത്രയും മൃതദേഹങ്ങൾ ലഭിച്ചത്.

ഇതുവരെ 146 മൃതദേഹങ്ങളുടെയും അവശിഷ്ടങ്ങളുടെയും പോസ്റ്റ് മോർട്ടം പൂർത്തിയായി. 143 എണ്ണം വയനാട്ടിലേക്ക് കൊണ്ടുപോകുകയും മൂന്നെണ്ണം ബന്ധുക്കൾ ഏറ്റെടുക്കുകയും ചെയ്തു. ബാക്കി 7 എണ്ണത്തിന്റെ പോസ്റ്റ് മോർട്ടം പുരോഗമിക്കുന്നു. തിരിച്ചറിഞ്ഞ മൂന്ന് മൃതദേഹങ്ങളാണ് ബന്ധുക്കൾ എത്തി കൊണ്ട് പോയത്. മൃതദേഹങ്ങൾ ബന്ധുക്കൾക്ക് തിരിച്ചറിയാനുള്ള സൗകര്യം പരിഗണിച്ചാണ് എല്ലാ മൃതദേഹങ്ങളും ഉടൻ വയനാട്ടിലെത്തിക്കാൻ ജില്ലാ ഭരണകൂടം തീരുമാനിച്ചത്.

വയനാട് ഉരുൾപൊട്ടലിൽ അകപ്പെട്ടവരെ കണ്ടെത്താനായി ചാലിയാർ പുഴയുടെ എടവണ്ണ കടവുകളിലും ഇന്നലെ തിരച്ചിൽ നടത്തി. ബുധനാഴ്ച വാഴക്കാട് നിന്നും ഒരു മൃതദേഹം ലഭിച്ചിരുന്നു. ഇതോടെയാണ് എടവണ്ണ മേഖലകളിലും പരിശോധന നടത്താൻ തീരുമാനിച്ചത്.

## വിലങ്ങാട് ഉരുൾപൊട്ടലിൽ കാണാതായ മാത്യുവിന്റെ മൃതദേഹം കണ്ടെത്തി

കോഴിക്കോട് : വിലങ്ങാട് ഉരുൾപ്പൊട്ടലിൽ കാണാതായ മാത്യൂ (61)വിന്റെ മൃതദേഹം കണ്ടെത്തി. അപകടമുണ്ടായ സ്ഥലത്ത് നിന്നും ഒരു കിലോമീറ്റർ അകലെയുള്ള പത്താം മൈലിൽ പുഴക്കരയിലെ പറമ്പിലാണ് മൃതദേഹം കണ്ടെത്തിയത്. രാവിലെ പത്തു മണിയോടെ മൃതദേഹം കണ്ടെത്തിയെങ്കിലും പാറക്കിടയിൽ കുടുങ്ങിയ നിലയിലായതിനാൽ ശ്രമകരമായ ദൗത്യത്തിന് ശേഷം ഉച്ചയോടെയാണ് ദൗത്യ സംഘവും നാട്ടുകാരും ചേർന്ന് മൃതദേഹം പുറത്തെടുത്തത്. കുമ്പളച്ചോല എൽ.പി സ്കൂൾ റിട്ട. അധ്യാപകനായിരുന്നു മഞ്ഞച്ചീളി സ്വദേശി കുളത്തിങ്കൽ മാത്യു എന്ന മത്തായി.

അതേസമയം മഴക്കെടുതിയെ തുടർന്ന് ജില്ലയിലെ നാല് താലൂക്കുകളിൽ ആരംഭിച്ച 80 ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്നത് 4481 പേർ. കുടുംബങ്ങൾ വീടുകളിലേക്ക് തിരികെ പോയതിനെ തുടർന്ന് പത്ത് ക്യാംപുകൾ ഒഴിവാക്കി. താമരശ്ശേരി താലൂക്കിലെ 14 ക്യാംപുകളിൽ 296 കുടുംബങ്ങളിൽ നിന്നായി 744 പേരും, കൊയിലാണ്ടി താലൂക്കിലെ 13 ക്യാംപുകളിൽ 266 കുടുംബങ്ങളിൽ നിന്നായി 731 പേരും, വടകര താലൂക്കിലെ 10 ക്യാംപുകളിൽ 350 കുടുംബങ്ങളിൽ നിന്നുള്ള 1288 പേരും, കോഴിക്കോട് താലൂക്കിലെ 43 ക്യാംപുകളിൽ 572 കുടുംബങ്ങളിൽ നിന്നുള്ള 1718 പേരുമാണ് കഴിയുന്നത്. ശക്തമായ മഴയെ തുടർന്ന് താമരശ്ശേരി താലൂക്കിൽ 5 വീടുകൾ ഭാഗികമായും ഒരു വീട് പൂർണ്ണമായും തകർന്നു. രയരോത്ത് വില്ലേജിലെ കുന്നുമ്മൽ രാധയുടെ വീടാണ് പൂർണമായി തകർന്നത്. കൊടുവള്ളി വലിയപറമ്പ് കിഴക്കോത്ത് വില്ലേജിലെ പൊന്നുംതോറമലയിൽ മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്നതിനാൽ മലയുടെ താഴ്ഭാഗത്ത് താമസിക്കുന്ന മുന്നൂറോളം കുടുംബങ്ങളെ ബന്ധുവീടുകളിലേക്കും മറ്റും മാറ്റിപ്പാർപ്പിച്ചു. കക്കാട് വില്ലേജ് കാരശ്ശേരി പഞ്ചായത്ത് പറ്റാർച്ചോ

## ദുരന്തമുഖത്ത് ചടുല സേവനങ്ങളുമായി യൂത്ത്ലീഗ് വൈറ്റ് ഗാർഡ്

കോഴിക്കോട്: ചൂരൽമലയിലും മുണ്ടക്കൈയിലും മനുഷ്യജീവനുകൾ രക്ഷക്കായി തേടിയപ്പോൾ ചടുല സേവനങ്ങളുമായി അണിനിരന്ന് യൂത്ത്ലീഗ് വൈറ്റ് ഗാർഡ് അംഗങ്ങൾ. ദുരന്തത്തിനുമുന്നിൽ പകച്ചുനിൽക്കാതെ അതിലക പ്പെട്ടവരുടെ കണ്ണീരൊപ്പാൻ ക്രിയാത്മകമായി അണിനിരന്നത് യൂത്ത്ലീഗിന്റെ നൂറുകണക്കിന് അംഗങ്ങളാണ്. ചൂരൽമലക്കു മുമ്പെ പുത്തുമലയിലും കവളപ്പാറയിലുമൊക്കെ ഏറെ പ്രശംസ പിടിച്ചുപറ്റിയതാണ് വൈറ്റ് ഗാർഡിന്റെ സേവനപ്രവർത്തനങ്ങൾ.പരിക്കേറ്റ് ക്യാംപുകളിൽ കഴിയുന്നവർക്ക് അവസരോചിതമായി സഹായങ്ങളെത്തിക്കാൻ വൈദ്യുതിയോ മറ്റു സംവിധാനങ്ങളോ ഇല്ലാതെ ഇരുട്ടിലും സേവനനിരതമായിരുന്നു വൈറ്റ്ഗാർഡ് അംഗങ്ങൾ. മലപ്പുറം ജില്ലയിൽനിന്നും പതിനാറ് അംഗങ്ങളടങ്ങുന്ന സംഘമാണ് ആദ്യം പുറപ്പെട്ടത്. പോത്തുകല്ലിൽ എത്തിയ സംഘം രക്ഷാപ്രവർത്തനങ്ങളിൽ വ്യാപൃതരായെങ്കിലും ചൂരൽമലയിലേ സാഹചര്യം പരിഗണിച്ച് നാടുകാണി വഴി ആ ഭാഗത്തേക്കു പോയി. ആദ്യ ദിവസം പ്രധാനമായും മരിച്ചുകിടക്കുന്നവരുടെ ശരീരങ്ങൾ കണ്ടെത്തലും അവ ആംബുലൻസുകളിൽ കയറ്റലും സംസ്കരണത്തിനു വേണ്ട കാര്യങ്ങളുമായിരുന്നു നിർവഹിക്കാനുണ്ടായിരുന്നത്. കോഴിക്കോട്നിന്നും കണ്ണൂർനിന്നുമുള്ള അംഗങ്ങൾ എത്തിയതോടെ എല്ലാ ഭാഗങ്ങളിലും വൈറ്റ് ഗാർഡ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ സജീവമായി. വയനാടിലെ നിരവധി അംഗങ്ങളും പങ്കുചേർന്നു. ദുരന്തത്തിന്റെ രണ്ടാം ദിവസമാണ് വൈറ്റ് ഗാർഡ് സംഘം ചൂരൽമലയിലെത്തി മരങ്ങൾ മുറിച്ചുമാറ്റിയും കോൺക്രീറ്റുകൾക്കും മറ്റും അകത്ത് കിടക്കുന്ന മൃതദേഹങ്ങളും കണ്ടേത്താൻ രംഗത്തിറങ്ങിയത്. കനത്ത മഴയും തണുപ്പും പലപ്പോഴും പ്രതിബന്ധങ്ങളായി. പള്ളിയിൽ, ആശുപത്രിയിൽ, ക്യാമ്പുകളിൽ, മോർച്ചറികളിൽ എല്ലാം വൈറ്റ് ഗാർഡിന്റെ പ്രവർത്തനങ്ങൾ സജീവമായി. സ്റ്റേറ്റ് വൈറ്റ് ഗാർഡ് ക്യാപ്റ്റൻ സിറാജ് പറമ്പിൽ, വളണ്ടിയർ വിങ് ചീഫ് ഓർഗനൈസർ, ഷഫീഖ് വാച്ചാൽ, സ്റ്റേറ്റ് വൈസ് ക്യാപ്റ്റൻ സഊദ് പന്നിയൂർ, മലപ്പുറം ജില്ലാ ക്യാപ്റ്റൻ സി.എച്ച് അബ്ബാസ്, കോഴിക്കോട് ജില്ലാ ക്യാപ്റ്റൻ യൂനുസ് കോതി, സ്റ്റേറ്റ് വൈസ് ക്യാപ്റ്റൻ ഷഫീഖ് കടമേരി, വയനാട് ജില്ലാ വൈസ് ക്യാപ്റ്റൻ അനസ് എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.



മുഖ്യമന്ത്രി വിളിച്ച സർവകക്ഷി യോഗത്തിന് മുന്നോടി യായി കൽപ്പറ്റയിലെത്തിയ മുസ്‌ലിംലീഗ് നേതാക്കൾ

## മുസ്‌ലിംലീഗ് നേതാക്കൾ യോഗം ചേർന്നു

കൽപറ്റ: വയനാട്ടിലെ ദുരന്തവുമായി ബന്ധപ്പെട്ടു മുഖ്യമന്ത്രി വിളിച്ചു ചേർത്ത സർവ്വ കക്ഷി യോഗത്തിന് മുമ്പ് മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലികുട്ടിയുടെ നേതൃത്വത്തിൽ മുസ്‌ലിംലീഗ് നേതാക്കൾ യോഗം ചേർന്നു. സംസ്ഥാന മുസ്‌ലിംലീഗ് നേതാകളായ അഡ്വ. എൻ ശംസുദ്ധീൻ എം. എൽ.എ, ഉമ്മർ പാണ്ടികശാല, പി.കെ ബഷീർ എം.എൽ.എ, സി മമ്മുട്ടി, പാറക്കൽ അബ്ദുള്ള, മുസ്‌ലിംലീഗ് ദേശീയ അസിസ്റ്റന്റ് സെക്രട്ടറി സി.കെ സുബൈർ, മുസ്‌ലിം യൂത്ത്ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, ജനറൽ സെക്രട്ടറി പി.കെ. ഫിറോസ്, ട്രഷറർ പി ഇസ്മായിൽ, വയനാട് ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് കെ.കെ അഹമ്മദ് ഹാജി, ജനറൽ സെക്രട്ടറി ടി മുഹമ്മദ്, വൈസ് പ്രസിഡന്റ് റസാഖ് കല്പറ്റ, കോഴിക്കോട് ജില്ലാ മുസ്‌ലിംലീഗ് ഭാരവാഹികളായ സൂപ്പി നരിക്കാട്ടേരി, കെ.എ ഖാദർ മാസ്റ്റർ, എൻ.സി അബൂബക്കർ, എസ് പി കുഞ്ഞമ്മദ്, വി.കെ ഹുസൈൻകുട്ടി, റഷീദ് വെങ്ങളം, സി .കെ.വി യൂസുഫ്, റിയാസ് അരീക്കാട് തുടങ്ങിയവർ സംബന്ധിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 02 വെള്ളി
ഗൾഫ് ചന്ദ്രിക

## ദുരന്തസ്ഥലങ്ങളും ആശുപത്രിയും സന്ദർശിച്ചു

മേപ്പാടി: ഉരുൾപ്പൊട്ടലുണ്ടായ ചൂരൽമലയിലെ രക്ഷാപ്രവർത്തനം നടക്കുന്ന മേഖലകളിൽ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തലയെത്തി. ഉരുൾപൊട്ടലിൽ തകർന്ന ചൂരൽമല ടൗണിലെത്തിയ ശേഷം മേപ്പാടി കുടുംബ ആരോഗ്യകേന്ദ്രത്തിലെത്തി ചികിത്സയിൽ കഴിയുന്നവരെയും, ദുരന്തത്തിനിരയായി എല്ലാം നഷ്ടപ്പെട്ടവരെയും കണ്ടു ആശ്വസിപ്പിച്ചു. ഡി സി സി പ്രസിഡണ്ട് എൻ ഡി അപ്പച്ചൻ, ഐ സി ബാലകൃഷ്ണൻ എം എൽ എ, എൻ സുബ്രഹ്മണ്യൻ, കെ എൽ പൗലോസ് എം എ ജോസഫ് ഉൾപ്പെടെയുള്ള നേതാക്കളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

## പൊൻകുഴി ശ്രീരാമ ക്ഷേത്രത്തിൽ വാവുബലി നാളെ

സുൽത്താൻ ബത്തേരി: മഹാഗണപതി ക്ഷേത്രസമിതിയുടെ നേതൃത്വത്തിലുള്ള പൊൻകുഴി ശ്രീരാമ ക്ഷേത്രത്തിൽ കർക്കിടക വാവുബലി തർപ്പണം നാളെ പുലർച്ചെ നാല് മണിമുതൽ ഉച്ചയ്ക്ക് 12 മണിവരെ നടക്കും. ഒരേ സമയം അഞ്ഞൂറ് പേർക്ക് ബലിതർപ്പണം നടത്താനുള്ള ബലിത്തറയും ക്ഷേത്രപരിസരത്ത് ഒരുക്കിയിട്ടുണ്ട്. കർക്കിട വാവുബലിയ്ക്കായി തലേ ദിവസം എത്തുന്നവർക്ക് ക്ഷേത്രപരിസരത്ത് സൗജന്യം താമസ സൗകര്യവും ഉണ്ടാവും.





## റോഡിന്റെ സംരക്ഷണഭിത്തി ഇടിയൽ ഭീഷണിയിൽ

മാനന്തവാടി: കുറ്റ്യാടി ചുരത്തിൽ ചുങ്കക്കുറ്റിക്ക് സമീപം വെള്ളം കെട്ടിക്കിടക്കുന്ന ഇടത്തോട് ചേർന്ന് റോഡിന്റെ സംരക്ഷണഭിത്തി ഇടിയൽ ഭീഷണിയിലാണ്. ഓവുചാൽ അടഞ്ഞ് റോഡിൽ വെള്ളം കെട്ടിക്കിടന്ന് സംരക്ഷണ ഭിത്തിയിലൂടെ വെള്ളം താഴേക്ക് ഒഴുക്കിയതിനെത്തുടർന്നാണ് സംരക്ഷണ ഭിത്തിക്കും റോഡിനും ബലക്ഷയം സംഭവിച്ചിരിക്കുന്നതെന്ന് നാട്ടുകാർ പറഞ്ഞു.
ശക്തമായ മഴയിൽ ചുങ്കക്കുറ്റിയിൽ വീണ്ടും വെള്ളക്കെട്ട് രൂപപ്പെട്ടാൽ ഇവിടം പൂർണമായും ഇടിഞ്ഞ് കുറ്റ്യാടി ചുരം വഴിയുള്ള വാഹനഗതാഗതം നിലക്കുന്നതിനു വരെ കാരണമായേക്കാം. അധികൃതർ അടിയന്തരമായി ഇടപെട്ട് ആവശ്യമായ മുൻകരുതൽ പ്രവർത്തികൾ നടത്തണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

## ദുരന്തബാധിത പ്രദേശങ്ങളിലേക്ക് കൗൺസിലേഴ്സിനെ ക്ഷണിക്കുന്നു

കൽപ്പറ്റ: ഉരുൾപൊട്ടൽ ബാധിതപ്രദേശങ്ങളിൽ ഉറ്റവരെയും തങ്ങൾ ജീവിച്ച ഇടങ്ങളെയും പൂർണമായും നഷ്ടപ്പെട്ട മനുഷ്യർ കടന്നുപോകുന്നത് കടുത്ത മാനസിക പ്രശ്നങ്ങളിലൂടെയാണ്.
ഇത് ദീർഘകാല അടിസ്ഥാനത്തിൽ അവരുടെ വ്യക്തി ജീവിതത്തെയും സാമൂഹ്യ ജീവിതത്തിൽ ബാധിക്കുന്ന സാഹചര്യമുണ്ട്. ഈ അപകടകരമായ സാഹചര്യം പ്രതിരോധിക്കാൻ ശാസ്ത്രീയമായ ഇടപെടലുകൾ മാനസികാരോഗ്യ മേഖലയിൽ ആവശ്യമാണ്. ദുരന്ത പ്രദേശങ്ങളിൽ ശേഷിക്കുകയും പരിക്കുകളോടെ രക്ഷപ്പെടുകയും ഉറ്റവരെ നഷ്ടപ്പെടുകയും ദുരന്തത്തിന്റെ ആഘാതങ്ങളിൽ മാനസിക പ്രയാസങ്ങൾ നേരിടുകയും ചെയ്യുന്ന എല്ലാവരെയും ശാസ്ത്രീയമായ കൗൺസിലിംഗ്, തെറാപ്പി, മെഡിക്കേഷൻ എന്നിവയിലൂടെ മാനസികമായി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ യുവജന കമ്മീഷൻ ആരംഭിച്ച കൗൺസിലിംഗ് പദ്ധതിയിലേക്ക് യോഗ്യതയും പ്രവർത്തന പരിചയവുമുള്ള സന്നദ്ധപ്രവർത്തകരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ യുവജന കമ്മീഷൻ വെബ്സൈറ്റിൽ (ksyc.kerala.gov.in) നൽകിയിട്ടുള്ള ഗൂഗിൾ ഫോം മുഖേന അപേക്ഷിക്കാവുന്നതാണ്. ഗൂഗിൾ ഫോം ലിങ്ക് http-s://forms.gle/SAw3rDnwdBPW1rme9.

## ചൂരൽമലയിലെ രക്ഷാ ദൗത്യം നേരിട്ട് വിലയിരുത്തി മുഖ്യമന്ത്രി

കൽപ്പറ്റ: ചൂരൽമല ഉരുൾപൊട്ടൽ മേഖലയിലെ പ്രദേശങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു. ഉരുൾപൊട്ടലിൽ ഒറ്റപ്പെട്ടുപോയ മുണ്ടക്കൈയിലേക്ക് ചൂരൽമലയിൽ നിന്നും നിർമ്മിക്കുന്ന താൽക്കാലിക പാലത്തിന്റെ (ബെയ്‌ലി പാലം) നിർമ്മാണ പുരോഗതി മുഖ്യമന്ത്രി വിലയിരുത്തി. ബെയ്‌ലി പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയാകുന്നതായി അധികൃതർ മുഖ്യമന്ത്രിയെ അറിയിച്ചു.

മന്ത്രിമാരായ കെ രാജൻ, റോഷി അഗസ്റ്റിൻ, എ.കെ ശശീന്ദ്രൻ, പി.എ മുഹമ്മദ് റിയാസ്, കെ കൃഷ്ണക്കുട്ടി, ഒ.ആർ കേളു, നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ ചീഫ് സെക്രട്ടറി ഡോ വി. വേണു, ജില്ലാ കളക്ടർ ഡി ആർ മേഘശ്രീ എന്നിവർ മുഖ്യമന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

## മുഖ്യമന്ത്രി ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു

കൽപ്പറ്റ: വയനാട് മേപ്പാടിക്ക് സമീപം കോട്ടനാട് ഗവൺമെന്റ് യുപി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് മുഖ്യമന്ത്രി പിണറായി വിജയൻ വ്യാഴാഴ്ച സന്ദർശിച്ചു. മേപ്പാടി ഗ്രാമപഞ്ചായത്തിലെ കുന്നംപറ്റ, ആനക്കാട്, റാട്ടക്കൊല്ലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ളവരാണ് ഈ ക്യാമ്പിൽ കഴിയുന്നത്.

ദുരന്തമുഖത്ത് നിന്ന് പരിക്കുകളോടെ രക്ഷപ്പെട്ട ചൂരൽമല സ്വദേശികളും ഇവിടെയുണ്ട്. 210 പേരുള്ള ക്യാമ്പിൽ 86 സ്ത്രീകളും 67 പുരുഷന്മാരും 57 കുട്ടികളുമാണുള്ളത്. മുഖ്യമന്ത്രിയുടെ കൂടെ മന്ത്രിമാർ, ചീഫ് സെക്രട്ടറി ഡോ. വി വേണു, ജില്ലാ കളക്ടർ മേഘശ്രീ ഡി ആർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ഉണ്ടായിരുന്നു.

## വയനാട്ടിൽ പുനരധിവാസമാണ് പ്രധാനം

കൽപ്പറ്റ: വയനാട്ടിൽ ഉരുപൊട്ടലുണ്ടായ സ്ഥലങ്ങളിൽ വീടും കച്ചവട തൊഴിൽ മാർഗ്ഗങ്ങളും നഷ്ടപ്പെട്ടവർക്ക് പുനരധിവാസപദ്ധതി നടപ്പിലാക്കലാണ് ഏറ്റവും അത്യാവശ്യമെന്ന് കേരളാ നദ്‌വത്തുൽ മുജാഹിദീൻ ഉപാദ്ധ്യക്ഷൻ ഡോ. ഹുസൈൻ മടവൂർ പറഞ്ഞു. ഇതിന്നായി കെ.എൻ.എം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.
ഉടൻ ആവശ്യമായ അടിയന്തിര സഹായങ്ങളെല്ലാം സർക്കാറും സന്നദ്ധ സംഘങ്ങളും ചെയ്ത് വരുന്നുണ്ട്. ഭക്ഷ്യവസ്തുക്കൾ ആവശ്യത്തിനുണ്ടെന്ന് ജില്ലാ കലക്ടർ അറിയിച്ചിട്ടുണ്ട്. ജില്ലാ കെ.എൻ. എം നേതാക്കളായ കെ.എം. കെ ദേവർഷോല , സി.കെ.ഉമ്മർ പിണങ്ങോട് , സയ്യിദ് അലി സലാഹി കൽപ്പറ്റ, ഉമ്മർ ഹാജി ബത്തേരി, ഖത്തർ ഇബ്രാഹിം മേപ്പാടി, അശ്‌റഫ് വെള്ളമുണ്ട, യൂനുസ് ഉമരി , ഹുസൈൻ മൗലവി തുടങ്ങിയവരോടൊപ്പം അദ്ദേഹം ദുരിതാശ്വാസ കേമ്പുകൾ സന്ദർശിച്ചു. ദുരന്തത്തിൽ മരണപ്പെട്ട പള്ളി ഇമാം ശിഹാബ് ഫൈസിയുടെ ജനാസ നമസ്കാരത്തിൽ പങ്കെടുക്കുകയും ബന്ധുക്കളെ ആശ്വസിപ്പിക്കുകയും ചെയ്തു. സ്ഥലം സന്ദർശിക്കാനെത്തിയ കോഴിക്കോട് രൂപതാ ബിഷപ്പ് റവ.ഡോ. വർഗീസ് ചക്കാലക്കലിനെ പനമരം ജുമാമസ്ജിദ് ഇമാം മുസ്തഫ ഫൈസിയും ഭാരവാഹികളും സ്വീകരിച്ചു.
കുറുക്കോളി മൊയ്തീൻ എം.എൽ.എ ഡോ. ഹുസൈൻ മടവൂർ, മുൻ എം.എൽ.എ സി മമ്മുട്ടി തുടങ്ങിയവരുമായി ബിഷപ്പ് ചർച്ച നടത്തി.

## വ്യാപാരി വ്യവസായിഏകോപന സമിതി കൺട്രോൾ റൂം സജീവം

കൽപ്പറ്റ: ദുരന്തമുഖത്തും വിവിധ ക്യാപുകളിലും ആശുപത്രികളിലും എന്ത് ആവശ്യവും നിറവേറ്റികൊടുക്കാനും എല്ലാ തരം സാധനങ്ങളും ഭക്ഷ്യസാധനങ്ങൾ അടക്കമുള്ളവ എത്തിക്കാനും 24 മണിക്കൂറും സേവന സന്നദ്ധരായി കേരള വ്യാപാരി വ്യവസായിഏകോപന സമിതി കൺട്രോൾറൂം മൂന്നാം ദിവസവും സജീവം. 100 ൽ അധികം വൊളന്റിയർമാരും സദാ സേവന സജ്ജരായി രംഗത്തുണ്ട്. ആശുപത്രികളിലും എന്തിനും തയാറായി ആവശ്യമുള്ള സാധനങ്ങൾ കൺട്രോൾ റൂമിൽ നിന്ന് പെട്ടെന്ന് എത്തിക്കാനും യുദ്ധകാലാടിസ്ഥാനത്തിൽ യൂത്ത് വിങ് വൊളന്റിയർമാരെ രംഗത്ത് ഇറക്കിയും സംവിധാനമൊരുക്കിയിട്ടുണ്ടു് .ഏകോപന സമിതി വയനാട് ജില്ലാ കമ്മിറ്റി ആയിരക്കണക്കിന് പേർക്ക് വനിതാ വിങ്ങിന്റെ കൂടി സഹായത്താൽ ആശ്വാസമെത്തിച്ചു കഴിഞ്ഞു.



മുണ്ടക്കൈയിൽ ഉരുൾപൊട്ടലിന്റെ ഉത്ഭവസ്ഥാനം

# ഉരുൾപൊട്ടൽ: തുടർ പ്രവർത്തനങ്ങൾക്ക് മന്ത്രിസഭാ ഉപസമിതി

കൽപ്പറ്റ: ഉരുൾപൊട്ടൽ രക്ഷാദൗത്യത്തിന്റെയും പുനരധിവാസ പ്രവർത്തനങ്ങളുടെയും തുടർ പ്രവർത്തനങ്ങൾക്ക് നാലംഗ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ, വനം - വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ, പൊതുമരാമത്ത്-ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ്, പട്ടികജാതി - പട്ടികവർക്ഷ പിന്നാക്ക വകുപ്പ് മന്ത്രി ഒ.ആർ കേളു എന്നിവരടങ്ങിയതാണ് ഉപസമിതി സ്പെഷ്യൽ ഓഫീസർ സിറാം സാംബശിവ റാവു, ഡോ.എ കൗശിഗൻ എന്നിവർ സ്പെഷ്യൽ ഓഫീസർമായി പ്രവർത്തിക്കും. കളക്ടറേറ്റ് എ.പി.ജെ ഹാളിൽ നടന്ന വാർത്ത സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ദുരന്ത സമയത്ത് എല്ലാവരും ഒരേ മനസ്സോടെയും ഗൗരവം ഉൾക്കൊണ്ടുമാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. രക്ഷാപ്രവർത്തനത്തെക്കുറിച്ച് പൊതുജനങ്ങളും രാഷ്ട്രീയ പാർട്ടികളും മികച്ച സംതൃപ്തിയാണ് രേഖപ്പെടുത്തിയതെന്നും മുഖ്യമന്ത്രി പറഞ്ഞു. സേനാ വിഭാഗങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, നാട്ടുകാർ എന്നിവരുടെ നേതൃത്വത്തിൽ തുടർന്നുള്ള രക്ഷാപ്രവർത്തനങ്ങൾ ഏകോപിതമായി നടത്തും. ചൂരൽ മലയിൽ നിന്നും മുണ്ടക്കൈയിലേക്ക് താൽക്കാലികമായി നിർമ്മിക്കുന്ന ബെയ്‌ലി പാലം പൂർത്തിയാകുന്നതോടെ രക്ഷാ പ്രവർത്തനത്തിന് കൂടുതൽ ഉപകരണങ്ങൾ എത്തിക്കാനാകും. ദൗത്യശ്രമം കാര്യക്ഷമമാക്കാനും സാധിക്കും. മുണ്ടക്കൈ - ചൂരൽമല പ്രദേശങ്ങളിലെ പുനരധിവാസ പ്രക്രിയ ഫലപ്രദമായി നടപ്പാക്കും. നിലവിൽ ആളുകളെ ക്യാമ്പുകളിൽ തന്നെ താമസിപ്പിക്കേണ്ടി വരും. ക്യാമ്പുകളിൽ കഴിയുന്നത് വ്യത്യസ്ത കുടുംബങ്ങളിലുള്ളവരാണ്. കുടുംബങ്ങളുടെ സ്വകാര്യത സൂക്ഷിക്കാനുള്ള ക്രമീകരണങ്ങൾ ക്യാമ്പുകളിൽ ഉറപ്പാക്കും. മാധ്യമ പ്രവർത്തകരും സന്ദർശകരുമടക്കം ആരെയും ക്യാമ്പിനകത്ത് പ്രവേശിപ്പിക്കില്ല. ക്യാമ്പിലുള്ളവരെ കാണാനെത്തുന്നവർക്ക് ഇതിനായി പ്രത്യേക സ്ഥലം ഏർപ്പാടാക്കും. ദുരന്ത മേഖലയിൽ അകപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിന് തടസ്സം ഉണ്ടാവില്ല. വിദ്യാഭ്യാസ- തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ താൽക്കാലിക ക്രമീകരണം ഉണ്ടാക്കും. പിന്നീട് സാധാരണ രീതിയിലുള്ള പഠന ക്രമീകരണങ്ങൾ നടത്തും. ദുരന്തത്തിനരയായവരിൽ കടുത്ത മാനസികാഘാതം ഏറ്റവരുണ്ട്. ഇവർക്ക് ആവശ്യമായ കൗൺസലിങ് നൽകും. നിലവിൽ ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാനസിക വിദഗ്ധർ കൗൺസിലിങ് നൽകുന്നുണ്ട്. ആവശ്യമാകുന്ന പക്ഷം കൂടുതൽ ഏജൻസികളെ ഏർപ്പെടുത്തും. ദുരന്തം നേരിട്ട മേഖലകളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ സ്നേഹപൂർവ്വം മാറ്റിപ്പാർപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മാറാൻ കൂട്ടാക്കാത്തവർക്ക് കൃത്യമായി ഭക്ഷണവും അവശ്യ വസ്തുക്കളും ഉറപ്പാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഇതിന് പ്രമോട്ടർമാർ ഉൾപ്പെടെയുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തും. ഈ മഹാദുരന്തം മറ്റൊരു ദുരന്തത്തിന് വഴിവെക്കുന്ന സ്ഥിതി ഉണ്ടാകരുത്. പകർച്ച വ്യാധികൾ ഉണ്ടാകാതിരിക്കാനുള്ള ജാഗ്രത നല്ലപോലെ ഉണ്ടാവണം. ഉരുൾപൊട്ടലിൽ നിരവധി വീട്ട് മൃഗങ്ങളും ചത്തൊടുങ്ങിയിട്ടുണ്ട്. അവയെ കൃത്യമായി സംസ്കരിക്കാൻ നടപടികൾ സ്വീകരിക്കും. പോസ്റ്റ്മോർട്ടും നടക്കുന്ന ആശുപത്രികളിലേക്ക് ആളുകൾ അനാവശ്യമായി പോകരുത്, ബന്ധുകൾ ഒഴികെയുള്ളവർ അവിടെ നിന്നും വിട്ട് നിൽകണം. സർട്ടിഫിക്കറ്റ് നഷ്ടമായവർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളും കൈക്കൊള്ളും. രക്ഷാ പ്രവർത്തനം തുടരുമെന്നും മുൻ ദിവസങ്ങളിൽ നടന്ന പ്രവർത്തനങ്ങളിൽ തുടർന്നുള്ള പ്രവർത്തനങ്ങളും എല്ലാവരുടെയും സഹകരണത്തോടെ ആയിരിക്കും- മുഖ്യമന്ത്രി പറഞ്ഞു.

കളക്ടറേറ്റ് ആസൂത്രണ ഭവൻ എപിജെ ഹാളിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രിമാരായ കെ. രാജൻ, എ.കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, വി.എൻ വാസവൻ, കെ.കൃഷ്ണൻകുട്ടി, മുഹമ്മദ് റിയാസ്, പി.പ്രസാദ്, റോഷി അഗസ്റ്റിൻ, ഒ.ആർ കേളു, വീണാ ജോർജ്ജ് എന്നിവരും പങ്കെടുത്തു.



മുഖ്യമന്ത്രി പിണറായി വിജയൻ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിക്കുന്നു

## കാലവർഷം: 91 ദുരിതാശ്വാസ ക്യാമ്പുകളിലായി 9328 പേർ

കൽപ്പറ്റ: ജില്ലയിൽ കാലവർഷക്കെടുതിയുടെ ഭാഗമായി ആരംഭിച്ച 91 ദുരിതാശ്വാസ ക്യാമ്പുകളിലായി 9328 പേരെ മാറ്റിതാമസിപ്പിച്ചിട്ടുള്ളത്.

ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച 9 ക്യാമ്പുകൾ ഉൾപ്പെടെയാണിത്. 2704 കുടുംബങ്ങളിലെ 3393 പുരുഷൻമാരും 3824 സ്ത്രീകളും 2090 കുട്ടികളും 21 ഗർഭിണികളുമാണ് വിവിധ ക്യാമ്പുകളിൽ കഴിയുന്നത്. മേപ്പാടി ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച 9 ദുരിതാശ്വാസ ക്യാമ്പുകളിലായി 578 കുടുംബങ്ങളിലെ 2328 പേരെ മാറ്റി താമസിപ്പിച്ചു.

മേപ്പാടി ഗവ ഹയർസെക്കൻഡറി സ്കൂൾ, കോട്ടനാട് ഗവ സ്കൂൾ, മേപ്പാടി സെന്റ് ജോസഫ് യു.പി സ്കൂൾ, നെല്ലിമുണ്ട അമ്പലം ഹാൾ, കാപ്പുംക്കൊല്ലി ആരോമ ഇൻ, മേപ്പാടി മൗണ്ട് ടാബോർ സ്കൂൾ, മേപ്പാടി സെന്റ് ജോസഫ് ഗോൾസ് ഹൈസ്കൂൾ, തൃക്കൈപ്പറ്റ ഗവ ഹൈസ്കൂൾ, മേപ്പാടി ജി.എൽ.പി സ്കൂളുകളിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. 859 പുരുഷൻമാരും 903 സ്ത്രീകളും 564 കുട്ടികളും 2 ഗർഭിണികളുമാണ് ക്യാമ്പുകളിൽ കഴിയുന്നത്.

ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായിട്ടുള്ള അവശ്യ വസ്തുക്കൾ ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പാക്കുന്നുണ്ട്. റേഷൻ കടകളിലും സപ്ലൈകോ വിൽപനശാലകളിലും ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

## വയനാടിന് സാന്ത്വനവുമായി സാങ്കേതിക സർവകലാശാല

കൽപ്പറ്റ: ദുരന്തഭൂമിയായി മാറിയ വയനാടിന് കൈത്താങ്ങാകാൻ ആവശ്യമായ എല്ലാ സഹകരണങ്ങളും നൽകാൻ എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല തീരുമാനിച്ചു. വൈസ് ചാൻസലർ ഡോ.സജി ഗോപിനാഥ് വിളിച്ചു ചേർത്ത അഫിലിയേറ്റഡ് കോളജുകളിലെ പ്രിൻസിപ്പൽമാരുടെയും എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരുടെയും വിദ്യാർത്ഥി കോർഡിനേറ്റർമാരുടെയും യോഗത്തിലാണ് സർവകലാശാല എൻഎസ്എസ് യൂണിറ്റുകൾ മുഖേന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സർവകലാശാല തീരുമാനിച്ചത്. ഭക്ഷണം, വസ്ത്രം, മരുന്നുകൾ, മറ്റ് അവശ്യവസ്തുക്കൾ എന്നിവയുൾപ്പെടെ അവശ്യസാധനങ്ങളുടെ ശേഖരണത്തിന് ജില്ലാടിസ്ഥാനത്തിൽ എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാർ മേൽനോട്ടം വഹിക്കും. ശേഖരിച്ച സാധനങ്ങൾ വയനാട് എത്തിച്ച് മതിയായവ സംഭരിച്ചുവെക്കാനും ആവശ്യാനുസരണം വിതരണം ചെയ്യാനുമുള്ള സംവിധാനങ്ങൾ ഒരുക്കും. ദുരന്തത്തിൽ പെട്ടവരുടെ പുനരധിവാസത്തിന് സർവകലാശാല സഹായം നൽകും. അധ്യാപകരും വിദ്യാർത്ഥികളും ജീവനക്കാരും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നേരിട്ട് സംഭാവന നൽകാനും തീരുമാനമായി. ഡോ. വിനോദ്കുമാർ ജേക്കബ്, പ്രൊഫ. ജി സഞ്ജീവ്, ഡോ. ബി എസ് ജമുന, ഡോ. എം അരുൺ സംസാരിച്ചു.



കൽപ്പറ്റ ടൗണിലെ ആനപ്പാലം ജംഗ്ഷനിലെ പഴയ ഓടിട്ട കെട്ടിടത്തിന്റെ മുകൾ നില തകർന്നു വീണ നിലയിൽ കെട്ടിടത്തിന്റെ മുകൾ ഭാഗമാണ് തകർന്ന് റോഡിലേക്ക് വീണത്.

## കാവറ്റയിൽ മണ്ണിടിച്ചിൽ; വീടുകൾ അപകട ഭീഷണിയിൽ

മാനന്തവാടി: എടവക പഞ്ചായത്തിലെ തോണിച്ചാൽ ഇരുമ്പ് പാലം കാവറ്റ ഭാഗത്ത് ചെറിയ മണ്ണിടിച്ചിൽ. ഷീല കമലഹാസൻ, അംബിക എന്നിവരുടെ വീടിനോട് ചേർന്നുള്ള കുന്നാണ്കഴിഞ്ഞ ദിവസം ഇടിഞ്ഞത്. ഇതിനെ തുടർന്ന് വീടിനുള്ളിൽ വരെ മണ്ണ് എത്തിയിരുന്നു. വീട്ടുപകരണങ്ങൾ കിണർ എന്നിവക്ക് നാശനഷ്ടമുണ്ടായതായി വീട്ടുകാർ പറഞ്ഞു. ഈ കുന്നിന് മുകളിൽ നിരവധി ആദിവാസി വിഭാഗങ്ങളുടെ വീടുകൾ ഉള്ളതായും കഴിഞ്ഞ പ്രളയ കാലത്തും ഇവിടെ മണ്ണിടിച്ചിൽ ഉണ്ടായതായും നാട്ടുകാർ പറഞ്ഞു. റവന്യു അധികൃതർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയിട്ടുണ്ട്. മഴ തുടർന്നാൽ വ്യാപകമായി മണ്ണിടിച്ചിലും നാശനഷ്ടങ്ങളും ഉണ്ടാകാൻ ആശങ്കയുണ്ടെന്നും നാട്ടുകാർ പറയുന്നു.



## ആറു ജീവൻ രക്ഷിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർ

ചൂരൽമല: തുടർച്ചയായ എട്ട് മണിക്കൂർ കഠിന പ്രായത്നത്തിനൊടുവിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ രക്ഷിച്ചത് ആറു ജീവനുകൾ. സൂചിപ്പാറ വെള്ളച്ചാട്ടത്തിന് അടിവാരത്തുള്ള ഏറാക്കുണ്ട് സാങ്കേതത്തിലെ കൃഷ്ണൻ, ഭാര്യ ശാന്ത, ഇവരുടെ നാലുമക്കൾ അടങ്ങിയ കുടുംബത്തെയാണ് നിശ്ചയദാർഢ്യത്തോടെ വനം വകുപ്പിലെ നാല് ഉദ്യോഗസ്ഥർ രക്ഷിച്ചത്. ചെങ്കുത്തായ മലഞ്ചെരുവുകൾ താണ്ടി ആദിവാസി വിഭാഗത്തിലെ ഈ കുടുംബത്തെ ഉദ്യോഗസ്ഥർ അട്ടമല എപിസിയിലെത്തിച്ച് ആവശ്യമായ വിറകും മറ്റ് ആഹാരസാധനങ്ങളും എത്തിച്ചു നൽകി.

## കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു

കൽപ്പറ്റ: കെൽട്രോണിന്റെ കോഴിക്കോട് നോളഡ്ജ് സെന്ററിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷൻ, ഗ്രാഫിക്സ് ആൻഡ് വിഷ്വൽ ഇഫക്സ്, ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ആൻഡ് ഫയർ സേഫ്റ്റി, സൈബർ സെക്യൂരിറ്റി കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു. ഫോൺ –04952301772, 859060275.

# കേരള വാർത്തകൾ



പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, പ്രിയങ്കഗാന്ധി എന്നിവർ ദുരിതാശ്വാസ ക്യാമ്പുകളിലെ ദുരിതബാധിതരെ ആശ്വസിപ്പിക്കുന്നു

# ബിഗ് സല്യൂട്ട്...



ഇന്ത്യൻ ആർമിയുടെ മദ്രാസ് എഞ്ചിനീയറിംഗ് ഗ്രൂപ്പ് അതിവേഗം നിർമ്മിച്ച ബെയ്‌ലി പാലം

### മുണ്ടക്കൈ പ്രകൃതി ദുരന്തം:

## കുട്ടികളുടെ തുടർ വിദ്യാഭ്യാസം ഏറ്റെടുക്കാൻ ഡബ്ല്യൂ.എം.ഒ സന്നദ്ധം

മുട്ടിൽ: മുണ്ടക്കൈ പ്രകൃതിദുരന്തത്തിലകപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുടെ തുടർ വിദ്യാഭ്യാസം പൂർണ്ണമായും ഏറ്റെടുക്കാൻ ഡബ്ല്യൂ.എം.ഒ സന്നദ്ധമാണെന്ന് ഡബ്ല്യൂ.എം.ഒ എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചതായി പ്രസിഡണ്ട് പി.പി അബ്ദുൽ ഖാദർ, ജനറൽ സെക്രട്ടറി കെ.കെ അഹ്മദ് ഹാജി എന്നിവർ അറിയിച്ചു. കുടുംബത്തോടൊപ്പമോ, ഡബ്ല്യൂ.എം.ഒ സ്ഥാപനങ്ങളിലോ താമസിച്ച് ജില്ലക്കകത്തും പുറത്തുമുള്ള സ്ഥാപനങ്ങളിൽ തുടർപഠനം നടത്താൻ ഡബ്ല്യൂ.എം.ഒ അവസരമൊരുക്കും. വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം തുടങ്ങിയ മേഖലകളിൽ ഡബ്ല്യൂ.എം.ഒ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഭാവി പദ്ധതികൾ ആവിഷ്കരിക്കാൻ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തി. ജില്ലാ ഭരണകൂടം, പ്രാദേശിക സാമൂഹിക പ്രവർത്തകർ എന്നിവരുമായി കൂടിയാലോചിച്ച് ഭാവി പരിപാടികൾക്ക് രൂപം നൽകും. യോഗത്തിൽ പി.പി അബ്ദുൽ ഖാദർ അധ്യക്ഷത വഹിച്ചു. ട്രഷറർ അഡ്വ. കെ. മൊയ്തു, ആർ.പി മുജീബ് തങ്ങൾ, ഡോ. കെ.ടി അഷ്റഫ്, പൊയിലൂർ അബൂബക്കർ ഹാജി, അഡ്വ.എം.സി.എം ജമാൽ, എം.ജെ അഷ്റഫ്, അണിയാരത്ത് മമ്മൂട്ടി ഹാജി, ജംഷീർ ഗസ്സാലി, ഖാലിദ് മുതുവോടൻ, ലത്തീഫ് പുനത്തിൽ, കക്കോടൻ മുഹമ്മദ്, പി.പി അയ്യൂബ്, സി.ഇ ഹാരിസ്, ഒ.ഇ കാസിം, സി.ഇ ഒ ഇ. മുഹമ്മദ് യൂസഫ്, മുജീബ് റഹ്മാൻ ഫൈസി സംസാരിച്ചു. മുഹമ്മദ് ഷാ മാസ്റ്റർ സ്വാഗതവും റാഷിദ് ഗസ്സാലി നന്ദിയും പറഞ്ഞു.

## നവോദയ സ്കൂളിലെ വിദ്യാർത്ഥികളെ മാറ്റിപ്പാർപ്പിക്കും

കൽപ്പറ്റ: കാലവർഷക്കെടുതിയിൽ നിരവധി നാശനഷ്ടമുണ്ടായ സാഹചര്യത്തിൽ പൂക്കോട് നവോദയ സ്കൂളിലെ വിദ്യാർത്ഥികളെയും ജീവനക്കാരെയും അടിയന്തരമായി മാറ്റി പാർപ്പിക്കാൻ ജില്ലാ ദുരന്ത നിവാരണ വിഭാഗം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ദേവകി ഉത്തരവിട്ടു.

### ഉരുൾപൊട്ടൽ: 29 കുട്ടികളെ കാണാതായി

# വീടുകൾ ഉൾപ്പെടെ 348 കെട്ടിടങ്ങളെ ബാധിച്ചു

**മുണ്ടക്കൈ, വെള്ളാർമല പ്രദേശത്തെ രണ്ട് സ്കൂളുകളിൽ നിന്നും മേപ്പാടി ഭാഗത്തെ രണ്ട് സ്കൂളുകളിൽ നിന്നുമായി ആകെ 29 വിദ്യാർത്ഥികളെ കാണാതായത്**

കൽപ്പറ്റ: ഉരുൾപൊട്ടൽ ഉണ്ടായശേഷം മൂന്ന് ദിവസങ്ങളിലായി നടത്തിയ രക്ഷ പ്രവർത്തനങ്ങളിൽ ജീവനോടെയുള്ള എല്ലാവരെയും രക്ഷപ്പെടുത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ വ്യാഴാഴ്ച വയനാട്ടിൽ ചേർന്ന ഉദ്യോഗസ്ഥതല യോഗം വിലയിരുത്തി. മുണ്ടക്കൈ, അട്ടമല ഭാഗങ്ങളിൽ ഇനി ആരും ജീവനോടെ കുടുങ്ങികിടക്കാനുള്ള സാധ്യതയില്ലെന്ന് കേരള–കർണാടക സബ് ഏരിയ ജനറൽ ഓഫീസർ കമാന്റിംഗ് (ജിഒസി) മേജർ ജനറൽ വി ടി മാത്യു യോഗത്തെ അറിയിച്ചു.

ആർമിയുടെ 500 പേർമുണ്ടക്കൈ, ചൂരൽമല മേഖലയിൽ തെരച്ചിലിനായി ഉണ്ട്. ഇനി ആരെയും രക്ഷപ്പെടുത്താൻ ഇല്ലെന്നാണ് കരുതുന്നത്. ഒറ്റപ്പെട്ട ആരെങ്കിലും കുടുങ്ങിക്കിടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്.

മൃതദേഹങ്ങളാണ് ഇനി കണ്ടെടുക്കാനുള്ളത്. മൂന്നു സ്നിഫർ നായകളും തെരച്ചിലിനായി ഉണ്ട്.

മുണ്ടക്കൈയിലേക്ക് യന്ത്രോപകരണങ്ങൾ എത്തിക്കാൻ പാലം പണിയൽ ആയിരുന്നു പ്രധാനദൗത്യം. ബുധനാഴ്ച രാത്രിയും ഇടതടവില്ലാതെ പ്രവൃത്തി ചെയ്തതിനാൽ ബെയ്‌ലി പാലം ഇന്ന് (വ്യാഴം) ഉച്ചയോടെ പൂർത്തിയാകുമെന്ന് മാത്യു പറഞ്ഞു. കേരള പോലീസിന്റെ 1000 പേർ തെരച്ചിൽ സ്ഥലത്തും 1000 പൊലീസുകാർ മലപ്പുറത്തും പ്രവർത്തനരംഗത്ത് ഉണ്ടെന്ന് എഡിജിപി എം ആർ അജിത്കുമാർ അറിയിച്ചു. മൃതദേഹ അവശിഷ്ടങ്ങളുടെ തിരിച്ചറിയലും സംസ്കാരവുമാണ് പ്രശ്നമായി അവശേഷിക്കുന്നത്.

ഉരുൾപൊട്ടലിനെ തുടർന്ന് മുണ്ടക്കൈ, വെള്ളാർമല പ്രദേശത്തെ രണ്ട് സ്കൂളുകളിൽ നിന്നും മേപ്പാടി ഭാഗത്തെ രണ്ട് സ്കൂളുകളിൽ നിന്നുമായി ആകെ 29 വിദ്യാർത്ഥികളെ കാണാതായതായി ഡിഡിഇ ശശീന്ദ്രവ്യാസ് വി എ അറിയിച്ചു. രണ്ട് സ്കൂളുകളാണ് ഉരുൾപൊട്ടിയ ഭാഗങ്ങളിൽ ഉള്ളത്. ഇതിൽ വെള്ളാർമല സ്കൂളിൽ നിന്ന് 11 കുട്ടികളെ ആണ് കാണാതായത്. കാണാതായ 29 കുട്ടികളിൽ നാല് പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. മുഴുവൻ കുട്ടികളുടെയും വിശദവിവരങ്ങൾ എടുത്തുകൊണ്ടിരിക്കുകയാണ്. മൃതദേഹം കിട്ടിയാൽ മൂന്ന് മിനിറ്റിനുള്ളിൽ പോസ്റ്റുമോർട്ടം തുടങ്ങുന്നുണ്ടെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. ക്യാമ്പിൽ കഴിയുന്നവർക്ക് മാനസികാഘാത പ്രശ്നമുണ്ട്. കൗൺസിലിംഗ് നൽകിവരുന്നു. പകർച്ചവ്യാധിയാണ് പ്രധാന ഭീഷണി.

അത് തടയാൻ മൃഗങ്ങളുടെ മൃതദേഹങ്ങളും വേണ്ട രീതിയിൽ സംസ്കരിക്കാനുള്ള നടപടികൾ ചെയ്യുന്നുണ്ട്. വീടുകൾ ഉൾപ്പെടെ 348 കെട്ടിടങ്ങളെയാണ് ഉരുൾപൊട്ടൽ ബാധിച്ചതെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ഡോ. എ കൗശിഗൻ അറിയിച്ചു.

അവകാശികൾ ഇല്ലാത്ത മൃതദേഹങ്ങൾ സംസ്കരിക്കാൻ പ്രോട്ടോകോൾ തയ്യാറായിട്ടുണ്ടെന്ന് പ്രത്യേക ഉദ്യോഗസ്ഥൻ സീരാം സാംബശിവ റാവു അറിയിച്ചു.

129 മൊബൈൽ ഫ്രീസറുകൾ നിലവിലുണ്ട്. ഇതിൽ 59 എണ്ണം ഉപയോഗിക്കുന്നു. മൊബൈൽ ഫ്രീസർ നൽകാൻ കർണാടക തയാറായിട്ടുണ്ട്. കാണാതായ ആളുകളെ കണ്ടെത്താൻ പ്രത്യേക നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയതായി തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചു. അറിയപ്പെടാത്ത മൃതദേഹങ്ങൾ സംസ്കരിക്കുന്ന കാര്യം അതാത് ഗ്രാമപഞ്ചായത്തുകൾ തീരുമാനിക്കും.

ക്യാമ്പുകളിൽ ഭക്ഷണ സാധനങ്ങൾ സപ്ലൈക്കോ വഴിയാണ് എത്തിക്കുന്നതെന്ന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻ അറിയിച്ചു.

ഉരുൾപൊട്ടൽ ഇത്ര ആഘാതം എങ്ങനെ ഉണ്ടാക്കി എന്നത് ഗൗരവമായി പഠിക്കണമെന്ന് യോഗത്തിന്റെ ഒടുവിൽ സംസാരിച്ച മുഖ്യമന്ത്രി പിണറായി വിജയൻ ചൂണ്ടിക്കാട്ടി.

പെട്ടെന്നുതന്നെ പാലം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പട്ടാളത്തെ മുഖ്യമന്ത്രി അഭിനന്ദിച്ചു. പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് നൽകുന്ന മുന്നറിയിപ്പ് കൃത്യമായി എല്ലാവരും പാലിക്കേണ്ടതുണ്ട്. കളക്ടറേറ്റിൽ നടന്ന യോഗത്തിൽ മന്ത്രിമാരായ കെ രാജൻ, റോഷി അഗസ്റ്റിൻ, പി എ മുഹമ്മദ് റിയാസ്, എ കെ ശശീന്ദ്രൻ, ജെ ചിഞ്ചുറാണി, വീണാ ജോർജ്, പി പ്രസാദ്, കെ കൃഷ്ണൻകുട്ടി, ജി ആർ അനിൽ, രാമചന്ദ്രൻ കടന്നപ്പള്ളി, വി എൻ വാസവൻ, ഒ ആർ കേളു, വി അബ്ദുറഹ്മാൻ, ചീഫ് സെക്രട്ടറി ഡോ. വി വേണു, ഡിജിപി ഷേഖ് ദർവാസ് സാഹിബ്, ജില്ലാ കലക്ടർ മേഘശ്രീ ആർ ഡി എന്നിവർ പങ്കെടുത്തു.

## മലപ്പുറത്ത് ലഭിച്ച മൃതദേഹങ്ങൾ വയനാട്ടിലേക്ക് കൊണ്ടുവന്നു

കൽപ്പറ്റ: ഉരുൾപൊട്ടലിൽ മരിച്ചവരുടേതായി മലപ്പുറം ജില്ലയിൽ ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ലഭിച്ച മൃതദേഹങ്ങളും മൃതദേഹാവശിഷ്ടങ്ങളുമായി 143 എണ്ണം വയനാട്ടിലേക്ക് കൊണ്ടുവന്നു. മൃതദേഹങ്ങൾ ബന്ധുക്കൾക്ക് തിരിച്ചറിയാനുള്ള സൗകര്യത്തിനായി വയനാട്ടിലെത്തിക്കണമെന്ന് വ്യാഴാഴ്ച മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വയനാട് ചേർന്ന സർവകക്ഷിയോഗത്തിൽ അഭിപ്രായം ഉയർന്നിരുന്നു. തുടർന്നാണ് ഇക്കാര്യത്തിൽ അടിയന്തിര തീരുമാനമുണ്ടായത്. മലപ്പുറം ജില്ലയിൽ നിന്ന് ഇതുവരെ 58 മൃതദേഹങ്ങളും 95 ശരീര ഭാഗങ്ങളുമാണ് ലഭിച്ചത്. ആകെ 153 എണ്ണം. 32 പുരുഷന്മാരുടെയും 23 സ്ത്രീകളുടെയും 2 ആൺകുട്ടികളുടെയും ഒരു പെൺകുട്ടിയുടെയും മൃതദേഹങ്ങൾ ലഭിച്ചു. ഇത് കൂടാതെ 95 ശരീര ഭാഗങ്ങളും കണ്ടെത്തി. വയനാട് ഉരുൾപൊട്ടലിൽ അകപ്പെട്ടവരെ കണ്ടെത്താനായി ചാലിയാർ പുഴയുടെ എടവണ്ണ കടവുകളിലും വ്യാഴാഴ്ച തിരച്ചിൽ നടത്തി. ഉരുൾപ്പൊട്ടൽ നടന്ന വയനാട് മുണ്ടക്കൈ, ചൂരൽമല എന്നിവയോട് ഏറ്റവും അടുത്തുള്ള മലപ്പുറത്തെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ കടവുകളിൽ നിന്നാണ് ആദ്യം മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നതെങ്കിൽ പിന്നീട് കിലോമീറ്ററുകൾ താഴെ വാഴക്കാട് നിന്നടക്കം മൃതഹങ്ങൾ ലഭിച്ചു.

## ഉരുൾപൊട്ടൽ: രക്ഷാദൗത്യത്തിന് 1809 സേനാംഗങ്ങൾ

കൽപ്പറ്റ: മുണ്ടക്കൈ-ചൂരൽമല രക്ഷാദൗത്യം ഊർജ്ജിതമാക്കാൻ കേന്ദ്ര-സംസ്ഥാന സേനാ വിഭാഗത്തിലെ 1809 പേർ. തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങളിലെ സേനാംഗങ്ങൾ രക്ഷാപ്രവർത്തനത്തിന് സജീവമാണ്. എൻ.ഡി.ആർ.എഫ്, സി.ആർ.പി.എഫ്, കര–വ്യോമ–നാവിക സേനകൾ, കോസ്റ്റ് ഗാർഡ്, പോലീസ്, അഗ്നിശമന സേനാംഗങ്ങൾ ഉൾപ്പെടെയാണ് മൂന്ന് ദിവസങ്ങളിലായി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. എൻ.ഡി.ആർ.എഫിന്റെ 90, മദ്രാസ് എൻജിനിയറിങ് ഗ്രൂപ്പ് (എം.ഇ.ജി) 120, പ്രതിരോധ സുരക്ഷാ സേന ( ഡി.എസ്.സി) 180, നാവിക സേന 68, ഫയർ ഫോഴ്സ് 360, കേരള പോലീസ് 866, തമിഴ്നാട് ഫയർ ഫോഴ്സ്, എസ്.ഡി.ആർ.എഫ് സേനകളിൽ നിന്നും 60, ഹൈ ആൾട്ടിട്ട്യൂഡ് ടീം 14, കോസ്റ്റ് ഗാർഡ് 11, ടെറിട്ടോറിയൽ ആർമി 40, ഡോഗ് സ്ക്വാഡിന്റെ സേവനവും രക്ഷാപ്രവർത്തിനുണ്ട്.

## മത്സരത്തിന് മുമ്പേ ലങ്കക്ക് തിരിച്ചടി



കൊളംബൊ: ടി20 പരമ്പരയിൽ ഇന്ത്യക്കു മുന്നിൽ 0-3ന് ദയനീയമായി തോറ്റ ശ്രീലങ്കയ്ക്ക് ഏകദിന പരമ്പര ഇന്ന് ആരംഭിക്കാനിരിക്കെ പേസർമാരായ ദിൽഷൻ മധുശങ്ക, മതീഷ പതിരന എന്നിവർ പിൻമാറിയത് ഇരട്ട ആഘാതമായി.

നേരത്തെ തന്നെ പരമ്പരയിൽ നിന്നും ദുഷ്മന്ത ചമീര, നുവാൻ തുഷാര എന്നിവർ പരിക്ക് മൂലം പിൻമാറിയിരുന്നു.

ഇരുവർക്കും പകരമായി പുതുമുഖ ഫാസ്റ്റ് ബൗളർ മുഹമ്മദ് ഷിറാസ്, ഇശാൻ മലിംഗ എന്നിവരെ ടീമിലെടുത്തിട്ടുണ്ട്. മൂന്ന് ഏകദിനങ്ങളുള്ള പരമ്പരയിൽ കോലിയും രോഹിതുമടക്കം മുതിർന്ന താരങ്ങൾ ഇന്ത്യൻ ടീമിലേക്ക് മടങ്ങി എത്തിയിട്ടുണ്ട്.

ടീമിലേക്ക് തിരിച്ചു വിളിച്ച റിഷഭ് പന്ത് സ്പെഷ്യലിസ്റ്റ് വിക്കറ്റ് കീപ്പറായി ഉണ്ടാകുമ്പോൾ കെ.എൽ രാഹുലിനെ ഗൗതം ഗാംഭീർ ഉൾപ്പെടുത്തുമോ എന്നത് കണ്ടറിയണം.

## മെഗാ താരമായി സിമോൺ



പാരീസ്: എക്കാലത്തെയും ഏറ്റവും മികച്ച വനിതാ ജിംനാസ്റ്റ് ആരാണെന്ന ചോദ്യത്തിന് ഉത്തരം റൊമേനിയക്കാരി നാദിയ കോമനാച്ചിയാവാം. പക്ഷേ ആധുനിക കായിക ലോകം സിമോൺ ബൈൽസ് എന്ന അമേരിക്കൻ ജിനാസ്റ്റിനെ നോക്കിപറയും ഷീ ഈസ് ദി ഗോട്ട് (ഗ്രെയിറ്റസ്റ്റ് ഓഫ് ഓൾ ടൈം)....വെല്ലുവിളികൾ നിറഞ്ഞ കുട്ടിക്കാലം. പീഡനാനുഭവങ്ങളുടെ കൗമാരം, മാനസിക പിരിമുറുക്കത്തിന്റെ യുവത്വം. മൂന്ന് വർഷം മുമ്പ് ടോക്കിയോ ഒളിംപിക്സിനെത്തി മാനസികാരോഗ്യം ശരിയില്ലെന്ന് പറഞ്ഞ് മടങ്ങിയ സിമോൺ പാരീസിൽ മടങ്ങിയെത്തി സ്വന്തമാക്കിയത് സ്വർണമായിരുന്നു. 27കാരിയായ താരം ടീം ഇനത്തിൽ അമേരിക്കക്കായി സ്വർണം സ്വന്തമാക്കിയ ശേഷം ഇന്നലെ വീണ്ടും റിംഗിലുണ്ടായിരുന്നു. വോൾട്ടിലും അൺഈവൻ ബാർസിലും, ബീമിലും, ഫ്ളോറിലും അസാധ്യ മികവ് പ്രകടിപ്പിക്കുന്ന സിമോണാണ് പാരീസിലെ സൂപ്പർ താരം. എവിടെയും ഫാൻസ്. താനുൾപ്പെടെ നിരവധി വനിതാ ജിംനാസ്റ്റുകളെ അമേരിക്കൻ ടീമിലെ ഡോക്ടർ ലൈംഗീകമായി പീഡിപ്പിച്ചിരുന്നു എന്ന് പരസ്യമായി പറഞ്ഞ സിമോൺ അമേരിക്കൻ കായിക ലോകത്തെ കൊള്ളരുതായ്മകളെയും തുറന്ന് കാട്ടിയിരുന്നു.

# ചന്ദ്രിക സ്പോർട്സ്



*150 കോടി ജനതയുള്ള ഒരു രാജ്യം ഒളിംപിക്സ് പോലെ വിശ്വകായിക മേളകളിൽ കൂടുതൽ പ്രതിഭകളെ പങ്കെടുപ്പിക്കേണ്ടതാണ്. ഇന്ത്യയിൽ പ്രതിഭകൾക്ക് കുറവില്ല, പക്ഷെ അവരെ കണ്ടെത്തുകയും വളരാനുള്ള സാഹചര്യം ഒരുക്കുകയും അവരെ അടുത്ത ഘട്ടത്തിലേക്ക് എത്തിക്കുന്നതിലാണ് നമുക്ക് പിഴക്കുന്നത്. പ്രതിഭകൾക്ക് രാജ്യത്തിൽ കുറവില്ലെന്നത് 100 ശതമാനം ശരിയാണ്. ആൻഡമാനിൽ നിന്നുള്ള അഞ്ച് വയസുകാരനായ ഒരു കുട്ടി ഫുട്ബോളിലും ജാവലിൻ ത്രോയിലും ക്രിക്കറ്റിലുമെല്ലാം മിടുക്കനായാലും അവന് എങ്ങനെ അടുത്ത തലത്തിലേക്ക് എത്തണമെന്ന് അറിയില്ല. സ്വാഭാവികമായും അവൻ ആദ്യകാല പ്രകടനത്തിനു ശേഷം വിസ്മൃതിയിലാവും. പിന്നീട് ഏതെങ്കിലും കോൾ സെന്ററിൽ അവൻ ജോലി ചെയ്യുന്നത് നമ്മൾ കാണും. വസ്തുതകൾ തുറന്നു പറയാൻ എനിക്ക് മടിയില്ല. അതിന്റെ പേരിൽ എന്നെ കൊന്നാലും പ്രശ്നമില്ല.*

**–സുനിൽ ഛേത്രി**

www.chandrikadaily.com

**BREAKING** ഇന്ത്യ–ശ്രീലങ്ക ആദ്യ ഏകദിനം ഉച്ചയ്ക്ക് 2.30



### ഇന്ന്

പാരീസ് ഒളിംപിക്സ്
ഫുട്ബോൾ ക്വാർട്ടർ
മൊറോക്കോ–യു.എസ്.എ (വൈകുന്നേരം 6.30)
ജപ്പാൻ–സ്പെയിൻ (രാത്രി 8.30 )
ഈജിപ്ത്–പരാഗ്വേ (രാത്രി 10.30 )
ഫ്രാൻസ്–അർജന്റീന (രാത്രി 12.30 )
ഹോക്കി
ഇന്ത്യ–ഓസ്ട്രേലിയ (വൈകുന്നേരം 4.45 )
സ്പോർട്സ് 18



### മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ)*

1. ചൈന 11, 7, 3, 21
2. ഫ്രാൻസ് 8, 10, 8, 26
3. ജപ്പാൻ 8, 10, 8, 26
4. ഓസ്ട്രേലിയ 7, 6, 4, 17
5. യു.എസ്.എ 6, 13, 12, 31
6. ബ്രിട്ടൻ 6, 7, 7, 20
7. കൊറിയ 6, 3, 3, 12
8. ഇറ്റലി 3, 6, 4, 13

42. ഇന്ത്യ 0, 0, 3, 3

# വെങ്കലം വെടിവെച്ചിട്ട് സ്വപ്നിൽ

**പാരീസിൽ നിന്നും
കമാൽ വരദൂർ**

ഒളിംപിക്സ് ഷൂട്ടിംഗ് അറീനയിൽ നിന്നും ഇന്ത്യ മൂന്നാം വെങ്കലം സ്വന്തമാക്കിയ പകലിൽ തിരിച്ചടികളും നിരവധി. ഷൂട്ടിംഗിൽ പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻ വിഭാഗത്തിൽ സ്വപ്നിൽ കുശാൽ വെങ്കലം നേടിയത് മാത്രമായിരുന്നു മൽസരങ്ങളുടെ ആറാം ദിനം ഇന്ത്യൻ നേട്ടം. ഈ ഇനത്തിൽ ആദ്യമായി ഒളിംപിക് ഫൈനൽ ബെർത്ത് സ്വന്തമാക്കിയ പൂനെക്കാരൻ മെഡലും സ്വന്തമാക്കിയപ്പോൾ 21 അംഗ ഷൂട്ടിംഗ് സംഘം രാജ്യത്തിന് സമ്മാനിക്കുന്ന മൂന്നാമത് മെഡലായി അത് മാറി. ഇതേ വിഭാഗം വനിതകളിൽ സിഫ്റ്റ് കൗർ സാംറക്ക് മെഡൽ സാധ്യതയുണ്ടായിരുന്നു. പക്ഷേ 22കാരി യോഗ്യതാറൗണ്ടിൽ 31മതായിരുന്നു. ബാഡ്മിൻറണിലും വനിതാ ബോക്സിംഗിലും പുരുഷ ഹോക്കിയിലും ഇന്ത്യക്ക് വൻ ആഘാതമുണ്ടായി.

ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഇന്ത്യ സ്വാതിക് സായ് രാജ് രെങ്കിറെഡ്ഢി - ചിരാഗ് ഷെട്ടി സഖ്യത്തിൽ നിന്ന് സ്വർണം തന്നെ പ്രതീക്ഷിച്ചപ്പോൾ ലോക റാങ്കിംഗിലെ നാലാമന്മാർ ഇന്നലെ ക്വാർട്ടറിൽ തോറ്റ് പുറത്തായി. മലേഷ്യയിൽ നിന്നുള്ള അരോൺ ചിയസോ വോ യിക് സഖ്യമാണ് അനുഭവസമ്പന്നരായ ഇന്ത്യൻ ടീമിനെ വീഴ്ത്തിയത്. സ്കോർ 21-13, 14-21,16-21. ആദ്യ ഗെയിം സ്വന്തമാക്കിയ ഇന്ത്യൻ സഖ്യം പ്രതീക്ഷ നൽകിയെങ്കിൽ അടുത്ത രണ്ട് സെറ്റുകളിൽ കാണാനായത് മലേഷ്യക്കാരുടെ തിരിച്ചുവരവായിരുന്നു.

ഇതിനകം ഇവരുമായി കളിച്ച മൂന്ന് മൽസരങ്ങളിലും വിജയം സ്വന്തമാക്കിയവരാണ് ഇന്ത്യൻ ടീമെങ്കിൽ ഇന്നലെ നിർണായക മൽസരത്തിൽ തോൽവി പിണഞ്ഞു. വനിതാ ബോക്സിംഗിൽ നിഖത് സരീനിൽ നിന്നും മെഡൽ ഉറപ്പിച്ചിരുന്നു. പക്ഷേ 50 കിലോ ഗ്രാം വിഭാഗത്തിൽ ചൈനയുടെ വു യുവിന് മുന്നിൽ ഇന്ത്യയുടെ ലോക ചാമ്പ്യൻ 5-0 എന്ന സ്കോറിന് തകർന്നു. ട്രാക്കുണർന്ന ദിനം പുരുഷവ, നിതാ നടത്ത മൽസരങ്ങളിലും സമ്പൂർണ നിരാശയായിരുന്നു. പുരുഷ വിഭാഗത്തിൽ മൂന്ന് പേരുണ്ടായിരുന്നു. വികാശ് സിംഗ് മുപ്പതാം സ്ഥാനത്താണ് എത്തിയത്. പരംജിത് സിംഗ് ബിഷ്ത് 37-ാമതായിരുന്നു. ആകാശ്ദീപ് സിംഗ് ആറ് കിലോമീറ്റർ പിന്നിട്ടതും പിൻവാങ്ങി. വനിതാ വിഭാഗത്തിൽ പ്രിയങ്കാ ഗോസ്വാമി 41-ാമത് സ്ഥാനത്തായിരുന്നു. പുരുഷ ഹോക്കിയിൽ ഇന്ത്യ ക്വാർട്ടർ ഉറപ്പാക്കിയപ്പോഴും ബെൽജിയ ... 2ന് തോറ്റു. അമ്പെയ്ത്ത് പുരുഷ വിഭാഗം സിംഗിൾസിൽ പ്രവീൺ ജാദവ് ചൈനീസ് പ്രതിയോഗിയോട് തോറ്റ് പുറത്തായി. ഇന്ത്യൻ താരങ്ങൾ ഏറ്റുമുട്ടിയ ബാഡ്മിന്റൺ പുരുഷൻ സിംഗിൾസ് പ്രീ ക്വാർട്ടറിൽ മലയാളി താരം എച്ച്.എസ് പ്രണോയിയെ തോൽപിച്ച് ലക്ഷ്യസെൻ ക്വാർട്ടറിലെത്തി. സ്കോർ 21-12, 21-6.



### സ്വപ്നിൽ ചന്ദ്രികയോട്

50 മീറ്റർ റൈഫിൾ3 പൊസിഷൻ വിഭാഗത്തിൽ ആദ്യമായാണ് ഇന്ത്യ ഒളിംപിക് ഫൈനൽ ബെർത്ത് സ്വന്തമാക്കിയത്. അതായിരുന്നു ആദ്യ സന്തോഷം. മെഡൽ നേടാനായപ്പോൾ അത് പറഞ്ഞറിയിക്കാൻ കഴിയാത്ത വികാരമായി. ഒളിംപിക്സ് പോഡിയത്തിൽ രാജ്യത്തിനായി മെഡൽ ഉയർത്തുക എന്നത് സ്വപ്നമായിരുന്നു. അത് യാഥാർത്ഥ്യമായി. രക്ഷിതാക്കൾ, കുടുംബം, പരിശീലകർ, സുഹൃത്തുക്കൾ തുടങ്ങി എല്ലാവരോടും നന്ദിയുണ്ട്.

## സ്വപ്ന യാത്രക്കു പിന്നിൽ കാഠിന്യം ഏറെ

പാരീസ്: മഹാരാഷ്ട്രയിലെ കോലാപൂരിൽ നിന്നുള്ള 28കാരൻ സ്വപ്നിൽ കുസാലെ പാരീസിൽ സ്വന്തമാക്കിയത് സുവർണ വെങ്കലം. പുരുഷൻമാരുടെ 50 മീറ്റർ റൈഫിൽ 3 പൊസിഷനിൽ വെങ്കലം വെടിവെച്ചിട്ട് ഇന്ത്യക്ക് മൂന്നാം മെഡൽ സമ്മാനിച്ച സ്വപ്നിൽ കുസാലെ ഈ നേട്ടത്തിലേക്കെത്താൻ താണ്ടിയത് അതികഠിനമായ പാതയാണ്. പത്താം വയസുമുതൽ സർക്കാർ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിച്ച സ്വപ്നിൽ 14-ാം വയസിലാണ് മഹാരാഷ്ട്ര സർക്കാരിന്റെ ക്രീഡ പ്രബോധിനി സ്കീമിൽ സ്പോർട്സ് സ്കൂളിലേക്ക് മാറിയത്. അവിടെ വെച്ചായിരുന്നു സ്വപ്നിൽ ഷൂട്ടിംഗിൽ ശ്രദ്ധകേന്ദ്രീകരിച്ചത്. ജൈവകൃഷിയുടെ പേരിലും ലഹരി വിമുക്ത ഗ്രാമങ്ങളുടെ പേരിലും അറിയപ്പെടുന്ന സ്വപ്നിലിന്റെ ഗ്രാമം ഇനി അറിയപ്പെടുക സ്വപ്നിൽ എന്ന ഇന്ത്യയുടെ അഭിമാനമായി മാറിയ ഒളിംപ്യന്റെ പേരിലായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. 2015ലെ ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയാണ് സ്വപ്നിൽ ഷൂട്ടിംഗിലെ സ്വപ്നയാത്രക്ക് തുടക്കം കുറിച്ചത്. ലണ്ടൻ ഒളിംപിക്സിലെ ഇന്ത്യയുടെ വെങ്കല മെഡൽ ജേതാവായ ഗഗൻ നാരംഗിനെ മറികടന്ന് ദേശീയ ചാമ്പ്യൻഷിപ്പ് ജയിച്ച് വരവറിയിച്ചു. 2015ൽ ഇന്ത്യൻ റെയിൽവെയിൽ ടിടിഇ ആയി ജോലിക്ക് കയറിയ സ്വപ്നിൽ തന്റെ ആദ്യ ആറ് മാസത്തെ ശമ്പളത്തിൽ നിന്ന് മിച്ചം പിടിച്ച് മൂന്ന് ലക്ഷം രൂപക്ക് പുതിയ തോക്ക് വാങ്ങി പരിശീലനം തുടങ്ങി. 2018വരെ മൂന്ന് തവണ ജൂനിയർ ലോകകപ്പിൽ മത്സരിച്ച സ്വപ്നിലിന് 2018ലെ ഏഷ്യൻ ചാമ്പ്യൻഷിപ്പിലെ വെങ്കലം മാത്രമായിരുന്നു പിന്നീട് എടുത്തു പറയാനുണ്ടായ നേട്ടം. 2022ൽ കെയ്റോയിൽ നടന്ന ഷൂട്ടിംഗ് ലോകകപ്പിൽ മെഡൽ നേടാനായില്ലെങ്കിലും നാലാം സ്ഥാനത്തെത്തിയ സ്വപ്നിൽ പാരീസിലേക്ക് യോഗ്യത നേടി. കഴിഞ്ഞ ഏഷ്യൻ ഗെയിംസിൽ അവസാന റൗണ്ട് വരെ ഒന്നാം സ്ഥാനത്തായിരുന്ന സ്വപ്നിലിന് അവസാന റൗണ്ടിൽ ഉന്നം പിഴച്ചപ്പോൾ നാലാം സ്ഥാനത്തായി. എന്നാൽ അഖിൽ ഷിയോറൻ ഐശ്വര്യ പ്രതാപ് സിംഗ് എന്നിവർക്കൊപ്പം ടീം ഇനത്തിൽ സ്വപ്നിൽ സ്വർണം നേടിയിരുന്നു. എല്ലാ തിരിച്ചടികളെയും മറികടന്ന് സ്വപ്നങ്ങളെ പിന്തുടർന്ന് സ്വപ്നിൽ വെടിവെച്ചിട്ടത് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നാണ്.



*സ്വപ്നിൽ കുശാൽ മെഡലുമായി, സ്വപ്നിൽ മത്സരത്തിനിടെ*



*ഇന്ത്യൻ ഗോൾമുഖത്ത് ബെൽജിയം ആക്രമണം തടയാനുള്ള ഇന്ത്യൻ കളിക്കാരുടെ ശ്രമം*

# ഹോക്കിയിൽ തോൽവി

പാരീസ്: ഒളിംപിക്സ് ഹോക്കിയിൽ ഇന്ത്യക്ക് ആദ്യ തോൽവി. പൂൾ ബിയിലെ നാലാമത് മൽസരത്തിൽ നിലവിലെ ഒളിംപിക് സ്വർണ മെഡൽ ജേതാക്കളായ ബെൽജിയത്തിന് മുന്നിലാണ് ഇന്ത്യ 1-2 ന് പരാജയപ്പെട്ടത്.

ആദ്യ മൽസരത്തിൽ ന്യൂസിലൻഡിനെ മറികടന്ന് മുന്നേറിയ ഇന്ത്യ രണ്ടാം മൽസരത്തിൽ കരുത്തരായ അർജന്റീനയോട് സമനില വഴങ്ങിയെങ്കിലും മൂന്നാം മൽസരത്തിൽ അയർലൻഡിനെ രണ്ട് ഗോളിന് പരാജയപ്പെടുത്തി ക്വാർട്ടർ ഫൈനൽ ഉറപ്പാക്കിയിരുന്നു.

ഇന്ന് ഗ്രൂപ്പിലെ അവസാന മൽസരത്തിൽ ഇന്ത്യ ഓസ്ട്രേലിയക്കെതിരെ കളിക്കും. കരുത്തരെന്ന് കരുതിയ ഓസിസുക്കാർക്കെതിരെ നേടിയ ആറ് ഗോൾ വിജയം നൽകിയ ആത്മവിശ്വാസത്തിലാണ് ബെൽജിയം ഇന്ത്യക്കെതിരെ യെസ് ഡു മനോയിർ സ്റ്റേഡിയത്തിൽ ഇറങ്ങിയത്. തുടക്കത്തിൽ ഇന്ത്യയെ വിറപ്പിക്കുന്നതിൽ വിജയിച്ച 2018 ലെ ലോക ചാമ്പ്യന്മാരെ ആദ്യ 15 മിനുട്ടിൽ ഗോളടിക്കാൻ പി.ആർ ശ്രീജേഷ് അനുവദിച്ചില്ല.

രണ്ടാം ക്വാർട്ടറിലാവട്ടെ ഇന്ത്യ ലീഡും നേടി. ബെൽജിയൻ പ്രതിരോധത്തിലെ വീഴ്ച ഉപയോഗപ്പെടുത്തി പതിനെട്ടാം മിനുട്ടിൽ അഭിഷേകാണ് സ്കോർ ചെയ്തത്. തുടർന്ന് കണ്ടത് അതിവേഗ ആക്രമണങ്ങളിൽ ഇന്ത്യയെ സമർദ്ദത്തിലാക്കുന്ന ബെൽജിയത്തെയാണ്. പെനാൽറ്റി കോർണറുകളും അവർ സമ്പാദിച്ചു. എന്നാൽ ശ്രീജേഷ് കരുത്ത് കാട്ടി.

മൽസരം ഇടവേളക്ക് പിരിയുമ്പോൾ ഇന്ത്യ 1-0 ന് മുന്നിലായിരുന്നു. രണ്ടാം പകുതിയിൽ ഇന്ത്യൻ താരങ്ങൾ അലസരായിരുന്നു. വളരെ വേഗം അതിന് തിരിച്ചടിയും കിട്ടി. ഫ്ളോറൻഡ് വാൻ ഔബൽ ഇന്ത്യൻ പ്രതിരോധത്തെ മറികടന്ന് നൽകിയ ക്രോസ് സ്റ്റിബോ സ്റ്റോക്ബ്രൗസ് സമനില ഗോളാക്കി മാറ്റി. പെനാൽറ്റി കോർണറിൽ നിന്നായിരുന്നു ബെൽജിയം വിജയ ഗോൾ സ്വന്തമാക്കിയത്. ആദ്യഷോട്ട് ശ്രീജേഷ് രക്ഷപ്പെടുത്തി.

പക്ഷേ ഡിയിൽ കാത്തുനിന്നിരുന്ന പകരക്കാരൻ ജോൺ ജോൺ ഡോഹ്മാൻ പന്ത് വലയിലാക്കി. പിറകിലായപ്പോൾ മാത്രമാണ് പിന്നെ ഇന്ത്യ ഉണർന്നത്. ബെൽജിയൻ പ്രതിരോധമാവട്ടെ അവസാന നിമിഷങ്ങളിൽ പതറിയതുമില്ല.

മറ്റൊരു മൽസരത്തിൽ അയൽക്കാരായ കിവിസിനെ മറുപടിയില്ലാത്ത അഞ്ച് ഗോളിന് തകർത്ത ഓസ്ട്രേലിയ ഗ്രൂപ്പിൽ ബെൽജിയത്തിന് പിറകിൽ ഒമ്പത് പോയിന്റുമായി രണ്ടാമതെത്തി. നാല് കളികളിൽ നിന്നായി ഏഴ് പോയിന്റുമായി ഇന്ത്യ മൂന്നാമതാണ്.

# ലൂയി പതിനാലാമാ, നമിച്ചിരിക്കുന്നു




**കമാൽ വരദൂർ**

ചരിത്രമാണ് പാരീസും ഫ്രാൻസും. എവിടെ തിരിഞ്ഞാലും 500 ലധികം വർഷം പഴക്കമുള്ള ചരിത്ര നിർമിതികൾ. പഠനകാലത്ത് ബിരുദാനന്തര ബിരുദം നേടിയത് ചരിത്രത്തിലായതിനാൽ ഫ്രഞ്ച് ചരിത്രം നന്നായി അറിയാം. ലൂയി പതിനാലാമൻ എന്ന ബുർബൺ രാജവംശത്തിലെ ഏകാധിപതിയെക്കുറിച്ച് അറിയാത്തവരുണ്ടാവില്ല. ഞാനാണ് രാജ്യം (Iam the State) എന്ന് ലോകത്തോട് പറഞ്ഞ സ്വേഛാധിപതി. എനിക്ക് ശേഷം പ്രളയം (after me, the deluge ) എന്ന് പറഞ്ഞ തന്നിഷ്ടക്കാരൻ. 1643 മുതൽ 1715 വരെ 72 വർഷകാലം രാജ്യം ഭരിച്ചിരുന്നു ലൂയി പതിനാലാമൻ. പാരീസ് നഗരത്തിൽ നിന്നും 20 കിലോമീറ്റർ അരികെ വാഴ്സായി എന്ന സ്ഥലത്തെ അതിവിശാല കൊട്ടാരത്തിലിരുന്ന് തനിക്ക് തോന്നുന്നത് പോലെ ഫ്രഞ്ച് ജനതയെ വേട്ടയാടിയ ഭരണാധികാരി. പതിനാലാമന് ശേഷം പതിനഞ്ചാമനും പതിനാറാമനും ജനതയെ വേട്ടയാടി.

നിരന്തര യുദ്ധങ്ങളിൽ രാജ്യം സാമ്പത്തികമായി തകർന്നു. സാധാരണക്കാർക്കുമേൽ നികുതികൾ അടിച്ചേൽപ്പിച്ചപ്പോൾ കർഷകർ പ്രതിഷേധങ്ങളുമായി രംഗത്തിറങ്ങി. വിഖ്യാത ചിന്തകരായ വോൾട്ടയറും റസോയും മൊണ്ടസ്ക്യുവും അവരുടെ പ്രബോധനങ്ങളും മധ്യവർഗത്തെ മുന്നോട്ട് നയിച്ചു. അങ്ങനെ രാജഭരണത്തെ തകർത്തെറിഞ്ഞ് 1789 ൽ ഫ്രഞ്ച് വിപ്ലവം. ലൂയി പതിനാറാമനും ഭാര്യ മേരി അൻറ്റോനെറ്റും പിടിക്കപ്പെട്ടു. ഇവരെ വിപ്ലവക്കാർ ഗിലറ്റിൻ ചെയ്തു. അങ്ങനെ ഫ്രാൻസ് രാജഭരണത്തിൽ നിന്നും റിപ്പബ്ലിക്ക് ആയി മാറി. പിന്നീട് നെപ്പോളിയൻ കാലം. വാട്ടർലൂ യുദ്ധം. രണ്ട് ലോക യുദ്ധങ്ങളെ അതിജയിച്ച് ഫ്രാൻസ് ഇന്ന് കാണുന്ന ഇമ്മാനുവൽ മക്രോണിയൻ നാടായി.

ഫ്രഞ്ച് ചരിത്രം ഹ്രസ്വമായി വിവരിക്കാൻ കാരണം മേൽപ്പറഞ്ഞ സംഭവങ്ങളെലാം നടന്ന ഭൂമികകളിൽ സന്ദർശനം നടത്തിയപ്പോൾ ഇവയെല്ലാം അതിവിപുല സ്മാരകങ്ങളായി എത്ര മനോഹരമായാണ് സർക്കാർ സംരക്ഷിച്ചിരിക്കുന്നത് എന്ന് പറയാനാണ്. 400 ലധികം പഴക്കമുള്ള ലൂയി പതിനാലാമന്റെ ആസ്ഥാനമായ വാഴ്സായി കൊട്ടാരത്തിൽ പോയപ്പോൾ ആ നിർമിതിയും, ആ സംരക്ഷണവും കണ്ട് അൽഭുതപ്പെടാൻ മാത്രമാണ് കഴിഞ്ഞത്. ഏക്കറുകൾ വ്യാപരിച്ച് കിടക്കുന്ന കൊട്ടാരം. കല്ലിൽ തീർത്ത നയനാനന്ദകര ശിൽപ്പം പോലെ, ചെറിയ പോറൽ പോലുമേൽക്കാതെ കൊട്ടാരം ഇങ്ങനെ നമ്മുടെ മുന്നിൽ അവതരിച്ചിരിക്കുന്നത് പോലെ. ലൂയി പതിനാലാമൻ എന്ന ഭരണാധികാരി 72 വർഷകാലം എത്രത്തോളം ആഢംബര പൂർണമായിട്ടായിരിക്കാം ജീവിച്ചിരിക്കുക. അദ്ദേഹത്തിന്റെ ആസ്ഥാനം, അതിനുള്ളിലെ സ്വർണ വജ്രാങ്കിത പീഠങ്ങൾ, രാജാവ് കൽപ്പനകൾ പുറപ്പെടുവിച്ചിരുന്ന സ്തൂപം, പിന്നെ അദ്ദേഹം ഉലാത്താറുള്ള അതിവിശാല മട്ടുപ്പാവ്, വലിയ പുന്തോട്ടം....



*ലൂയി പതിനാലാമന്റെ ആസ്ഥാനമായ വേഴ്സായ് കൊട്ടാരത്തിന്റെ അകത്തളം*

വിശേഷങ്ങൾ പറഞ്ഞാൽ അവസാനിക്കില്ല. വാഴ്സായി കൊട്ടാരം കാണാൻ സഞ്ചാരികളുടെ ഒഴുക്കാണ്. കൊട്ടാരത്തിനകവും പുന്തോട്ടവും സെൻ നദിക്കരയിലെ മട്ടുപ്പാവുമെല്ലാം കാണാൻ ടിക്കറ്റെടുക്കണം. ഒരു ദിവസം പൂർണമായാലും കാഴ്ചകൾ കണ്ടുതീരില്ല. ഒളിംപിക്സ് അതിഥി എന്ന നിലയിൽ പ്രത്യേക പരിഗണന കിട്ടി. കാറിന് പ്രത്യേക പാർക്കിംഗ്, കാര്യങ്ങളെ പരിചയപ്പെടുത്താൻ വോളണ്ടിയർ..

വലിയ കൗതുകം കൊട്ടാരത്തിന് ചെറിയ കേട്പാട് പോലും സംഭവിച്ചിട്ടില്ല എന്നതാണ്. റഷ്യക്കാർ ലെനിൻ എന്ന അവരുടെ രാഷ്ട്രപിതാവിന്റെ ശരീരം സംരക്ഷിക്കുന്നത് പോലെ ഫ്രഞ്ചുകാർ തങ്ങൾക്ക് ഇഷ്ടമില്ലാതിരുന്നിട്ട് കൂടി ലൂയി പതിനാലാമൻ എന്ന ഏകാധിപതി വസിച്ച ആസ്ഥാനത്തെ നിലനിർത്തുന്നു.

ടൂറിസം സർക്കാരിന് നല്ല ബിസിനസാണ്. പാരീസിലെത്തിയാൽ ടൂർ ഗൈഡുകൾ നിങ്ങളെ ആദ്യം ക്ഷണിക്കുക വാഴ്സായിലേക്കായിരിക്കും. പ്രിയ സുഹൃത്ത് മുദസറിനൊപ്പം കൊട്ടാരം വിടുമ്പോൾ ഓർമ വന്നത് എന്റെ നാടായ കാപ്പാട്ടെ വാസ്കോ ഡ ഗാമയുടെ സ്തുപമാണ്. 1498 ലാണ് പോർച്ചുഗീസ് നാവികൻ കാപ്പാട്ടെത്തിയത്. കടൽ മാർഗം യുറോപ്പിൽ നിന്നും ഇന്ത്യയിൽ എത്തിയ ആദ്യ യൂറോപ്യൻ നാവികൻ. ആ ചരിത്ര വരവിനുള്ള ഏക സ്മാരകം ചെറിയ ഒരു സ്തൂപമാണ്. അതാവട്ടെ കാട് പിടിച്ച് കിടക്കുന്നു. നമ്മുടെ ടൂറിസം വകുപ്പിന് അതിനെ സംരക്ഷിക്കാനൊന്നും താൽപര്യമില്ല. ആ സ്തൂപം പാരീസിലോ മറ്റോ ആയിരുന്നെങ്കിലോ.... ലോകത്തെ ആകർഷിക്കുന്ന വിനോദ സഞ്ചാര സ്പോട്ടാവുമായിരുന്നു.



# മനസ് പിടഞ്ഞ്

സി ജമാൽ
നിലമ്പൂർ



മമ്പാട് ഓടായിക്കൽ ബ്രിഡ്ജിന് സമീപം ചാലിയാർ പുഴയിൽ നിന്നും വ്യാഴാഴ്ച ഉച്ചയോടെ കിട്ടിയ മൃതദേഹം വൈറ്റ് ഗാർഡ് അംഗങ്ങളും അഗ്നിരക്ഷാസേനയും ആംബുലൻസിലേക്ക് കൊണ്ടുപോകുന്നു

കേരളം കണ്ട ഏറ്റവും വലിയ ദുരന്തഭൂമിയായി മാറുന്ന വയനാട് ചൂരൽമല-മുണ്ടക്കൈ മേഖലയിൽ നിന്നും ഒഴുകിയെത്തുന്ന അംഗഭംഗം വന്ന ശരീരങ്ങൾ കണ്ടു കണ്ട് മനസു മരവിച്ചിരിക്കുകയാണ് നിലമ്പൂർ ദേശം. വെല്ലാർമലയിൽ നിന്നും പുറപ്പെട്ട് മുണ്ടക്കൈയും ചൂരൽമലയും സൂചിപ്പാറ വെള്ളച്ചാട്ടവും കടന്നാണ് മഹാ സങ്കടം മലപ്പുറം ജില്ലയിലെ നിലമ്പൂരിലേക്കൊഴുകിയെത്തുന്നത്. പുഴയോളങ്ങളിലേക്ക് കണ്ണുനട്ട് ഇടവേളയില്ലാതെ ചാലിയാറിന്റെ ഓരത്ത് മൃതശരീരങ്ങൾ ഒഴുകി വരുന്നതും കാത്തിരിക്കുന്ന സന്നദ്ധ സേനാംഗങ്ങൾ നൊമ്പരകാഴ്ചയാവുകയാണ്. ചെറിയൊരിളക്കം കണ്ടാൽ സ്വശരീരം പോലും മറന്ന് പുഴയിലേക്കെടുത്തു ചാടുന്നവർ. മനുഷ്യനേത് മൃഗമേത് എന്നു പോലും മനസിലാക്കാൻ പറ്റാത്ത ഇറച്ചി കഷ്ണങ്ങളും എല്ലിൻകൂടും ഒഴുകിയെത്തുന്നവയിലുണ്ട്. എല്ലാം പെറുക്കി കൂട്ടി അധികൃതരുടെ മുന്നിലെത്തിക്കുന്ന തിരക്കിലാണിവർ.

ഔദ്യോഗിക കണക്കു പ്രകാരം ഇന്നലെ വരെ 58 മൃതദേഹങ്ങളും 95 ശരീര ഭാഗങ്ങളുമാണ് ഇതുവരെ ആകെ ലഭിച്ചത് . ഇതിൽ 146 എണ്ണം പോസ്റ്റ്മോർട്ടം പൂർത്തിയാക്കി. 143 എണ്ണം വയനാട്ടിലേക്കു മാറ്റി. മൂന്ന് മൃതദേഹം നിലമ്പൂരിൽ നിന്നുതന്നെ ബന്ധുക്കൾക്ക് കൈമാറി. ശരീരാവശിഷ്ടമൊഴികെ എല്ലാം വയനാട് മേപ്പാടി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലേക്കാണ് മാറ്റിയത്. ശരീരാവശിഷ്ടങ്ങൾ വൈത്തിരി ഡോ. മൂപ്പൻസ് മെഡിക്കൽ കോളജിലേക്കും മാറ്റി. മേപ്പാടിയിലെത്തിച്ച മൃതദേഹങ്ങൾ തിരിച്ചറിയുന്നതിനായി ബന്ധുക്കളെ കാണിച്ചു. ഒട്ടുമിക്ക മൃതദേഹങ്ങളും ഇന്നലെ രാത്രിയോടെ തന്നെ തിരിച്ചറിഞ്ഞു. അവയെല്ലാം ഉടൻ തന്നെ ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. ഇന്നലെ ഉച്ചക്ക് ശേഷം പോത്തുകൽ മുണ്ടേരിയിൽ നിന്നും 14 കിലോമറ്റീർ അകലെയുള്ള പരപ്പൻപാറയിൽ ഉൾവനത്തിൽ നിന്നും ശരീര ഭാഗങ്ങളടക്കം 5 മൃതദേഹം ലഭിച്ചു. ഇ.ആർ.എഫ് അംഗങ്ങൾ ചുമലിൽ ഏറ്റിയും ട്രാക്ടറിലുമാണ് മൃതദേഹങ്ങൾ കൊണ്ടുവന്നത്. ഇന്നലെ രാത്രി ഏറെ വൈകിയാണ് ഇവ നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിയത്. വയനാട്ടിലെ സൂചിപ്പാറ വെള്ളച്ചാട്ടത്തിൽ നിന്നും വെറും 6 കിലോമീറ്റർ ദൂരെ നിന്നാണ് അഞ്ച് മൃതദേഹവും കിട്ടിയത്. വലിയ പാറകളും കടപുഴകിയ മരങ്ങളും ഈ ഭാഗങ്ങളിൽ പുഴയിൽ വന്നടിഞ്ഞിട്ടുണ്ടെന്ന് തിരിച്ചിൽ സംഘത്തിലുള്ളവർ പറഞ്ഞു. കനത്ത ഒഴുക്കിൽ തിരച്ചിൽ ശ്രമകരമായ ജോലിയാണെന്നും അവർ പറഞ്ഞു. പലപ്പോഴും ഇ.ആർ.എഫ് അംഗങ്ങൾ ഒഴുക്കിൽപെട്ടു. അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. ഉരുൾപൊട്ടൽ ദുരന്തത്തിന്റെ മൂന്നാം ദിനത്തിലും അതിരാവിലെ തന്നെ ഇ.ആർ.എഫും യൂത്ത് ലീഗ് വൈറ്റ് ഗാർഡ് അടക്കമുള്ള സന്നദ്ധ സംഘടനാ പ്രവർത്തകരും നാട്ടുകാരും ഫയർഫോഴ്സ്, പൊലീസ്, വനം ഉദ്യോഗസ്ഥരും തിരിച്ചിൽ തുടങ്ങി. പോത്തുകൽ, മുണ്ടേരി മേഖലയിൽ ഇന്നലെ നടത്തിയ തിരച്ചിലിൽ കൂടുതലൊന്നും കണ്ടെത്താനായില്ല. എന്നാൽ മമ്പാട് ചാലിയാർ പുഴയുടെ വിവിധ കടവുകളിൽ നടത്തിയ തിരച്ചിലിൽ ഓടായിക്കൽ റഗുലേറ്റർ കം ബ്രിഡ്ജിൽ നിന്നും ഒരു പുരുഷ ശരീരവും ടാണ കടവിനടുത്ത് നിന്നും ഒരു കാലിന്റെ ഭാഗവുമാണ് ലഭിച്ചത്.



മുണ്ടക്കൈയിലും ചൂരൽമലയിലും ഉരുൾപൊട്ടലിൽ മരിച്ചവരുടെ മൃതദേഹ ഭാഗങ്ങൾ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എത്തിക്കുന്നു

ഉരുൾപൊട്ടലിൽ അകപ്പെട്ടവരെ കണ്ടെത്താനായി ചാലിയാർ പുഴയുടെ എടവണ്ണ ഭാഗങ്ങളിലെ കടവുകളിലും ഇന്നലെ തിരച്ചിൽ നടത്തി. ബുധനാഴ്ച വാഴക്കാട് നിന്നും ഒരു മൃതദേഹം ലഭിച്ചിരുന്നു. ഇതോടെയാണ് എടവണ്ണ മേഖലകളിലും പരിശോധന നടത്താൻ തീരുമാനിച്ചത്. ജില്ലാ പൊലീസ് മേധാവിയുടെ നിർദ്ദേശപ്രകാരമാണ് ചാലിയാർ പുഴയിൽ എടവണ്ണ, ഓതായി, മമ്പാട്, കുണ്ടുതോട്, കൊളപ്പാട് പാവണ്ണ, തുടങ്ങിയ മേഖലകളിലൂടെ പരിശോധനകൾ നടത്തുന്നത്. എമർജൻസി റെസ്ക്യൂ ഫോഴ്സ് എടവണ്ണ യൂണിറ്റിന്റെ ബോട്ടിലാണ് ഈ മേഖലകളിൽ പൊലീസ് പരിശോധന നടത്തുന്നത്.

ഉരുൾപൊട്ടൽ നടന്ന വയനാട് മുണ്ടക്കൈ, ചൂരൽമല എന്നിവയോട് ഏറ്റവും അടുത്തുള്ള പോത്തുകല്ല് പഞ്ചായത്തിലെ കടവുകളിൽ നിന്നാണ് ആദ്യം മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നതെങ്കിൽ പിന്നീട് കിലോമീറ്ററുകൾ താഴെ വാഴക്കാട് നിന്നടക്കം മൃതദേഹങ്ങൾ ലഭിച്ചു. ചാലിയാറിൽ നിന്ന് ലഭിച്ച എല്ലാ മൃതദേഹങ്ങളുടെയും ഇൻക്വസ്റ്റ്, പോസ്റ്റ്മോർട്ട നടപടികൾ നിലമ്പൂർ ജില്ലാ ആശുപത്രിയിലാണ് നടക്കുന്നത്. ഇതുവരെ ലഭിച്ച മൃതദേഹങ്ങളിൽ ഇനി 4 എണ്ണം മാത്രമേ വയനാട്ടിലേക്ക് കൊണ്ടുപോകാനുള്ളൂ.

## ദുരന്തഭീതിയിൽ ഊരകം മല

### കണ്ണമംഗലത്തെ കരിങ്കൽ ക്വാറികളുടെയും ക്രഷറുകളുടെയും പ്രവർത്തനം നിയന്ത്രിക്കണമെന്ന് ഗ്രാമപഞ്ചായത്ത്

വേങ്ങര: കണ്ണമംഗലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന - കരിങ്കൽ ക്വാറികളുടെയും ക്രഷറുകളുടെയും പ്രവർത്തനം നിയന്ത്രികണമെന്ന് പ്രമേയം. ഈ വിഷയം ചൂണ്ടിക്കാട്ടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് യു.എം. ഹംസ ജില്ലാ കലക്ടർക്ക് പ്രത്യേക നിവേദനം നൽകി. കേരളത്തിൽ ശക്തമായ കാലവർഷ കെടുതികളുടെ പശ്ചാത്തലത്തിൽ കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഗ്രാമപഞ്ചായത്ത് തല ടാസ്ക് ഫോഴ്സ് അടിയന്തര യോഗം ചേർന്നു. കാലാവസ്ഥാ വ്യതിയാനം മുഖേന ഏതെങ്കിലും വിധത്തിൽ പഞ്ചായത്തിൽ ദുരന്തം സംഭവിക്കുകയാണെങ്കിൽ അത് ഊരകം മലയിലെ ഉരുൾപൊട്ടൽ കാരണമായിരിക്കുമെന്ന് യോഗം വിലയിരുത്തി.സമുദ്ര നിരപ്പിൽ നിന്നും ഏകദേശം രണ്ടായിരം അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നതും ചെങ്കുത്തായി കിടക്കുന്നതുമായ ഊരകം മല ജൈവ വൈവിധ്യങ്ങളുടെ കലവറ കൂടിയാണ്. കരിങ്കൽ പാറയും മണ്ണും വലിയ ഉരുളൻ കല്ലുകളും ഇടകലർന്ന രീതിയിലാണ് ഈ മലയുടെ ഘടന. എന്നാൽ കഴിഞ്ഞ പത്ത് വർഷത്തിലധികമായി ഊരകം മലയിൽ ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ നിരവധി കരിങ്കൽ ക്വാറി, ക്രഷറുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയുടെ എല്ലാം പ്രവർത്തനം ആധുനിക രീതിയിലുള്ള മെഷിനറികൾ ഉപയോഗിച്ച് വളരെ പെട്ടൊന്ന് തന്നെ കരിങ്കല്ല് പാറകൾ പൊട്ടിച്ചെടുക്കുന്ന രീതിയിലാണ്. മലയിലെ കരിങ്കല്ല് പാറകളും കുന്നുകളും ഈ രീതിയിൽ പൊട്ടിക്കുകയാണെങ്കിൽ അവിടെ മണ്ണും ഉരുളൻ കല്ലുകളും മാത്രം അവശേഷിക്കും. കിലോമീറ്ററുകളോളം വിസ്തൃതിയിൽ ഇങ്ങനെ നിരന്ന് കിടക്കുന്ന മണ്ണിൽ ശക്തമായ മഴ പെയ്താൻ അതുമൂലം ഉരുൾപൊട്ടൽ ഉണ്ടാവുകയും അതിന്റെ ഭീതി പറഞ്ഞറിയിക്കാൻ പറ്റാത്തതും നിലവിൽ വയനാട്ടിലെ ചൂരൽമലയിൽ സംഭിച്ച ഉരുൾപ്പൊട്ടൽ ദുരന്തത്തേക്കാൾ ഭയാനകരവുമായിരിക്കും. ഇത് കണ്ണമംഗലം ഗ്രാമപഞ്ചായത്തിനെ മാത്രമല്ല സമീപ പഞ്ചായത്തുകളെയും സാരമായി ബാധിക്കുമെന്ന് യോഗം വിലയിരുത്തി.

നിലവിൽ മറ്റു വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ട രേഖകളുമായി പഞ്ചായത്തിൽ അപേക്ഷിച്ചാൽ ലൈസൻസ് നൽകുകയല്ലാതെ പഞ്ചായത്തിന് മറ്റ് നിവൃത്തിയില്ലാത്ത സാഹചര്യമാണുള്ളത്. അതിനാൽ മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതികൾ നൽകുന്നതിന് മുമ്പ് പഞ്ചായത്തിനെയും പരിസരവാസികളെയും കൂടി കേൾക്കുന്നതിന് വേണ്ട സാഹചര്യമൊരുക്കേണ്ടതാണ് എന്ന് പ്രമേയത്തിൽ ആവശ്യപ്പെടുന്നു. പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതി അനുസരിച്ച് കരിങ്കല്ല് ക്വാറികൾക്കും ക്രഷറുകളുടെയും പ്രവർത്തനത്തെ സഹായിക്കുന്ന തരത്തിലാണ്. എന്നാൽ ഉയർന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന ഇത്തരം ക്വാറികൾക്ക് താഴെ പഞ്ചായത്തിൽ വൻതോതിൽ വീടുകളും ജനവാസവുമുണ്ട്. ഉയർന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന ഈ ക്വാറികൾ ജനങ്ങളുടെ ജീവനും സ്വത്തിനും, പഞ്ചായത്തിന്റെ ജൈവവൈവിധ്യങ്ങൾക്കും വൻ ഭീഷണിയാകാൻ സാധ്യതയുണ്ടെന്ന് യോഗം വിലയിരുത്തി. കണ്ണമംഗലം പഞ്ചായത്തിന്റെ ജലസ്രോതസ്സായ ചേറൂർ തോട്ടിലേക്ക് ചെളിയും മണ്ണും ഒഴുക്കി വിടാറുമുണ്ട്. ഇത് മൂലം തോടിന്റെ സ്വാഭാവിക ആഴം കുറഞ്ഞത് ചെറിയ മഴ പെയ്യുമ്പോൾ തന്നെ തോട് കരകവിയാനും അതുമൂലം കൃഷി നാശവും മറ്റും സംഭവിക്കാനും കാരണമാകുന്നുണ്ട്. മഴയില്ലാത്തപ്പോൾ പോലും തോട് മലിനമായി ഒഴുകുന്നത് മൂലം പൊതുജനങ്ങൾക്ക് തോട് പ്രയോജനപ്പെടുത്താൻ സാധിക്കാതെ വരികയും തോടിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥയെ തകിടം മറിക്കുകയും ചെയ്തിട്ടുണ്ട്. കരിങ്കൽ ക്വാറികൾക്കും ക്രഷറുകൾക്കും ലൈസൻസ് നൽകുന്നതിന് എൻ.ഒ.സിയോ അനുമതിയോ നൽകുമ്പോൾ ബന്ധപ്പെട്ട നിബന്ധനകൾ പൂർണമായും പാലിക്കുന്നുണ്ടോ എന്ന് നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം മാത്രമേ നടപടി സ്വീകരിക്കാവൂ എന്നും, ക്വാറികൾ പ്രവർത്തിച്ച് വരുന്നത് ബന്ധപ്പെട്ട നിബന്ധനകൾ പാലിച്ച് കൊണ്ടാണോ എന്ന് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനും ബന്ധപ്പെട്ട മൈനിങ് ആന്റ് ജിയോളജി, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, ഫയർ ആന്റ് റെസ്ക്യൂ, മലിനീകരണ നിന്ത്രണ ബോർഡ്, സ്റ്റേറ്റ് എൻവയോൺമെന്റ് അസെസ്സ്മെന്റ് അതോറിറ്റി, ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ് നിർദേശം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം ഉരുൾപൊട്ടൽ സാധ്യതയുള്ള പഞ്ചായത്തുകളുടെ ലിസ്റ്റിൽ ഈ പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തി ഉരുൾപ്പൊട്ടൽ സാധ്യതാ പഠനങ്ങളുൾപ്പെടെ നടത്തുന്നതിന് വേണ്ട അടിയന്തര പരിഗണന നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പ്രമേയത്തിൽ അഭ്യർത്ഥിച്ചു.

## ജില്ലയിൽ 66 ക്യാമ്പുകളിലായി 1280 കുടുംബങ്ങൾ

മലപ്പുറം: മഴക്കെടുതി മൂലം ജില്ലയിൽ 66 ക്യാമ്പുകളിലായി 1280 കുടുംബങ്ങളിലെ 3475 പേരെ മാറ്റിപ്പാർപ്പിച്ചതായി ജില്ലാകലക്ടർ വി.ആർ വിനോദ് അറിയിച്ചു. ഏറനാട് താലൂക്കിൽ 12 ക്യാമ്പുകളിലായി 82 കുടുംബങ്ങളും തിരൂരിൽ 17 ക്യാമ്പുകളിലായി 448 കുടുംബങ്ങളുമാണുള്ളത്. തിരൂരങ്ങാടിയിൽ 13 ക്യാമ്പുകളിൽ 399 കുടുംബങ്ങളും പെരിന്തൽമണ്ണയിൽ 10 ക്യാമ്പുകളിൽ 52 കുടുംബങ്ങളുമാണ് നിലവിലുള്ളത്. പൊന്നാനിയിൽ ഒമ്പത് ക്യാമ്പുകളിൽ 187 കുടുംബങ്ങളാണുള്ളത്. നിലമ്പൂരിൽ നാല് ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. ഇവിടെ 110 കുടുംബങ്ങളുണ്ട്. കൊണ്ടോട്ടി താലൂക്കിലുള്ള ഒരു ക്യാമ്പിൽ രണ്ട് കുടുംബങ്ങളാണ് കഴിയുന്നത്.

### വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും അവധി

മലപ്പുറം: ശക്തമായ മഴ തുടരുന്ന പശ്ചാത്തലത്തിൽ ജില്ലയിലെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ വി.ആർ വിനോദ് ഇന്ന് അവധി പ്രഖ്യാപിച്ചു. അംഗൻവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ എന്നിവക്കെല്ലാം അവധി ബാധകമാണ്.

## മൂന്നാം ദിനം ചാലിയാറിൽ നിന്ന് പതിനാല് മൃതദേഹങ്ങൾ കൂടി



പരപ്പൻപാറയിൽ നിന്നും ലഭിച്ച മൃതദേഹഭാഗങ്ങളുമായി ഡിങ്കി ബോട്ടിൽ ചാലിയാർ പുഴ കടക്കുന്ന അഗ്നിരക്ഷാ, ഇ.ആർ.എഫ് സംഘം

എടക്കര: വയനാട് മുണ്ടക്കൈ ദുരന്തത്തിൽ ചാലിയാർ പുഴയിലൂടെ ഒഴുകിയെത്തിയ പതിനാല് മൃതദേഹഭാഗങ്ങൾ കൂടി മൂന്നാം ദിനത്തിലെ തിരച്ചിലിൽ രക്ഷാപ്രവർത്തകർ കണ്ടെടുത്തു. രാവിലെ പൂക്കോട്ടുമണ്ണ റഗുലേർ കം ബ്രിഡ്ജിന്റെ ചുവട്ടിൽ അടിഞ്ഞ മരങ്ങൾ നീക്കം ചെയ്യുമ്പോഴാണ് അരക്ക് മുകളിലേക്കുള്ള ഒരു പുരുഷന്റെ മൃതദേഹം കണ്ടെത്തിയത്. ഇവിടെ നിന്നും ഒരു ശരീരഭാഗം കൂടി രക്ഷാപ്രവർത്തകർ കണ്ടെടുത്തു. വയനാട് മലപ്പുറം ജില്ലകളുടെ അതിർത്തി വനമായ പരപ്പൻപാറക്ക് നാല് കിലോമീറ്റർ മുകളിൽ സൂചിപ്പാറ വെള്ളച്ചാട്ടത്തിന് സമീപത്തുനിന്നുമാണ് ഉച്ചയോടെ മറ്റ് മൃതദേഹങ്ങൾ ലഭിച്ചത്. പതിനാല് മൃതദേഹ ഭാഗങ്ങളുമാണ് പരപ്പൻപാറയിൽ നിന്നും കിട്ടിയത്. മുണ്ടേരി തലപ്പാലിയിൽ നിന്നും പതിനാറ് കിലോമീറ്റർ അകലെ ഉൾവനത്തിലായിരുന്നു മൃതദേഹങ്ങൾ. രാവിലെ ആറ് മണിക്ക് പുറപ്പെട്ട സംഘം ഉച്ചയോടെയാണ് മൃതദേഹ ഭാഗങ്ങൾ കണ്ടെത്തി ശേഖരിച്ചത്. ഇവിടെ നിന്നും മൃതദേഹങ്ങൾ ചുമന്ന് കൊണ്ടുവരിക അസാധ്യമായതിനാൽ എയർ ലിഫ്റ്റിങ് സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ഇവർ ആരാഞ്ഞിരുന്നു. എന്നാൽ കൊടും വനമായതിനാൽ എയർ ലിഫ്റ്റിങ് പ്രായോഗികമല്ലെന്ന് വിലയിരുത്തി. ഇതേത്തുടർന്ന് അഗ്നിരക്ഷാ സേനയും ഇ.ആർ.എഫും പതിനാറ് കിലോമീറ്റർ ദുർഘട വനപാതയിലൂടെ മൃതദേഹങ്ങൾ ചുമന്ന് പി.സി.കെയുടെ റബർ തോട്ടം വരെ എത്തിച്ചു. പിന്നീട് ട്രാക്ടറിൽ കയറ്റി വാണിയംപുഴ ഊരിന് സമീപം എത്തിക്കുകയും ഡിങ്കി ബോട്ടിൽ ചാലിയാർ പുഴ കടത്തുകയുമായിരുന്നു. രാത്രി എട്ട് മണിയോടെയാണ് മൃതദേഹങ്ങൾ ആംബുലൻസിൽ കയറ്റി നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് കൊണ്ടുപോയത്. ചാലിയാർ പുഴയുടെ ഓടായിക്കൽ റഗുലേറ്റർ കം ബ്രിഡ്ജിന് ചുവട്ടിൽനിന്നും, വാഴക്കാട് നിന്നും ഓരോ മൃതദേഹങ്ങൾ കൂടി ഇന്നലെ നടന്ന തിരച്ചിലിൽ കണ്ടെടുത്തു. ഇതോടെ മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരിച്ചവരുടേതായി ചാലിയാർ പുഴയിൽ നിന്നും 58 മൃതദേഹങ്ങളും, നൂറിൽപരം ശരീര ഭാഗങ്ങളുമാണ് കണ്ടെടുക്കാനായത്. 32 പുരുഷന്മാരുടെയും 23 സ്ത്രീകളുടെയും 2 ആൺകുട്ടികളുടെയും ഒരു പെൺകുട്ടിയുടെയും മൃതദേഹങ്ങളും ശരീരഭാഗങ്ങളും ചാലിയാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ലഭിച്ചു. പരപ്പൻപറയിൽ നിന്ന് ലഭിച്ച പതിമൂന്ന് മൃതദേഹഭാഗങ്ങൾകൂടി പോസ്റ്റ്മോർട്ടം നടത്തി പരിശോധനകൾക്ക് വിധേയമാക്കാനുണ്ട്.

## കണ്ണീർമഴയിൽ തേങ്ങലടങ്ങാതെ കരുവാരകുണ്ടും

വി.എച്ച് അൻവർസാദത്ത്
കരുവാരകുണ്ട്



ബീരാനും മകൻ നസീറും

ഇരുൾ വെളുക്കും മുമ്പേ ജീവനും ജീവിതവും സമ്പാദ്യവും കാണാമറയത്തേക്കൊഴുകിയ വയനാട്ടിലെ വൻ ദുരന്തത്തിൽ തേങ്ങലടങ്ങാതെ കരുവാരകുണ്ടുകാരും. ചൂരൽ മലയിൽ ഉരുൾപൊട്ടലിൽ നിരവധി കുടുംബങ്ങൾ ഒഴുകിപ്പോയതിൽ ഒരു കുടുംബം കരുവാരകുണ്ട് തരിശ് സ്വദേശി ഏറക്കാടൻ മുഹമ്മദ് ഇ.സിയുടെ ജ്യേഷ്ഠനും ഭാര്യയും മക്കളുമടങ്ങുന്നതായിരുന്നു. ആറംഗങ്ങളുള്ള ഒരു വീട്ടിലെ മുഴുവൻ പേരുമാണ് ഒഴുകിപ്പോയത്. ഇവരിൽ നാലു പേരുടെ മൃതദേഹങ്ങൾ ലഭിച്ചു. കുടുംബനാഥൻ ബീരാനും മകൻ നസീറും ഇപ്പോഴും കാണാമറയത്ത് തന്നെയാണ്. ചൂരൽമലയിലെ ഏറക്കാടൻ നബീസ, അനസ്, നിയാസ്, റജീന എന്നിവരുടെ മൃതദേഹങ്ങൾ ലഭിക്കുകയും സംസ്കരിക്കുകയും ചെയ്തു. മുഹമ്മദിന്റെ ജ്യേഷ്ഠൻ ബീരാൻ ചെറുപ്പകാലത്ത് തൊഴിൽ തേടി വയനാട്ടിലേക്ക് കുടിയേറിയതായിരുന്നു. തുടർന്ന് വയനാട്ടിൽ നിന്ന് തന്നെ വിവാഹം കഴിക്കുകയും കുടുംബസമേതം അവിടെ താമസമാക്കുകയും ചെയ്തു. എന്നാൽ മുഹമ്മദ് ജ്യേഷ്ഠനും കുടുംബവുമായും അടുത്ത ബന്ധമാണ് പുലർത്തിയിരുന്നത്. ഇടയ്ക്കിടെ അങ്ങോട്ടുമിങ്ങോട്ടും സന്ദർശിക്കുകയും വിവരങ്ങൾ ആരായുകയും ചെയ്തിരുന്നു. ബീരാൻ വയനാട്ടിൽ കാപ്പി, ഏലം തുടങ്ങിയ മലഞ്ചരക്ക് വിഭവങ്ങൾ ഒന്നിച്ച് പാട്ടത്തിനെടുത്ത് വിൽപ്പന നടത്തുന്ന തൊഴിലാണ് ചെയ്തിരുന്നത്. കണ്ടു കിട്ടാത്ത മകൻ നസീർ അസാമാന്യ ധൈര്യം പ്രകടിപ്പിക്കുന്ന ആളായിരുന്നുവത്രെ. നാട്ടിൽ നടക്കുന്ന ഏത് ദുരന്തങ്ങളിലും ആദ്യം ഓടിയെത്തി രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നതും നസീറായിരുന്നു. തന്റെ കരാട്ടെ പരിജ്ഞാനവും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് നസീറിന് മുതൽക്കൂട്ടായിരുന്നു. ദുരന്തവാർത്ത അറിഞ്ഞ ഉടനെ തന്നെ മുഹമ്മദും മക്കളും കുടുംബാംഗങ്ങളും ചൂരൽ മലയിലേക്ക് പുറപ്പെട്ടു. ബീരാന്റെ അവശേഷിക്കുന്ന മക്കളെ കണ്ട് രക്ഷാപ്രവർത്തനത്തിലും മറ്റും പങ്കാളികളാവുകയും ചെയ്തു. ലഭിച്ച നാല് പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞ് സംസ്കരിക്കാൻ നേതൃത്വം നൽകി. ബീരാന്റെയും നസീറിന്റെയും വിവരങ്ങൾക്കായി കാത്തിരുന്നെങ്കിലും നിരാശയായിരുന്നു ഫലം. മാസത്തിൽ ഒരിക്കലെങ്കിലും കുടുംബസമേതം വയനാട്ടിലേക്ക് പോകാനും വിടപറഞ്ഞുപോയ പിതാവിന്റെയും മാതാവിന്റെയും ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും സ്വന്തം ജ്യേഷ്ഠൻ ഇനിയില്ലെന്നത് മുഹമ്മദിനെയും കുടുംബത്തെയും തീരാ സങ്കടത്തിലാക്കി.

## പുഴ കേന്ദ്രീകരിച്ചുള്ള തിരച്ചിൽ; ഓടായിക്കലിലേക്കും എടവണ്ണയിലേക്കും

എടവണ്ണ: വയനാട് മേപ്പാടി ചൂരൽമല മുണ്ടക്കൈ ഉരുൾ പൊട്ടലിൽ ദുരന്തത്തിൽ മരണമടഞ്ഞവരുടെ മൃതദേഹങ്ങൾക്ക് വേണ്ടിയുള്ള തിരച്ചിൽ ചാലിയാർ പുഴ കേന്ദ്രീകരിച്ച് മൂന്നാം ദിനവും തുടരുകയാണ്. മലപ്പുറം ജില്ലയിലെ ചാലിയാർ പുഴയുടെ വിവിധ കടവുകളിൽ നിന്നാണ് മൃതശരീരങ്ങളും, ശരീര ഭാഗങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നത്. അഗ്നിരക്ഷാസേനയും, സന്നദ്ധ പ്രവർത്തകരും, നാട്ടുകാരും ചേർന്നാണ് രാവിലെ മുതൽ വൈകിട്ട് ഇരുട്ടുന്നത് വരെ തിരച്ചിൽ നടത്തുന്നത്. എടക്കര പോത്തുകല്ല്, നിലമ്പൂർ ഭാഗങ്ങളിൽ നിന്നും തുടങ്ങിയ തിരച്ചിൽ ബുധനാഴ്ചയോടെ മമ്പാട് ഓടായിക്കൽ, എടവണ്ണ ഭാഗങ്ങളിലേക്കും വ്യാപിപ്പിച്ചു. ഓടായിക്കൽ ബ്രിഡ്ജിന് സമീപം വ്യാഴാഴ്ച രാവിലെ എട്ടുമണിയോടെ തുടങ്ങിയ തിരച്ചിലിൽ ഉച്ചയോടെ ഒരു പുരുഷ മൃതദേഹവും, ഒരു ശരീരഭാഗവും കണ്ടെടുത്തു. നാട്ടുകാരുടെയും, സമീപവാസികളുടെയും സംശയത്തെ തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചതിന് പിന്നാലെയായിരുന്നു ഇവിടങ്ങളിൽ പരിശോധന നടത്തിയത്. അടുത്ത ദിവസങ്ങളിലും ചാലിയാറിന്റെ വിവിധ ഭാഗങ്ങളിൽ പരിശോധന നടത്തും.

## ഭക്ഷ്യകിറ്റുമായി കേന്ദ്രസേന ഹെലികോപ്റ്ററെത്തി

എടക്കര: വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് ദുരിതത്തിലായവർക്ക് ഭക്ഷ്യ കിറ്റുമായി കേന്ദ്രസേനയുടെ ഹെലികോപ്റ്റർ പോത്തുകല്ലിലെത്തി. വ്യാഴാഴ്ച ഉച്ചക്ക് ഒരു മണിയോടെയാണ് തലപ്പാലിയിൽ കേന്ദ്രസേനയുടെ ഹെലികോപ്റ്റർ ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടെയുള്ള കിറ്റുകളുമായി പറന്നിറങ്ങിയത്. ജില്ലാ പൊലീസ് മേധാവി എസ് ശശിധരൻ, ഡിവൈ.എസ്.പിമാരായ ഷാജു കെ. എബ്രഹാം, പി.കെ സന്തോഷ്, നിലമ്പൂർ ബി.ഡി.ഒ എ.ജെ സന്തോഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിദ്യാരാജൻ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ, റവന്യൂ അടക്കമുള്ള ഉദ്യോഗസ്ഥരും സ്ഥലത്തുണ്ടായിരുന്നു. അറുപത്തിയൊമ്പത് കിറ്റുകളാണ് എത്തിച്ചത്. കിറ്റുകൾ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഏറ്റുവാങ്ങി സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി.



മുണ്ടേരി തലപ്പാലിയിൽ പറന്നിറങ്ങിയ കേന്ദ്ര സേനയുടെ ഹെലികോപ്റ്ററിൽ നിന്നും സന്നദ്ധ പ്രവർത്തകർ ഭക്ഷ്യ കിറ്റുകൾ പുറത്തിറക്കുന്നു

## തിരച്ചിലിന് നേതൃത്വം നൽകി വൈറ്റ് ഗാർഡ്

നിലമ്പൂർ:വയനാട് മുണ്ടക്കൈ ഉരുൾ പൊട്ടലിനെ തുടർന്ന് ചാലിയാറിന്റെ തീരങ്ങളിൽ ഒഴുകി എത്തിയ മൃതദേഹങ്ങൾ കണ്ടെത്തുന്നതിനും മൃത ശരീരങ്ങൾ എത്തുന്ന ജില്ലാ ഹോസ്പിറ്റൽ കേന്ദ്രീകരിച്ച് വൈറ്റ് ഗാർഡ് പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും വേണ്ടി കഴിഞ്ഞ ദിവസം നിലമ്പൂർ സി.എച്ച് സെന്റർ കേന്ദ്രീകരിച്ച് ജില്ലാ കമ്മിറ്റി ക്യാമ്പ് ഓഫീസ് തുറക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാവശ്യമായ കാര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ പോത്തുകല്ല് മുതൽ കവണക്കല്ല് കം ബ്രിഡ്ജ് വരെ വൈറ്റ് ഗാർഡ് അംഗങ്ങൾ തിരച്ചിൽ നടത്തിയിരുന്നു. ഇരുന്നൂറോളം വരുന്ന വൈറ്റ് ഗാർഡുകളാണ് തിരച്ചിലിന് നേതൃത്വം നൽകുന്നത്. ജില്ലാ കമ്മിറ്റിയുടെ നിർദേശപ്രകാരം വിവിധ നിയോജക മണ്ഡലങ്ങളിൽ നിന്ന് വന്നവരാണ് സംഘങ്ങളിലുള്ളത്. വൈറ്റ് ഗാർഡ് പ്രവർത്തകരുടെ തിരച്ചിലിനിടയിൽ ഇന്നലെ മമ്പാട് ഓടായിക്കൽ കടവിൽ നിന്ന് ഒരു മൃതശരീരം കിട്ടിയിരുന്നു. തിരച്ചിൽ ഇന്നും തുടരും. തിരച്ചിൽ നടത്തുന്ന വൈറ്റ് ഗാർഡ് പ്രവർത്തകരെ ജില്ലാ നേതാക്കൾ വിവിധ സ്ഥലങ്ങളിൽ സന്ദർശിച്ചു.

ജില്ലാ യൂത്ത് ലീഗ് പ്രസിഡന്റ് ശരീഫ് കുറ്റൂർ, ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ്, സീനിയർ വൈസ് പ്രസിഡന്റ് ഗുലാം ഹസ്സൻ ആലംഗീർ, ജില്ലാ ഭാരവാഹികളായ കെ.എം അലി,നിസാജ് എടപ്പറ്റ, ജില്ലാ പ്രവർത്തകസമിതി അംഗങ്ങളായ ജംഷിദ് മൂത്തേടം, എം.ടി അലി നൗഷാദ്, ലുക്മാൻ എടക്കര,അനീസ് കൂരാട്, യൂസഫ് അര്യൻതൊടിക, ഷറഫുദ്ദീൻ കൊടക്കാടൻ, എം.സി ഹാരിസ് മാസ്റ്റർ, സി.ടി ചെറി, ഫാഹിസ് കാഞ്ഞിരാല,അഷ്റഫ് ടാണ ശിഹാബ് കാമ്പ്രത്ത്, പി.എം സാലിഹ്, യാസർ അറഫാത്ത്, അഷ്റഫ്അയിക്കാരൻ, ഇഖ്ബാൽ കാവനൂർ, റബീഹ് മാസ്റ്റർ,സലാം കൊമ്പൻ, ഇർഷാദ് കക്കോടൻ, അർഷദ് വാണിയമ്പലം, നൗഷാദ് പാത്തിപാറ നേതൃത്വം നൽകി.



ചാലിയാറിന്റെ തീരങ്ങളിൽ തിരച്ചിലിന് നേതൃത്വം നൽകുന്ന വൈറ്റ് ഗാർഡ് പ്രവർത്തകരെ യൂത്ത് ലീഗ് ജില്ലാ ഭാരവാഹികൾ സന്ദർശിക്കുന്നു സഈദ് അൻവർ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 02 വെള്ളി
ഗൾഫ് ചന്ദ്രിക



ഉരുൾപൊട്ടലുണ്ടായ വയനാട് ദുരന്തഭൂമിയിൽ സൈന്യം നിർമിച്ച ബെയിലി പാലം തുറന്നപ്പോൾ

## വയനാട് ഉരുൾപൊട്ടൽ

# ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം: മുസ്‌ലിംലീഗ്

കൽപറ്റ: വയനാട്ടിലെ ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി വിളിച്ചു ചേർത്ത മുസ്‌ലിംലീഗ് നേതാക്കളുടെ പ്രത്യേക അവലോകന യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. ഇപ്പോൾ രക്ഷാ പ്രവർത്തനത്തിന് മുൻഗണന നൽകണം. കാണാതായ മുഴുവൻ മൃതദേഹങ്ങളും കണ്ടെത്തണം. പുഴയിലൂടെ സഞ്ചരിച്ച് കിലോമീറ്ററുകൾ ഒഴുകിയ ശേഷമാണ് നിരവധി മൃതദേഹങ്ങൾ ലഭിച്ചത്. പുഴയുടെ കൈവഴികളിൽ തങ്ങാൻ സാധ്യതയുള്ള മൃതദേഹങ്ങൾ കണ്ടെത്തണം.

മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളുടെ പുറത്ത്നിന്ന് അതിഥികളായി വന്നവർ ഉൾപ്പെടെ ദുരന്തത്തിൽ അകപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് കാണാതായവരുടെ ലിസ്റ്റ് കൂടുതൽ വിവരങ്ങൾ ശേഖരിച്ച ശേഷം പുനഃപ്രസിദ്ധീകരിക്കണം. മുസ്‌ലിംലീഗ് നേതൃത്വം ആവശ്യപ്പെട്ടു. മുണ്ടക്കൈ മേഖലയിൽ അറുപതിൽപരം വീടുകൾ മണ്ണിനടിയിലാണ്. ഇവിടെ മണ്ണ് നീക്കാൻ ആവശ്യമായ യന്ത്ര സാമഗ്രികൾ എത്തിച്ച് പരിശോധന നടത്തണമെന്ന് മുസ്‌ലിംലീഗ് ആവശ്യപ്പെട്ടു. എത്രയും പെട്ടെന്ന് ഈ വിഷയത്തിൽ പരിഹാരം കാണുമെന്ന് സർവ്വകക്ഷി യോഗത്തിൽ മുഖ്യമന്ത്രി ഉറപ്പ് നൽകി. മൃതദേഹങ്ങൾ തിരിച്ചറിയാൻ ബന്ധുക്കൾക്ക് സൗകര്യമൊരുക്കണമെന്നും ആഭരണങ്ങൾ അഴിച്ച് മാറ്റരുതെന്നും ആഭരണങ്ങൾ തിരിച്ചറിയാനുള്ള മാർഗമാണെന്നും മുസ്‌ലിംലീഗ് നിർദേശിച്ചു. ഇക്കാര്യം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പരിക്ക് പറ്റിയവരെ ചികിത്സിക്കുന്നതിന് പ്രത്യേകമായ മെഡിക്കൽ ടീമിനെ നിയോഗിക്കണമെന്നും മുസ്ലിംലീഗ് ആവശ്യപ്പെട്ടു. നഷ്ടപരിഹാരം കാലോചിതമായി വർദ്ധിപ്പിക്കണം. ദുരന്തത്തിന് ഇരയായവർക്ക് വാസയോഗ്യമായ സ്ഥലം നിർണയിച്ച് പുനരധിവാസ പദ്ധതി പ്രഖ്യാപിക്കണം. മലയിടിച്ചിലും മറ്റും കാരണമായി വയനാട് ഒറ്റപ്പെട്ട് കിടക്കുകയാണ്. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ രാത്രി യാത്രാനിരോധനം എടുത്തുമാറ്റണം. പടിഞ്ഞാറത്തറ പൂഴിത്തോട് ബദൽ റോഡ് വനം വകുപ്പിന്റെ അനുമതിയോടെ തുറന്ന് കൊടുക്കണം. പ്രളയ സാധ്യത നിലനിൽക്കുന്നതിനാൽ വിദഗ്ധ സംഘം ശാസ്ത്രീയമായി പരിസ്ഥിതി ലോല പ്രദേശങ്ങളുടെ മാപ്പിങ് നടത്തി ആളുകളെ മാറ്റിപ്പാർപ്പിച്ച് ഇനിയൊരു ദുരന്തം സംഭവിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കണമെന്നും മുസ്‌ലിം ലീഗ് ആവശ്യപ്പെട്ടു. മുണ്ടക്കൈ പഴയ്ക്ക് കുറുകെ വളരെ വേഗത്തിൽ താൽക്കാലിക പാലം നിർമ്മിച്ച സൈന്യത്തെ യോഗം അഭിനന്ദിച്ചു മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡണ്ട് കെ.കെ അഹമ്മദ് ഹാജി അധ്യക്ഷത വഹിച്ചു.

മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, യൂത്ത് ലീഗ് സംസ്ഥാന പ്രസിഡണ്ട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, ഡോ.എം കെ മുനീർ, സംസ്ഥാന ഭാരവാഹികളായ ഉമ്മർ പാണ്ടികശാല, അഡ്വ. എൻ ഷംസുദ്ദീൻ എം.എൽ.എ, ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ചുമതല നൽകിയ സമിതി കൺവീനർ പി.കെ ബഷീർ എം.എൽ.എ, സംസ്ഥാന സെക്രട്ടറി സി. മമ്മൂട്ടി, യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി കെ ഫിറോസ്, സെക്രട്ടറി ടി.പി.എം ജിഷാൻ, ട്രഷറർ പി. ഇസ്മായിൽ, ഫൈസൽ ബാഫഖി തങ്ങൾ, സി.കെ മുഹമ്മദലി, സി.കെ.വി യൂസഫ്, റസാഖ് കൽപ്പറ്റ, സി. കുഞ്ഞബ്ദുല്ല, റഷീദ് വെങ്ങളം, കെ. ഖാദർ മാസ്റ്റർ, എസ്.വി കുഞ്ഞമ്മദ്, സൂപ്പി നരിക്കാട്ടേരി, എൻ.സി അബൂബക്കർ, അഹമ്മദ് പുന്നക്കൽ, എം.പി നവാസ്, ഫസൽ സി.എച്ച്, ഷാജഹാൻ എംപി, സാലിഹ്, റമീസ് അരീക്കോട്, ഹാരിഫ് സി.കെ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു. മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി ടി. മുഹമ്മദ് സ്വാഗതവും സെക്രട്ടറി കെ ഹാരിസ് നന്ദിയും പറഞ്ഞു.



ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി കൽപറ്റയിൽ വിളിച്ചുചേർത്ത മുസ്‌ലിംലീഗ് നേതാക്കളുടെ പ്രത്യേക അവലോകന യോഗം



ബെയിലി പാലത്തിലൂടെ മണ്ണുമാന്തി യന്ത്രം കയറ്റിവിടുന്നു

## ദുരന്തമുഖത്ത് നന്മഹൃദയങ്ങളുടെ കൂട്ടായ്മ കരുത്തുപകരുന്നു: ഇ.ടി

മേപ്പാടി: നൂറുകണക്കിന് പേർക്ക് ജീവൻനഷ്ടപ്പെടുകയും അതിലുമെത്രയോ അധികം പേർക്ക് സർവ്വവും ഇല്ലാതാവുകയും ചെയ്ത മുണ്ടക്കൈ ഉരുൾപൊട്ടൽ പ്രദേശത്തെ നന്മഹൃദയങ്ങളുടെ കൂട്ടായ്മ പ്രതിസന്ധികളെ അതിജയിക്കാൻ കരുത്തുപകരുമെന്ന് മുസ്‌ലിം ലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി പറഞ്ഞു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കും എ.ഐ.സി.സി സെക്രട്ടറി പ്രിയങ്ക ഗാന്ധിക്കുമൊപ്പം മേപ്പാടിയിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ അദ്ദേഹം സന്ദർശനം നടത്തി. എല്ലാം നഷ്ടപ്പെട്ടവരാണ് വിവിധ കാമ്പുകളിലായി കഴിയുന്നത്. അവർക്കായി ഭരണകൂടവും സന്നദ്ധ പ്രവർത്തകരും സ്തുത്യർഹമായ സേവനങ്ങളാണ് ചെയ്തുപോരുന്നത്. ഇത് നല്ല മാതൃകയാണ്. അപകടത്തിൽ പെട്ടവർക്കും അഭയകേന്ദ്രത്തിലെത്തിയവർക്കും ആവശ്യമായതെല്ലാം ഉറപ്പ് വരുത്തേണ്ടതുണ്ട്.

നൂറുകണക്കിന് മനുഷ്യരാണ് സദാ സേവനസജ്ജരായി കാമ്പുകൾക്കൊപ്പമുള്ളത്. ഇത് ദുരിതബാധിതരുടെ പുനരധിവാസത്തിലും തുടരണം. കാമ്പിൽ നിന്നിറങ്ങിയാലും ഇവർക്ക് കിടപ്പാടം ഇല്ലാതാവരുത്. സ്വന്തം വീടുകളിലേക്ക് മടങ്ങുന്നത് വരെ ഇവരുടെ കാര്യങ്ങൾക്ക് സർക്കാർ ഒപ്പമുണ്ടാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഡൽഹിയിൽ നിന്നാണ് ഇ.ടി മുഹമ്മദ് ബഷീർ എം.പി വയനാട്ടിലെത്തിയത്.



കണ്ണീർ വറ്റി... ഉരുൾപ്പൊട്ടലിൽ ഉറ്റവർ നഷ്ടപ്പെട്ട നിരവധി പേരാണ് ഈ മണ്ണിൽ. ദുരന്തത്തിൽ തന്റെ കുടുംബത്തിലെ ഉപ്പയും ഉമ്മയും മക്കളുമടക്കം പതിനൊന്നോളം പേർ നഷ്ടപ്പെട്ട വീട്ടമ്മ. മേപ്പാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ നിന്നുള്ള കാഴ്ച

കെ.ശശി



മേപ്പാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും എ.ഐ.സി.സി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധിയും മുസ്‌ലിംലീഗ് ദേശീയ ഓർഗനൈസിങ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പിയും സന്ദർശിച്ചപ്പോൾ



ഉരുൾപൊട്ടലുണ്ടായ വിലങ്ങാട് ദുരന്തഭൂമിയിൽ മുസ്‌ലിംലീഗ് നേതൃസംഘം സന്ദർശിക്കുന്നു

## പുനരധിവാസം വേഗത്തിലാക്കണം: ഡോ.എം.കെ മുനീർ

കൽപ്പറ്റ: മുണ്ടക്കൈ ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ടവരുടെ പുനരധിവാസം വേഗത്തിലാക്കണമെന്ന് ഡോ.എം.കെ മുനീർ എം.എൽ.എ ആവശ്യപ്പെട്ടു. കാമ്പിൽ നിന്നിറങ്ങിയാലും സ്വന്തം വീടുകളിലേക്ക് താമസം മാറ്റാൻ കഴിയുന്നത് വരെ ഇവരുടെ താമസവാടക സർക്കാർ ഏറ്റെടുക്കണം. എല്ലാ നഷ്ടപ്പെട്ട് ജീവൻ മാത്രം ബാക്കിയായവരെ അവരർഹിക്കുന്ന ബഹുമാനത്തോടെ പരിഗണിക്കണം. ദുരന്തത്തിൽ മരണപ്പെട്ട മുഴുവൻ പേരെയും ഇതുവരെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അതിനാൽ മൃതദേഹങ്ങളിൽ നിന്ന് ലഭിച്ച ആഭരണങ്ങൾ പരിശോധിക്കാൻ ബന്ധുക്കൾക്ക് അവസരം നൽകണം. കാണാതായ മുഴുവൻ പേരെയും കണ്ടെത്തണം.രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് ജാഗ്രത പുലർത്തണം. പകർച്ചവ്യാധികളടക്കം പിടിപെടാൻ സാധ്യതയുള്ള അന്തരീക്ഷത്തിലും നൂറുകണക്കിന് പേരാണ് ദുരന്ത് മുഖത്ത് രക്ഷാപ്രവർത്തനം നടത്തണം. ഇവരുടെ ആരോഗ്യത്തിന് സർക്കാർ മുന്തിയ പരിഗണന നൽകണം. ഡോ. മുനീർ ആവശ്യപ്പെട്ടു. അട്ടമല എസ്റ്റേറ്റിൽ നിന്നും രക്ഷപ്പെടുത്തിയ അതിഥി സംസ്ഥാന തൊഴിലാളികളുടെ മക്കൾക്ക് മലയാളമറിയാത്തിനാൽ അവരുടെ ഭാഷയിൽ കൗൺസിലിംഗം നൽകാൻ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വയനാട് കലക്ടറേറ്റിൽ ചേർന്ന സർവ്വകക്ഷി യോഗത്തിലും അദ്ദേഹം പങ്കെടുത്തു.